

ഡോ. മൈക്കിൾ കാരിമറ്റം



# കുരിശിന്റെ സുവിശേഷം

mediahousecalicut.com

# കുരിശിന്റെ സുവിശേഷം



കുരിശ് ഇടർച്ചയും ഭോഷത്തവുമായിരുന്നു പലർക്കും. എന്നാൽ കുരിശിൽ മഹത്വമുണ്ടെന്ന് സെന്റ് പോൾ. എന്താണ് കുരിശിന്റെ സുവിശേഷം? അതിന്റെ ചരിത്രപരവും ദൈവശാസ്ത്രപരവും രക്ഷണീയവുമായ അർത്ഥമെന്ത്? ക്രിസ്ത്വാനുകരണത്തിന്റെ ഏറ്റം സ്ഥായിയായ ഈ വിഷയത്തെ അതീവ ലളിതമായി വായനക്കാർക്ക് മുന്നിൽ തുറന്നിട്ടിരിക്കുന്നു ഡോ. കാരിമറ്റം ഈ കൃതിയിൽ. കുരിശിൽ കിടക്കുമ്പോൾ മറ്റൊരു ദർശനതലത്തിലാണ് ക്രൂശിതൻ. ക്രൂശിത വചനങ്ങളെയും അദ്ദേഹം കുരിശിന്റെ പശ്ചാത്തലത്തിൽ വിശദീകരിക്കുന്നു. ഏതൊരു ലൈബ്രറിക്കും അനുപേക്ഷണീയമാണ് ഈ പുസ്തകം.

MEDIA HOUSE
Noor Complex
Mavoor road, Kozhikode -673 004
Ph: 9746077500, 9746440800
email: mediahousecalicut@gmail.com
www.mediahousecalicut.com

MEDIA HOUSE
375/A, Pocket 2,
Mayur Vihar Phase-1, Delhi- 110 091
Ph: 011- 43042096, 09555642600
email: mediahousedelhi@gmail.com
www.mediahouseonline.in

Price ₹ 100/-

ISBN 978-93-7495-329-7

# കുരിശിന്റെ സുവിശേഷം

*''നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്.*
*രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ.'' (1 കോറി 1, 18).*

# *കുരിശിന്റെ സുവിശേഷം*

**മൈക്കിൾ കാരിമറ്റം**

**Kurisinte Suvisesham (Malayalam)**
(Gospel of the Cross)
Michael Karimattam

Copy right: Michael Karimattam
Cover Design:
Printed at:
Distribution at:
Published by:
First Published: 1-1-2010
Price:

# ഉള്ളടക്കം

ആമുഖം.......................................................................................

ഭാഗം – I ക്രൂശിതൻ

1. ചരിത്രവസ്തുതകൾ..............................................................

2. യേശുവിന്റെ മരണം –ചരിത്രപരമായ വിശദീകരണം......

3. ദൈവികപദ്ധതി – പഴയനിയമത്തിൽ....................................

4. മുന്നറിയിപ്പുകളും വ്യാഖ്യാനവും...........................................

5. യേശുവിന്റെ ആത്മസമർപ്പണം...............................................

6. പാപപരിഹാരബലി................................................................

ഭാഗം II കുരിശിൽനിന്ന് സുവിശേഷം

7. കുരിശിലെ നിലവിളി..............................................................

8. പിതാവേ, അവരോടു ക്ഷമിക്കണമേ.....................................

9. ഇന്ന് പറുദീസായിൽ...............................................................

10. സ്ത്രീയേ, ഇതാ നിന്റെ മകൻ..............................................

11. എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു?.....................................

12. എനിക്കു ദാഹിക്കുന്നു.........................................................

13. എല്ലാം പൂർത്തിയായിരിക്കുന്നു...........................................

14. പിതാവേ, അങ്ങയുടെ കരങ്ങളിൽ......................................

ഉപസംഹാരം.............................................................................

# കുരിശിന്റെ സുവിശേഷം

## ആമുഖം

ഞായറാഴ്ച രാവിലെ ക്രിസ്ത്യാനികൾ കൂട്ടം കൂട്ടമായി പള്ളിയിൽ പോകുന്നത് ഒരു സാധാരണ ദൃശ്യമാണ്. അത്രതന്നെ വലുതല്ലാത്ത സംഘങ്ങൾ ശനിയാഴ്ചകളിലും മറ്റ് ദിവസങ്ങളിലും രാവിലെ പള്ളിയിൽ പോകാറുണ്ട്. കഴിഞ്ഞ രണ്ടായിരം വർഷമായി നിരന്തരം ആവർത്തിക്കുന്നതാണ് ഈ പ്രതിഭാസം. എന്തിനാണ് ഇവർ രാവിലെ പള്ളിയിലേക്കു പോകുന്നത്, എന്താണ് അവിടെ ചെയ്യുന്നത് എന്ന് പലരും ചിന്തിക്കുന്നുണ്ടാവും. വെറും ഒരു പ്രാർത്ഥനായോഗം മാത്രമല്ല ക്രിസ്തീയ ദേവാലയങ്ങളിൽ പ്രഭാതം തോറും നടക്കുന്നത്. ലോകചരിത്രത്തിന്റെ തന്നെ ഗതി മാറ്റുകയും ഭൂമുഖം നവീകരിക്കുകയും ചെയ്ത ഒരു സംഭവത്തിന്റെ ഓർമ്മ പുതുക്കാനും ആ സംഭവം ആഘോഷിക്കാനും വേണ്ടിയാണ് അവർ പോകുന്നത്. യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണ് ആ സംഭവം. അതിന്റെ ചരിത്രപശ്ചാത്തലവും അർത്ഥവും പ്രസക്തിയും വിശദീകരിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം.

പുസ്തകം രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് യേശുക്രിസ്തുവിന്റെ കുരിശുമരണത്തെ വിവിധ കാഴ്ചപ്പാടുകളിലൂടെ നോക്കിക്കാണാൻ ശ്രമിക്കുന്നു. ഏറ്റം സ്പഷ്ടവും വ്യക്തവുമായതിൽ തുടങ്ങി ദൈവപുത്രന്റെ കുരിശുമരണം എന്ന മഹാരഹസ്യത്തിന്റെ നിഗൂഢതകളിലേക്ക്, ദൈവവചനത്തിന്റെ വെളിച്ചത്തിൽ ചൂഴ്ന്നിറങ്ങാൻ പരിശ്രമിക്കുന്നു. ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ കുരിശുമരണത്തെ ലോകം കണ്ട ഏറ്റം വലിയ കൊലപാതകമായും പ്രവാചകന്റെ രക്തസാക്ഷി

ത്വമായും കാണാൻ കഴിയും. എന്നാൽ വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ മറ്റ് അനേകം മാനങ്ങൾ പ്രത്യ ക്ഷമാകുന്നു. മനുഷ്യസ്വഭാവം ഏറ്റെടുത്ത ദൈവപുത്രൻ സ്നേഹത്താൽ പ്രചോദിതനായി പിതാവിനർപ്പിച്ച ആത്മ ബലിയാണത്. ആ ബലിയിലൂടെ മനുഷ്യനും ദൈവവും തമ്മിലും മനുഷ്യർ പരസ്പരവും രമ്യത പുനഃസ്ഥാപി ക്കപ്പെട്ടു; മനുഷ്യന് നിത്യജീവൻ ലഭ്യമായി. അങ്ങനെ ക്രൂശിതനായ ദൈവപുത്രൻ മാനവരക്ഷകനായി.

രണ്ടാംഭാഗത്ത് കുരിശിൽനിന്നുള്ള യേശുവിന്റെ ഏഴു തിരുമൊഴികൾ വിശദമായ പഠനത്തിന് വിഷയമാ ക്കുന്നു. മനസിലാക്കാൻ ഏറ്റം വിഷമമുള്ള കുരിശിലെ നിലവിളിയിൽ തുടങ്ങി പിതാവിന്റെ കരങ്ങളിൽ ആത്മാ വിനെ സമർപ്പിക്കുന്നതുവരെയുള്ള തിരുമൊഴികൾ യേശു വാകുന്ന സുവിശേഷത്തിന്റെ സാരസംഗ്രഹമാണ്. പഴയ ഉടമ്പടി സ്ഥാപിച്ച സീനായ് മലയ്ക്കും സുവിശേഷഭാ ഷ്യങ്ങളിലൂടെ പുതിയ നിയമം അവതരിപ്പിച്ച ഗിരിപ്രഭാ ഷണത്തിന്റെ മലയ്ക്കും ഒപ്പം, അവ രണ്ടിന്റെയും മധ്യ ത്തിൽ, രണ്ടിന്റെയും പൂർത്തീകരണമായി ഉയർന്നു നില്ക്കുന്നു മോറിയാ എന്നു പഴയനിയമത്തിൽ വിളിച്ചി രുന്ന ഗാഗുൽത്താ. ആ മലയുടെ നെറുകയിൽ നാട്ടിയ കുരിശ് ലോകത്തിലെ ഏറ്റം ഉന്നതമായ പ്രസംഗപീഠമാ യി. അവിടെനിന്നൊഴുകിയ തിരുവചനങ്ങളാണ് സുവി ശേഷത്തിന്റെ അന്തഃസത്ത.

യേശുവിന്റെ കുരിശുമരണത്തെക്കുറിച്ച് സമ്പൂർണ്ണവും സമഗ്രവുമായ ഒരു പഠനമല്ല ഇത്. ഏറ്റം പ്രസക്തവും പ്രധാനവും എന്നു തോന്നിയ ചില വശ ങ്ങൾ എടുത്തു കാട്ടാനേ ഇവിടെ ശ്രമിച്ചിട്ടുള്ളൂ. ജീവിത ത്തിൽ നേരിടേണ്ടിവരുന്ന കുരിശുകളെ ശിക്ഷയും ശാപ വുമായി കരുതി നിരാശരാകാതെ, യേശുവിന്റെ കുരിശി ലുള്ള പങ്കുചേരലായികണ്ട് സ്വീകരിക്കാനും അങ്ങനെ

ക്രൂശിതൻ നല്കുന്ന രക്ഷയിൽ പങ്കുചേരാനും ആരെയെങ്കിലും ഈ വിചിന്തനങ്ങൾ സഹായിക്കുന്നെങ്കിൽ ഞാൻ കൃതാർത്ഥനായി.

# ഭാഗം I
# ക്രൂശിതൻ

# 1. ചരിത്ര വസ്തുതകൾ

രാജാക്കന്മാരുടെ പടയോട്ടങ്ങളും സാമ്രാജ്യ ങ്ങളുടെ ഉയർച്ചയും തകർച്ചയും രേഖപ്പെടുത്തുന്ന ലോക ചരിത്രത്തിന്റെ താളുകളിൽ യേശുക്രിസ്തുവിന്റെ ജീവി തത്തെയോ പ്രവർത്തനങ്ങളെയോ കുറിച്ച് ഒന്നും തന്നെ കാണുകയില്ല. കാരണം അവൻ ഒരു യുദ്ധവും നയിച്ചില്ല; ഒരു രാജ്യവും പിടിച്ചടക്കിയില്ല; ഒരു സ്മാരകവും പടു ത്തുയർത്തിയതുമില്ല. എന്നാലും ലോകചരിത്രത്തെ രണ്ടായി പിളർന്ന വ്യക്തിയാണ് യേശുക്രിസ്തു. ഇന്ന് ലോകെത്തെല്ലായിടത്തും പൊതുവേ അംഗീകരി ച്ചിരിക്കുന്ന ഏ.ഡി., ബി.സി. എന്ന കാലഗണന അവന്റെ ജീവിതത്തെ കേന്ദ്രമാക്കിയാണ് നടത്തുന്നത്. യേശുവിന്റെ ജനനത്തെ "0" വർഷമായി കരുതി, അതിനുമുമ്പുള്ള വർഷ ങ്ങളെ ബി.സി. (Before Christ ക്രിസ്തുവിനു മുമ്പ്) എന്നും അതിനുശേഷമുള്ള വർഷങ്ങളെ ഏ.ഡി. (Anno Domini=After Christ- ക്രിസ്തുവിന് ശേഷം) എന്നും എണ്ണുന്നു.

മധ്യധരണ്യാഴിയുടെ കിഴക്കെ തീരത്ത്, കേരള ത്തിന്റെ പകുതിയിൽ താഴെ വിസ്തീർണ്ണമുള്ള ഭൂപ്രദേശ മാണ് പാലസ്തീന. പുരാതനകാലം മുതലേ കാനാൻകാർ എന്ന ഒരു ജനത അവിടെ അധിവസിച്ചിരുന്നതിനാൽ *കാനാൻദേശം* എന്ന് അത് അറിയപ്പെട്ടിരുന്നു. പിന്നീട് ഫിലിസ്ത്യർ അവിടെ വാസമുറപ്പിച്ചതിനാൽ ആ പ്രദേശ ത്തിന് ഫിലിസ്ത്യരുടെ നാട് എന്ന അർത്ഥത്തിൽ *പല സ്തീനാ* എന്ന പേരു ലഭിച്ചു. അബ്രാഹത്തിനും സന്തതി കൾക്കുമായി ആ പ്രദേശം അവകാശമായി നല്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തതുകൊണ്ട് *വാഗ്ദത്തഭൂമി* എന്നും, മനുഷ്യരക്ഷ ഒരു യാഥാർത്ഥ്യമാക്കിയ സംഭവ

പരമ്പരകൾ അരങ്ങേറിയ പ്രദേശമായതിനാൽ *വിശുദ്ധ നാട്* എന്നും അത് അറിയപ്പെടുന്നു. ഇന്ന് ഇസ്രായേൽക്കാരുടെ വാസസ്ഥലമാകയാൽ *ഇസ്രായേൽ* എന്ന പേരിലാണ് ഈ ഭൂപ്രദേശത്തെ വിളിക്കുന്നത്.

ഈ പ്രദേശത്തിന്റെ വടക്കുഭാഗത്തായി ഗലീലീ ത്തടാകം എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഉൾനാടൻ ജലാശയമുണ്ട്. അവിടെനിന്ന് ഏകദേശം ഇരുപത്തഞ്ചു കിലോമീറ്റർ തെക്ക് സ്ഥിതിചെയ്യുന്ന നസ്രത്ത് എന്ന ഗ്രാമത്തിലാണ് യേശുക്രിസ്തു ജീവിച്ചിരുന്നത്. യൂദാഗോത്രത്തിൽപ്പെട്ട ഒരു മരപ്പണിക്കാരനായ ജോസഫിന്റെയും ഭാര്യ മറിയത്തിന്റെയും മകനായി യേശു അറിയപ്പെട്ടിരുന്നു. അവൻ വളർന്നത് നസ്രത്തിലാണെങ്കിലും ജനിച്ചത് ഇസ്രായേലിന്റെ തലസ്ഥാന നഗരിയായ ജറുസലേമിൽ നിന്ന് ഏകദേശം ഏഴുകിലോമീറ്റർ തെക്കുള്ള ബേദ്‌ലെഹെം എന്ന ചെറിയ പട്ടണത്തിലാണ്. ജനനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ലൂക്കാ എഴുതിയ സുവിശേഷം 1–2 അധ്യായങ്ങളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി എഴുതിയ സുവിശേഷത്തിന്റെ ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ ഈ സംഭവങ്ങളുടെ മറ്റൊരു വിവരണം കാണാം. മരപ്പണിക്കാരനായ ജോസഫിന്റെ മകനായിട്ടാണ് അറിയപ്പെട്ടിരുന്നതെങ്കിലും യഥാർത്ഥത്തിൽ യേശുവിന് മാനുഷികമായ ഒരു പിതാവില്ലായിരുന്നു. ദൈവത്തിന്റെ പ്രത്യേക പ്രവർത്തനത്താൽ തികച്ചും അത്ഭുതകരമായവിധത്തിൽ കന്യകയിൽ നിന്നാണ് യേശു ജനിച്ചത്.

*രക്ഷകൻ* എന്നാണ് *യേശു* എന്ന പേരിന്റെ അർത്ഥം. ഇത് ഒരു ഹീബ്രുനാമത്തിന്റെ ഗ്രീക്കു രൂപമാണ്. യാഹ്‌വെയാണ് രക്ഷകൻ എന്നർത്ഥമുള്ള *യെഹോഷ്വാ* എന്ന പേരിന്റെ ഹ്രസ്വരൂപമായ *ജോഷ്വാ* എന്ന പേരിൽ നിന്നാണ് *യേശു* എന്ന വാക്കുണ്ടായത്.

സുറിയാനി ഭാഷയിൽ *ഈശോ* എന്ന് ഈ പേര് അറിയപ്പെടുന്നു. ഒരേ പേരിന്റെ ഈ രണ്ടു രൂപങ്ങളും ഇന്നു പ്രചാരത്തിലുണ്ട്. രണ്ടിന്റെയും അർത്ഥം *രക്ഷകൻ* എന്നു തന്നെ. *അഭിഷേകം ചെയ്യപ്പെട്ടവൻ* എന്നാണ് ക്രിസ്തു എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം. ഇസ്രായേൽക്കാരുടെ ഇടയിൽ രാജാക്കന്മാരെയും പുരോഹിതന്മാരെയും തൈലം കൊണ്ട് അഭിഷേകം ചെയ്യുക പതിവായിരുന്നു. തങ്ങളെ രക്ഷിക്കാനായി ദൈവം ഒരാളെ പ്രത്യേകം അഭിഷേകം ചെയ്ത് അയയ്ക്കും എന്ന് അവർ വിശ്വസിച്ചിരുന്നു. ആ വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പൂർത്തീകരണമാണ് നസ്രത്തിലെ യേശു എന്ന് ഏറ്റുപറയുന്നതാണ് *യേശുക്രിസ്തു* എന്ന പേര്.

ഏകദേശം മുപ്പതു വയസ്സുവരെ നസ്രത്തിൽ ആശാരിപ്പണി ചെയ്ത് ഒരു സാധാരണക്കാരനെപ്പോലെ യേശു ജീവിച്ചു. ജനത്തെ മുഴുവൻ മാനസാന്തരത്തിനു ക്ഷണിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത സ്നാപകയോഹന്നാന്റെ പ്രവർത്തനത്തോട് അനുബന്ധിച്ചാണ് യേശു നസ്രത്തിലെ അജ്ഞാതവാസം അവസാനിപ്പിച്ച് “പരസ്യജീവിതം” ആരംഭിച്ചത്. ജനം മുഴുവൻ ജോർദ്ദാൻ നദിയിൽവച്ച് യോഹന്നാനിൽ നിന്നു സ്നാനമേറ്റു. അന്നൊരു ദിവസം യേശുവും ജോർദ്ദാനിലേക്കു വന്നു. സ്നാനം നല്കാൻ സ്നാപകൻ മടിച്ചെങ്കിലും യേശുവിന്റെ നിർബന്ധത്തിനു വഴങ്ങി. യേശു സ്നാനം സ്വീകരിച്ചപ്പോൾ അവനു മുകളിൽ സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവ് അവന്റെ മേൽ ആവസിച്ചു. അവൻ ദൈവപുത്രനാണെന്ന് സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ സ്വരം പ്രഖ്യാപിച്ചു. ഇത് യേശുവിന്റെ പരസ്യജീവിതത്തിന്റെ തുടക്കമായിരുന്നു തുടർന്ന് നാല്പത് ദിനരാത്രങ്ങൾ ഉപവാസവും പ്രാർത്ഥനയുമായി യേശു മരുഭൂമിയിൽ ചിലവഴിച്ചു.

മരുഭൂമിയിൽ നിന്നു മടങ്ങി വന്ന യേശു തന്റെ സ്വന്തം പ്രവിശ്യയായ ഗലീലിയിലാണ് പ്രവർത്തനം ആരംഭിച്ചത്. ജനങ്ങൾ ഒരുമിച്ചു കൂടുന്നിടത്തെല്ലാം അവൻ ചെന്നു. യഹൂദരുടെ പ്രാർത്ഥനാലയമായ സിനഗോഗുകളിൽ മാത്രമല്ല, തടാകതീരത്തും, മുക്കുവരുടെ തോണിയിലും, സ്വകാര്യവ്യക്തികളുടെ വീടുകളിലും പൊതുസ്ഥലങ്ങളിലും ചുറ്റി നടന്ന് അവൻ ദൈവത്തെക്കുറിച്ചു പ്രസംഗിച്ചു. 'ജനം പ്രതീക്ഷിച്ചിരുന്ന രക്ഷയുടെ സമയം സമാഗതമായി. ദൈവം സകല മനുഷ്യർക്കും തന്റെ നിരുപാധികമായ സ്നേഹം വച്ചു നീട്ടുന്നു. ഹൃദയം തുറന്നു ദൈവത്തെ സ്വീകരിക്കുവിൻ,' ഇതായിരുന്നു പ്രസംഗത്തിന്റെ രത്നച്ചുരുക്കം. സാധാരണക്കാർക്കു മനസിലാകുന്ന ഭാഷയിൽ, അവരുടെ അനുദിന ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത നിരവധി ഉദാഹരണങ്ങളിലൂടെ, ദൈവത്തെയും അവിടുത്തെ സ്നേഹത്തെയും പരിപാലനയെയും കുറിച്ച് അവൻ ജനങ്ങളെ പഠിപ്പിച്ചു.

ദൈവം സൗജന്യമായി വച്ചു നീട്ടുന്ന സ്നേഹത്തിന്റെ ദാനത്തെ *ദൈവരാജ്യം* എന്നാണ് അവൻ വിശേഷിപ്പിച്ചത്. സകലരും അതിലേക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നു. അതു സ്വീകരിക്കാൻ ഒരേ ഒരു നിബന്ധനയേ ഉള്ളൂ: വിശ്വസിക്കുക. പാപികളായ തങ്ങളെ ദൈവം തന്റെ സ്വന്തം മക്കളായി സ്വീകരിക്കുന്നു എന്നു വിശ്വസിക്കാൻ യേശു ജനത്തെ പ്രേരിപ്പിച്ചു. ഈ വിശ്വാസം ഒരു മാനസാന്തരത്തിലൂടെ പ്രകടമാക്കണം എന്ന് അവൻ ഉദ്ബോധിപ്പിച്ചു. മാനസാന്തരവും വിശ്വാസവും പുതിയൊരു ജീവിതശൈലിക്കു രൂപം കൊടുക്കണം. അതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വളരെ ലളിതവും വ്യക്തവുമായ രീതിയിൽ അവൻ അവതരിപ്പിച്ചു.

തന്റെ വാക്കുകൾ സത്യമാണെന്ന് അവൻ പ്രവൃത്തികളിലൂടെ തെളിയിച്ചു. അവന്റെ ഒറ്റവാക്കാൽ കുഷ്ഠ

രോഗികൾ ശുദ്ധരാക്കപ്പെട്ടു. തളർവാതം ബാധിച്ചവർ എണീറ്റു നടന്നു; കുരുടർക്കു കാഴ്ചയും ചെകിടർക്കു കേൾവിയും ഊമർക്കു സംസാര ശക്തിയും ലഭിച്ചു. പിശാചുബാധിതർ പരിപൂർണ്ണസുഖം പ്രാപിച്ചു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു. പ്രപഞ്ചശക്തികൾ അവന്റെ ആജ്ഞയനുസരിച്ചു. അവന്റെ വാക്കാൽ വെള്ളം വീഞ്ഞായി മാറി; അപ്പം അത്ഭുതകരമായി വർദ്ധിച്ച് ആയിരങ്ങളെ തൃപ്തരാക്കി; കാറ്റും കടലും ശാന്തമായി. അത്ര അധികാര പൂർണ്ണമായിരുന്നു അവന്റെ വാക്കുകൾ.

അനേകായിരങ്ങൾ അവന്റെ ചുറ്റിലും തിങ്ങിക്കൂടി. തകർന്ന ഹൃദയത്തോടെ തന്റെയടുക്കൽ വന്ന ആരെയും അവൻ നിരാശനാക്കിയില്ല. സമൂഹത്തിലെ ഏറ്റം പാവപ്പെട്ടവർക്ക് അവന്റെ പ്രത്യേക സ്നേഹവും പരിഗണനയും ലഭിച്ചു. സമൂഹം വെറുത്തിരുന്ന ചുങ്കക്കാരുടെ വീട്ടിൽ അവൻ വിരുന്നിനിരുന്നു. വേശ്യകളും മറ്റു പാപികളും അവന്റെ സാന്നിധ്യത്തിൽ പുതിയ മനുഷ്യരായി മാറി; സമൂഹം അശുദ്ധരെന്നു മുദ്രകുത്തി മാറ്റിനിർത്തിയ കുഷ്ഠരോഗികളെയും വികലാംഗരെയും അവൻ തന്റെ സ്നേഹസ്പർശനത്താൽ ധന്യരാക്കി. അവർക്കെല്ലാം ശാരീരികസൗഖ്യം മാത്രമല്ല, ഹൃദയത്തിനു ശാന്തിയും സമൂഹത്തിൽ അംഗീകാരവും ലഭ്യമായി. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം അവർ തൊട്ടറിഞ്ഞു.

രക്ഷ ആവശ്യമാണെന്നു ബോധ്യമുണ്ടായിരുന്നവർ യേശുവിനെ അംഗീകരിക്കാനും അനുഗമിക്കാനും തയ്യാറായി. എന്നാൽ, തങ്ങൾ വിശുദ്ധരാണെന്നു കരുതിയിരുന്നവർക്ക് യേശുവിനെ മനസിലാക്കാനോ സ്വീകരിക്കാനോ കഴിഞ്ഞില്ല. യഹൂദമതാധികാരികളായിരുന്നു ഇക്കൂട്ടരുടെ മുൻപന്തിയിൽ. യേശുവിന്റെ പ്രവർത്തനങ്ങളെ ആരംഭം മുതലേ സംശയദൃഷ്ടിയോടെയാണ്

അവർ വീക്ഷിച്ചത്. അവന്റെ പലപ്രവർത്തനങ്ങളും മത നിയമങ്ങളുടെ ലംഘനമായി അവർ വ്യാഖ്യാനിച്ചു, അവന്റെ വാക്കുകളെ ദൈവദൂഷണമായും. പാപികളോട് അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞതും, ദൈവത്തെ തന്റെ പിതാവെന്നു വിശേഷിപ്പിച്ചതും അക്ഷന്തവ്യമായ അപരാധമായിട്ടാണ് അവർ കണ്ടത്. യഹൂദനിയമപ്രകാരം വധശിക്ഷയർഹിക്കുന്ന കുറ്റങ്ങളായിരുന്നു അവ.

യഹൂദ നേതാക്കൾ തന്ത്രപരമായിട്ടാണ് യേശുവിനെതിരെ കരുക്കൾ നീക്കിയത്. അവന്റെ പ്രബോധനങ്ങളെയും പ്രവർത്തനങ്ങളെയും അവർ പൊതുവേദിയിൽ ചോദ്യം ചെയ്തു. എന്നാൽ ചോദ്യം ചെയ്തവർക്കുതന്നെ ഉത്തരം മുട്ടി. യേശു നല്കിയ മറുപടികൾക്കെതിരേ അവർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. അതിനാൽ അടുത്തപടിയായി ജനമധ്യത്തിൽ യേശുവിന്റെ വിലയിടിക്കാൻ അവർ ശ്രമിച്ചു. അവന്റെ സകല പ്രവർത്തനങ്ങളെയും ദുർവ്യാഖ്യാനം ചെയ്ത് ജനത്തെ തെറ്റിദ്ധരിപ്പിക്കാനും യേശുവിൽനിന്ന് അകറ്റാനുമാണ് അവർ ആദ്യമേ ശ്രമിച്ചത്. അവൻ നിയമം ലംഘിക്കുകയും നിയമലംഘനത്തിനു ജനത്തെ പ്രേരിപ്പിക്കുകയും ചെയ്യുന്നു; ചുങ്കക്കാരോടും വേശ്യകളോടും കൂട്ടുചേർന്ന് അധാർമ്മികജീവിതം നയിക്കുന്നു; അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു; പിശാചു ബാധിച്ചിരിക്കുന്നു; പിശാചുക്കളുടെ തലവനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നു, എന്നിങ്ങനെ നിരവധി ആരോപണങ്ങൾ യേശുവിനെതിരേ അവർ നിരത്തി.

ഈ ദുഷ്പ്രചരണങ്ങൾ ഉദ്ദേശിച്ച ഫലം പുറപ്പെടുവിച്ചില്ല. അതിനാൽ അടുത്ത പടിയായി അവർ ബലപ്രയോഗത്തിനു മുതിർന്നു. പലതവണ കല്ലെറിഞ്ഞുകൊല്ലാൻ ശ്രമിച്ചു. പടയാളികളെവിട്ട് അവനെ ബന്ധിച്ചു തട

വിലാക്കാൻ ഒരുമ്പെട്ടു. എന്നാൽ അതും നിഷ്ഫലമായി. ജനം ഒരു കോട്ട എന്നപോലെ അവനു ചുറ്റും സംരക്ഷണവലയം സൃഷ്ടിച്ചു. യേശുവിനെ ഏതെങ്കിലും തരത്തിൽ അംഗീകരിക്കുന്നവരെ സമൂഹത്തിൽനിന്നു പുറത്താക്കാനാണ് അടുത്തതായി അവർ ശ്രമിച്ചത്. ഇതുകൊണ്ടും കാര്യമായ ഫലമൊന്നും ഉണ്ടാകാതിരുന്നതിനാൽ അധികാരസംവിധാനങ്ങളുടെ സകലശക്തിയും അവനെതിരേ തിരിച്ചുവിട്ടു.

യഹൂദമതത്തിന്റെ സമുന്നതാധികാരം കയ്യാളുന്ന സമിതി *സാൻഹെദ്രിൻ* എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പ്രധാന പുരോഹിതൻ തലവനായി എഴുപതംഗങ്ങളുള്ള ഈ സമിതി യേശുവിനെതിരേ ആലോചനകൾ നടത്തി; വിചാരണ ചെയ്യാതെതന്നെ അവനെ വധിക്കാൻ തീരുമാനമെടുത്തു. ചുരുക്കം പേർ അതിനെ എതിർത്തെങ്കിലും തീരുമാനം മാറ്റാൻ അവർക്കു കഴിഞ്ഞില്ല. തലസ്ഥാന നഗരമായ ജറുസലേമിൽ ഏറ്റം അധികം ആളുകൾ സമ്മേളിക്കുന്ന തിരുനാളായിരുന്നു പെസഹാ. യേശുവിന്റെ പരസ്യജീവിതം ആരംഭിച്ചിട്ടു മൂന്നാമത്തെ പെസഹായുടെ അവസരത്തിലാണ് അവനെ വധിക്കാൻ അധികാരികൾ തീരുമാനിച്ചത്.

തിരുനാളിന്റെ ദിവസങ്ങളിൽ പകൽ സമയത്ത് യേശു ദേവാലയത്തിലും പരിസരത്തും വച്ച് ജനങ്ങളോടു പ്രസംഗിച്ചിരുന്നു. എന്നാൽ അപ്പോൾ അവനെ പിടിക്കുക ദുഷ്കരമായിരുന്നു, കാരണം ജനങ്ങൾ അതിനെ എതിർക്കുമായിരുന്നു. രാത്രികാലങ്ങളിൽ യേശു എവിടെയാണ് വസിക്കുക എന്ന് അധികാരികൾക്ക് നിശ്ചയമില്ലായിരുന്നു. ലക്ഷക്കണക്കിന് ആളുകൾ പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ കൂടാരമടിച്ചു കഴിഞ്ഞിരുന്നതിനാൽ, പട്ടാളത്തിന്റെ സഹായത്തോടെ ആണെങ്കിലും, യേശുവിനെ രാത്രിയിൽ തിരഞ്ഞുപിടിക്കുക പ്രായേണ അസാ

ധ്യമായിരുന്നു. അതിനാൽ യേശുവിന്റെ ശിഷ്യസമൂഹത്തിൽ നിന്ന് ഒരാളെ അവർ കൈക്കൂലി കൊടുത്തു വശത്താക്കി. അയാളുടെ സഹായത്തോടെ രാത്രിയിൽ യേശുവിനെ അവർ ബന്ധിച്ചു. അപ്പോൾ യേശു ജറുസലേമിൽനിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെ ഗദ്സെമെൻ എന്നു പേരുള്ള ഒലിവു തോട്ടത്തിൽ പ്രാർത്ഥിക്കുകയായിരുന്നു.

അർദ്ധരാത്രിയോടടുത്ത സമയത്താണ് നേതാക്കന്മാർ അയച്ച പടയാളികൾ യേശുവിനെ പിടികൂടിയത്. അവർ അവനെ രാത്രിയിൽത്തന്നെ പ്രധാന പുരോഹിതന്റെയടുക്കൽ ഹാജരാക്കി. സാൻഹദ്രിൻ സംഘം സമ്മേളിച്ചു. വിചാരണ അതിവേഗം നടന്നു. പല കുറ്റങ്ങൾ അവനെതിരേ നിരത്തി. കള്ളസാക്ഷികൾ പലർ വന്നു. എന്നാൽ അവരുടെ സാക്ഷ്യങ്ങൾ തമ്മിൽ പൊരുത്തപ്പെട്ടില്ല. അവസാനം പ്രധാനപുരോഹിതൻ നിർണ്ണായകമായ ചോദ്യം അവതരിപ്പിച്ചു: “ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണോ നീ?” സംശയത്തിനു പഴുതില്ലാത്തവിധം യേശു മറുപടി പറഞ്ഞു: “അതെ”.

വിചാരണ അവിടെ അവസാനിച്ചു. അവൻ ദൈവദൂഷണം പറഞ്ഞുവെന്നും അതിനാൽ മരണത്തിന് അർഹനാണെന്നും അവർ ഒന്നടങ്കം വിധി കല്പിച്ചു. എന്നാൽ വധശിക്ഷ നടപ്പിലാക്കാൻ അവർക്ക് അധികാരമുണ്ടായിരുന്നില്ല.

അക്കാലത്ത് പാലസ്തീനാ റോമാ സാമ്രാജ്യത്തിന്റെ ആധിപത്യത്തിൻ കീഴിലായിരുന്നു. വധശിക്ഷ നടപ്പിലാക്കാനുള്ള അധികാരം റോമാക്കാരുടേതായിരുന്നു. റോമൻ ഗവർണ്ണറായ പീലാത്തോസ് അന്നു ജറുസലേമിൽ ഉണ്ടായിരുന്നു. അതിരാവിലെ അവർ യേശുവിനെ പീലാത്തോസിന്റെ അടുക്കൽ ഹാജരാക്കി. മതനിയമങ്ങൾ ലംഘിക്കുന്നു എന്ന ആരോപണം റോമൻ കോട

തിയിൽ വിലപ്പോകില്ല എന്ന് അറിയാമായിരുന്ന യഹൂദ നേതാക്കൾ യേശുവിനെതിരേ രാഷ്ട്രീയ സ്വഭാവമുള്ള കുറ്റങ്ങൾ ആരോപിച്ചു. റോമാക്കാർക്ക് നികുതി കൊടു ക്കേണ്ടതില്ലാ എന്ന് പഠിപ്പിക്കുന്നു, പാലസ്തീനായിലുട നീളം റോമിനെതിരേ ജനങ്ങളെ കലാപത്തിനു പ്രേരിപ്പി ക്കുന്നു, താൻ യഹൂദരുടെ രാജാവാണെന്നു പ്രഖ്യാപി ച്ചുകൊണ്ട് ജനത്തെ ഇളക്കിവിടുന്നു എന്നിങ്ങനെയുള്ള ആരോപണങ്ങളാണ് അവർ യേശുവിനെതിരേ നിരത്തി യത്.

റോമൻ ഭരണത്തിൽ പാലസ്തീനായിലെ ജനങ്ങൾ പൊതുവേ അസംതൃപ്തരായിരുന്നു. വിദേശ ശക്തിയെ തങ്ങളുടെ നാട്ടിൽ നിന്നു തുരത്താൻ അവർ ആഗ്രഹിച്ചി രുന്നു. ദാവീദിനെപ്പോലെ ഒരു രാജാവോ മോശെയെ പ്പോലെ ഒരു പ്രവാചകനേതാവോ വന്ന് തങ്ങളെ വിദേ ശാധിപത്യത്തിൽ നിന്നു രക്ഷിക്കും എന്ന പ്രതീക്ഷ അവ രുടെ ഇടയിൽ സജീവമായിരുന്നു. യേശുവിന്റെ പ്രവിശ്യ യായ ഗലീലിയിൽ റോമിനെതിരേ പല കലാപങ്ങളും നടന്നു കഴിഞ്ഞിരുന്നു. തീവ്രവാദികൾ (Zealots) എന്ന് അറിയപ്പെട്ടിരുന്ന ഒരു വിപ്ലവപ്രസ്ഥാനം ഗലീലിയിൽ ശക്തി പ്പെട്ടു വരുന്ന കാലമായിരുന്നു അത്. ആ കലാപകാരിക ളിൽ ചിലർ ജറുസലേമിൽ വരുകയും വലിയ ഉത്സവദിവ സങ്ങളിൽ ജനത്തെ റോമാക്കാർക്കെതിരേ കലാപത്തിനു പ്രേരിപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. ഇപ്രകാര മൊരു കലാപത്തിൽ റോമൻ പടയാളികളെ വധിച്ചതിന്റെ പേരിൽ ബറാബാസ് എന്നൊരു നേതാവിനെ റോമാക്കാർ അറസ്റ്റു ചെയ്തത് ജയിലിൽ അടച്ചിട്ടുണ്ടായിരുന്നു. ഈ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ യേശുവിനെതിരേ ഉന്നയിച്ച ആരോപണങ്ങൾ വിശ്വസനീയമായി പീലാത്തോ സിനു തോന്നിയിട്ടുണ്ടാവാം. അതിനാൽ യേശുവിനെ അയാൾ നേരിട്ടു വിചാരണ ചെയ്തു.

യേശു അധികമൊന്നും സംസാരിക്കാൻ തയ്യാറായില്ല, സ്വയം ന്യായീകരിക്കാനോ വിശദീകരിക്കാനോ ശ്രമിച്ചതുമില്ല. നല്കിയ ഉത്തരം തന്നെ പീലാത്തോസിന് ഗ്രഹിക്കാൻ കഴിഞ്ഞതുമില്ല. നീ യഹൂദരുടെ രാജാവാണോ എന്ന ചോദ്യത്തിന് യേശു നല്കിയ മറുപടി ഇതായിരുന്നു: *"എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നെങ്കിൽ ഞാൻ യഹൂദർക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല"* (യോഹ 18, 36). *"അപ്പോൾ നീ രാജാവാണല്ലേ?"*എന്ന തുടർന്നുള്ള ചോദ്യത്തിന് യേശു മറുപടി പറഞ്ഞു. *"നീ തന്നെ പറയുന്നു ഞാൻ രാജാവാണെന്ന്. ഇതിനു വേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്. സത്യത്തിന് സാക്ഷ്യം വഹിക്കാൻ. സത്യത്തിൽ നിന്നുള്ളവർ എന്റെ സ്വരം കേൾക്കുന്നു"* (യോഹ 18, 37).

യഹൂദരുടെ ആരോപണങ്ങൾ അവരുടെ സ്ഥാപിത താൽപര്യങ്ങളാൽ പ്രേരിതമായ നുണയാണെന്ന് വിചാരണയിൽ തെളിഞ്ഞു. യേശുവിൽ കുറ്റമൊന്നും കണ്ടെത്താൻ സാധിച്ചില്ല എന്ന് പീലാത്തോസ് സമ്മതിച്ചു. എന്നാലും യഹൂദ നേതാക്കന്മാരെ തൃപ്തിപ്പെടുത്താൻ വേണ്ടി യേശുവിനെ അയാൾ ജനകീയ വിചാരണക്ക് വിധേയനാക്കി. യഹൂദർക്ക് ഒരാനുകൂല്യം എന്ന നിലയിൽ പെസഹാ തിരുനാളിൽ അവർ ആവശ്യപ്പെടുന്ന ഒരു കുറ്റവാളിയെ മോചിപ്പിക്കുക പതിവായിരുന്നു. ആ ആനുകൂല്യം ഉപയോഗിച്ച് യേശുവനെ മോചിപ്പിക്കാമെന്ന് പീലാത്തോസ് കരുതിയിരുന്നു. കലാപത്തിനിടയിൽ കൊലനടത്തിയ ബറാബാസിനെയും യേശുവിനെയും ഒരേ പന്തിയിൽ നിർത്തിയിട്ട് തങ്ങൾക്കിഷ്ടമുള്ളവനെ തിരഞ്ഞെടുക്കാൻ പീലാത്തോസ് ജനത്തോട് ആവശ്യപ്പെട്ടു.

രണ്ടു തരത്തിലുള്ള പ്രചരണ വേലകൾ ജനങ്ങൾക്കിടയിൽ നടന്നു. ബറാബാസിനെ മോചിപ്പിക്കാൻ തീവ്രവാദികൾ ജനങ്ങളെ പ്രേരിപ്പിച്ചു, യേശുവിനെ ക്രൂശിക്കണമെന്ന് ആവശ്യപ്പെടാൻ മതനേതാക്കളും. പ്രചരണം ഫലിച്ചു. യേശുവിനെ ക്രൂശിക്കാൻ ജനം ആവശ്യപ്പെട്ടു. ഈ വിധിപ്രസ്താവനയിൽ തനിക്കുത്തരവാദിത്വം ഇല്ലെന്നു സൂചിപ്പിക്കാനായി പീലാത്തോസ് ജനത്തിന് മുമ്പിൽവച്ച് കൈ കഴുകി. യേശുവിനെ അവരുടെ താൽപര്യത്തിന് വിട്ടുകൊടുത്തു.

പടയാളികൾ യേശുവിനെ പട്ടണത്തിന് പുറത്തേക്ക് നയിച്ചു. ഗാഗുൽത്താ എന്ന സ്ഥലത്തുവച്ച് അവനെ കുരിശിൽ തറച്ചു. "*യഹൂദരുടെ രാജാവ്, നസ്രത്തുകാരനായ യേശു*" എന്ന് ഒരു പലകയിൽ എഴുതി കുരിശിനു മുകളിൽ തൂക്കി. അത് ഒരു കുറ്റപത്രമായിരുന്നു. സ്വയം രാജാവായി പ്രഖ്യാപിച്ചുകൊണ്ട് റോമിനെതിരേ കലാപത്തിനു മുതിർന്നതിനുള്ള ശിക്ഷയായിരുന്നു ആ കുറ്റപത്രം. അത് കൂടുതൽ വ്യക്തമാക്കാനായി യേശുവിന്റെ ഇരുവശത്തും ഓരോ കലാപകാരിയെ കുരിശിൽ തറച്ചു.

യഹൂദനേതാക്കളും പടയാളികളും വഴിപോക്കരും അവനെ പരിഹസിച്ചു. ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങിവരാൻ അവനെ വെല്ലു വിളിച്ചു. അനേകരെ രക്ഷിച്ചവന് സ്വയം രക്ഷിക്കാൻ സാധിക്കുന്നില്ലല്ലോ എന്ന് പറഞ്ഞ് അവഹേളിച്ചു. തന്നെ കുരിശിൽ തറയ്ക്കുകയും പരിഹസിക്കുകയും ചെയ്തവരെ അവൻ വെറുത്തില്ല. "*പിതാവേ, ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കണമേ*" എന്ന് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണു ചെയ്തത്.

സകലരാലും പരിത്യക്തനായ യേശുവിന് പിതാവു പോലും തന്നെ കൈവിട്ടതായി അനുഭവപ്പെട്ടു. "*എന്റെ*

*ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ കൈവെടിഞ്ഞു"* എന്ന് നിലവിളിച്ച് അപേക്ഷിച്ചു. പിതാവിന്റെ മറുപടി ഉണ്ടായില്ല. കുരിശിൽ നിന്നിറക്കാൻ അവിടുന്ന് ഇറങ്ങിവന്നില്ല. സകലരാലും പരിത്യക്തനും പരിഹാസിതനുമായി, ഏകദേശം മൂന്നു മണിക്കൂർ നേരത്തെ കഠിന വേദനയ്ക്കു ശേഷം *"പിതാവേ, അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു"* എന്നു നിലവിളിച്ചുകൊണ്ട് അവൻ ജീവൻ വെടിഞ്ഞു. അവന്റെ സുഹൃത്തുക്കൾ വന്ന് മൃതശരീരം കുരിശിൽ നിന്നിറക്കി അടുത്തുണ്ടായിരുന്ന ഒരു കല്ലറയിൽ സംസ്ക്കരിച്ചു. അതോടെ എല്ലാം അവസാനിച്ചു എന്ന് എല്ലാവരും കരുതി. പക്ഷേ എല്ലാവർക്കും കണക്കു തെറ്റി.

മരിച്ച് മൂന്നാം ദിവസം താൻ ഉയർത്തെഴുന്നേൽക്കും എന്ന് ജീവിച്ചിരുന്നപ്പോൾ യേശു പറഞ്ഞതായി കേട്ടിരുന്ന യഹൂദനേതാക്കന്മാർ റോമാക്കാരുടെ അനുവാദത്തോടെ, അവന്റെ കല്ലറയ്ക്കു മുദ്രവച്ച് കാവൽ ഏർപ്പെടുത്തി. എന്നാൽ യേശുവിനെ കല്ലറയിൽ ഒതുക്കിവയ്ക്കാൻ കഴിഞ്ഞില്ല. ഞായറാഴ്ച പ്രഭാതത്തിൽ കല്ലറ അത്ഭുതകരമായി തുറന്നു. യേശുവിന്റെ മൃതശരീരം അതിനുള്ളിലുണ്ടായിരുന്നില്ല. എന്താണ് സംഭവിച്ചതെന്ന് കാവൽക്കാർക്കു മനസ്സിലായില്ല. വിവരം അറിഞ്ഞ നേതാക്കന്മാർ ഒരു കള്ളക്കഥ കെട്ടിച്ചമച്ചു. തങ്ങൾ ഉറങ്ങിയപ്പോൾ യേശുവിന്റെ ശിഷ്യന്മാർ മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറയാൻ കാവൽക്കാർക്കു കൈക്കൂലി കൊടുത്തു.

ശൂന്യമായ കല്ലറ കണ്ട ശിഷ്യന്മാർക്കും ആദ്യം കാര്യം മനസ്സിലായില്ല. എന്നാൽ യേശു അവർക്കു പ്രത്യക്ഷപ്പെട്ടു. താൻ മരണത്തിൽനിന്ന് ഉത്ഥാനം ചെയ്തുവെന്ന് അവരെ ബോധ്യപ്പെടുത്താനായി തന്റെ മുറിപ്പാടുകൾ അവർക്കു കാണിച്ചുകൊടുത്തു. അവരോടൊത്തു

ഭക്ഷണം കഴിച്ചു. താൻ മരണത്തെ കീഴടക്കിയിരിക്കു ന്നെന്നും എല്ലാവർക്കും നിത്യജീവനും ശരീരത്തിന്റെ പുനഃ രുത്ഥാനവും ലഭ്യമായിരിക്കുന്നെന്നും ലോകമെങ്ങും പോയി പ്രഘോഷിക്കാൻ അവരെ ചുമതലപ്പെടുത്തി. ലോകാവസാനം വരെ എന്നും അവരോടുകൂടെ, നമ്മോടു കൂടെ, ഉണ്ടായിരിക്കുമെന്നും അവൻ വാഗ്ദാനം ചെയ്തു. യേശു ഏല്പിച്ച ദൗത്യമാണ് കഴിഞ്ഞ രണ്ടായിരം വർഷ മായി ക്രിസ്തുശിഷ്യർ നിറവേറ്റിക്കൊണ്ടിരിക്കുന്നത്.

# 2. യേശുവിന്റെ മരണം
## ചരിത്രപരമായ വിശദീകരണം

ചരിത്രപരമായി നോക്കുമ്പോൾ യേശുവിന്റെ മരണം കരുതിക്കൂട്ടിയുള്ള ഒരു കൊലപാതകവും അതേ സമയം ധീരമായ ഒരു രക്തസാക്ഷിത്വവുമായിരുന്നു.

**a.കൊലപാതകം**

യഹൂദമതത്തിന്റെ സമുന്നത അധികാരം കയ്യാളുന്ന സാൻഹദ്രിൻ സംഘം ഔദ്യോഗികമായി നടത്തിയ വിചാരണയിൽ കുറ്റക്കാരൻ എന്നു തെളിഞ്ഞതിനാൽ ന്യായാധിപസംഘം ഒന്നടങ്കം യേശുവിനെ മരണത്തിനു വിധിച്ചു (മർക്കോ 14, 64). റോമൻ അധികാരിയായ പീലാത്തോസ് നടത്തിയ വിചാരണയിൽ കുറ്റമൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും റോമൻ നിയമപ്രകാരം കലാപകാരികൾക്കുള്ള ശിക്ഷയായ കുരിശുമരണമാണ് യേശുവിനു വിധിച്ചത്. രണ്ടു കോടതികളും വധശിക്ഷ വിധിച്ചാണ് യേശുവിനെ കുരിശിൽ തറച്ചു കൊന്നതെങ്കിലും സുവിശേഷങ്ങൾ നല്കുന്ന വിവരങ്ങൾ സശ്രദ്ധം പരിശോധിച്ചാൽ അതു കരുതിക്കൂട്ടിയുള്ള ഒരു കൊലപാതകമായിരുന്നു എന്നു കാണാം.

യഹൂദനേതാക്കന്മാർ യേശുവിനെ ആരംഭം മുതലേ സംശയദൃഷ്ടിയോടെ വീക്ഷിക്കുക മാത്രമല്ല, വധിക്കാൻ ആലോചിക്കുകയും അതിനായി തന്ത്രപൂർവ്വം കരുക്കൾ നീക്കുകയും ചെയ്തിരുന്നു. സാബത്തിലെ രോഗശാന്തിക്ക് യേശു നല്കിയ വിശദീകരണത്തെ ഖണ്ഡിക്കാൻ കഴിയാതെ വന്ന നേതാക്കൾ അവന്റെ വിശദീകരണം സ്വീകരിക്കാതെ, അവനെ നശിപ്പിക്കാൻ ശ്രമിക്കുകയാണ് ചെയ്തത് (മർക്കോ 3,6). യേശുവിന്റെ പ്രവർത്തനങ്ങളെ നിയമലംഘനമായും പ്രബോധനങ്ങളെ ദൈവദൂഷണമായും അവർ വ്യാഖ്യാനിച്ചു. അവനു

സുബോധം നഷ്ടപ്പെട്ടിരിക്കുന്നു (മർക്കോ 3, 21), അവനെ പിശാചു ബാധിച്ചിരിക്കുന്നു (യോഹ 7,20; 10, 20), അവൻ പിശാചുക്കളുടെ സഹായത്താൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദുർമന്ത്രവാദിയാണ് (മർക്കോ 3, 22), എന്നിങ്ങനെയുള്ള ദുരാരോപണങ്ങൾ യേശുവിനെ ജനത്തിൽനിന്ന് ഒറ്റപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി കാണാവുന്നതാണ്. പലതവണ അറസ്റ്റുചെയ്യാനും (യോഹ 7, 30.32.45; 8, 20. 10, 39, ലൂക്കാ 20,19) കല്ലെറിഞ്ഞു കൊല്ലാനും (ലൂക്കാ 4,29; യോഹ 8, 59; 10, 31) അവർ ശ്രമിച്ചു. ഇതൊന്നും ഫലിക്കാതെ വന്നപ്പോഴാണ് ചതിയിൽ ബന്ധിച്ച്, രാത്രിയിൽ വിചാരണ ചെയ്ത്, വധശിക്ഷ വിധിച്ചത്. യേശുവിനെതിരേ ഉന്നയിച്ച ആരോപണങ്ങൾ ഒന്നും അവർക്കു തെളിയിക്കാൻ കഴിഞ്ഞില്ല. “നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും?” (യോഹ 8, 46) എന്ന് യേശു വെല്ലുവിളിച്ചപ്പോൾ അവർക്ക് ഒരു മറുപടിയും പറയാനുണ്ടായിരുന്നില്ല.

രാഷ്ട്രീയ വിചാരണയിലും ഇതുതന്നെയാണ് സംഭവിച്ചത്. ആരോപിച്ച കുറ്റങ്ങളൊന്നും തെളിയിക്കാൻ എതിരാളികൾക്കു കഴിഞ്ഞില്ല. പീലാത്തോസ് തന്നെ അത് പലതവണ പരസ്യമായി അംഗീകരിക്കുകയും ചെയ്തു (ലൂക്കാ 23, 4. 14-15; യോഹ 18, 38; 19, 4.6). യഹൂദ നേതാക്കന്മാർ മനഃപൂർവ്വം നിരപരാധിയെ വധിക്കാൻ ശ്രമിക്കുകയാണെന്നും അസൂയ മാത്രമാണ് അതിന് അവരെ പ്രേരിപ്പിച്ചതെന്നും പീലാത്തോസ് മനസിലാക്കിയിരിക്കുന്നു (മർക്കോ 15, 10). ഗലീലിയുടെ ഭരണാധിപനായ ഹേറോദേസ് രാജാവും യേശുവിനെ വിചാരണ ചെയ്തെങ്കിലും കുറ്റം ഒന്നും കണ്ടെത്തിയില്ല (ലൂക്കാ 23, 6-15). കലാപകാരിയും കൊലപാതകിയുമായ ബറാബാസിനെ വെറുതെ വിടുകയും നിരപാധനെന്നു പലവട്ടം തെളിഞ്ഞ യേശുവിനെ കുരിശിൽ തറച്ചു കൊല്ലാൻ വിധിക്കുകും ചെയ്ത

പീലാത്തോസ് റോമൻ നിയമത്തിനു തീരാക്കളങ്കമായും നട്ടെല്ലു നഷ്ടപ്പെട്ട ന്യായാസനത്തിന്റെ ഉദാഹരണമായും നിലകൊള്ളുന്നു.

എന്തുകൊണ്ടാണിതു സംഭവിച്ചത്? എന്താണ് യഹൂദനേതാക്കന്മാരെ യേശുവിനെതിരേ തിരിയാൻ പ്രേരിപ്പിച്ചത്? ചരിത്രപരമായി നോക്കുമ്പോൾ യേശുവിന്റെ പ്രവർത്തനശൈലിയും പ്രബോധനങ്ങളുംതന്നെ ആയിരുന്നു ഈ ശത്രുതയ്ക്കു കാരണം എന്നു കാണാം. യഹൂദർ ഏറ്റം പാവനമായി കരുതിയിരുന്ന നിയമമാണ് സാബത്താചരണം. ആഴ്ചയുടെ ഏഴാം ദിവസമായ ശനിയാഴ്ചയെ ആണ് അവർ "*സാബത്ത്*" എന്നു വിളിക്കുന്നത്. അന്നേദിവസം യാതൊരു ജോലിയും ചെയ്യാൻ പാടില്ല എന്ന നിയമം കർശനമായിരുന്നു. ദൈവിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയും അധ്വാനിക്കുന്നവർക്കു വിശ്രമം ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുവേണ്ടി നല്കിയതായിരുന്നു സാബത്തു നിയമം. പക്ഷേ, കാലക്രമത്തിൽ അത് അർത്ഥം ചോർന്നുപോയ വെറും ഒരു ആചാരമായിത്തീർന്നു. യേശു ഈ നിയമത്തിന്റെ ചൈതന്യം വീണ്ടെടുക്കാൻ ശ്രമിച്ചു. സാബത്ത് മാത്രമല്ല, സകല നിയമങ്ങളും മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാണെന്ന് യേശു പഠിപ്പിച്ചു (മർക്കോ 2, 27).

മനുഷ്യനെ അടിമയാക്കുന്ന സകല നിയമങ്ങളെയും കാറ്റിൽ പറത്തുന്നതായിരുന്നു യേശുവിന്റെ പ്രവർത്തനശൈലി. ഭക്ഷണ സാധനങ്ങളെ ശുദ്ധവും അശുദ്ധവും എന്നു വേർതിരിക്കുന്ന നിയമങ്ങൾ, മനുഷ്യരെ പല തട്ടുകളായി തരം തിരിക്കുന്ന പാരമ്പര്യങ്ങൾ മുതലായവയൊന്നും പാലിക്കാൻ യേശു തയ്യാറായിരുന്നില്ല (മർക്കോ 7, 14-23). ഈ വിവേചനങ്ങളെ അതിശക്തമായി എതിർക്കുകയും നിശിതമായി വിമർശിക്കുകയും ചെയ്തത് യഹൂദമതത്തിന്റെതന്നെ അടിത്തറ ഇള

ക്കുന്ന പ്രവൃത്തിയായിട്ടാണ് നേതാക്കന്മാർ കണ്ടത്. അവർ പടുത്തുയർത്തിയ നിയമസംഹിതകളും പാരമ്പര്യങ്ങളും യേശു തല്ലിത്തകർക്കുന്നതായി അവർക്കു തോന്നി.

യഹൂദനേതാക്കന്മാരെ അത്യന്തം ഭയചകിതരും കോപാക്രാന്തരുമാക്കിയതാണ് യേശുവിന്റെ ജറുസലേം പ്രവേശനവും തുടർന്നുണ്ടായ സംഭവങ്ങളും. പെസഹാത്തിരുനാളിൽ ഗലീലിയിൽ നിന്നുവന്ന പതിനായിരക്കണക്കിനു തീർത്ഥാടകർ നഗരത്തിനു വെളിയിൽ വച്ച് യേശുവിനു ചുറ്റിലും ഒരുമിച്ചു കൂടി. കഴുതപ്പുറത്ത് നഗരത്തിലേക്കു പ്രവേശിച്ച യേശുവിനെ അവർ രാജാവായി പ്രഘോഷിച്ചു. ജയ് വിളികൾക്കു മധ്യേ ദേവാലയാങ്കണത്തിലെത്തിയ യേശു അവിടെ ബലിമൃഗങ്ങളെ വില്ക്കുകയും റോമൻ നാണയം ദേവാലയനാണയമാക്കി മാറ്റുകയും ചെയ്തിരുന്നവരുടെ മേശകൾ തട്ടിമറിച്ചു. ചാട്ടവാർ ചുഴറ്റി അവരെയെല്ലാം അവിടെനിന്ന് ഓടിച്ചു. ഇത് ദേവാലയത്തിനും യഹൂദമത സാമ്പത്തിക-സാമുദായിക സംവിധാനങ്ങൾക്കും എതിരേയുള്ള കടന്നാക്രമണമായിട്ടാണ് അധികാരികൾ കണ്ടത്. ഇനി ഒരു നിമിഷം പോലും അവൻ ജീവനോടെയിരിക്കരുതെന്ന് അവർ തീരുമാനിച്ചു.

നേതാക്കന്മാർ എതിർത്തെങ്കിലും സാമാന്യജനം യേശുവിനെ അംഗീകരിക്കാനും അനുഗമിക്കാനും സന്നദ്ധരായിരുന്നു. ആയിരക്കണക്കിന് ആളുകൾ അവന്റെ പ്രസംഗം കേൾക്കാൻ ഒരുമിച്ചുകൂടി. തങ്ങൾ പ്രതീക്ഷിച്ചിരുന്ന വിമോചകനും പ്രവാചകനുമായി യേശുവിനെ അവർ കണ്ടു. ഇത് നേതാക്കന്മാരെ കൂടുതൽ അസ്വസ്ഥരും അസൂയാലുക്കളുമാക്കി. ജനത്തിന്മേലുള്ള തങ്ങളുടെ സ്വാധീനം നഷ്ടപ്പെടുന്നതായി അവർക്ക് അനുഭവപ്പെട്ടു. യഹൂദനേതാക്കന്മാർക്കെതിരേ ജനമധ്യത്തിൽ യേശു നടത്തിയ വിമർശനങ്ങൾ കഠിനമായിരുന്നു. അവരുടെ ആചാരങ്ങളെ ഒന്നൊന്നായി എടുത്ത് അവയിലെ

കാപട്യം അവൻ തുറന്നുകാട്ടി (ലൂക്കാ 11, 39–52; മത്താ 23, 1–33). ജനമധ്യത്തിൽ തങ്ങൾ അപഹാസ്യരായി ത്തീരുന്നു എന്ന് അവർക്ക് മനസിലായി. അവർതന്നെ അതു പരസ്യമായി സമ്മതിക്കുകയും ചെയ്തു. "*നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ , ലോകം മുഴുവൻ അവന്റെ പിന്നാലെ പോയി ക്കഴിഞ്ഞു*" (യോഹ 12, 19). അതിനാൽ ഏതു വിധേനയും അവനെ ഉന്മൂലനം ചെയ്യുക ആവശ്യമാണെന്ന് അവർ കരുതി (യോഹ 11, 47–48). യേശുവിന്റെ പ്രവർത്തനങ്ങൾ അധഃകൃതരുടെ ഉയർത്തെഴുന്നേല്പിനും തുടർന്ന് റോമൻ ആധിപത്യത്തിനെതിരേയുള്ള കലാപത്തിനും വഴി യൊരുക്കുമെന്നും അത് റോമാക്കാരുടെ അതികഠിനമായ പ്രതികാര നടപടിക്കു കാരണമാകുമെന്നും വ്യാഖ്യാനി ച്ചുകൊണ്ട് (യോഹ 11, 48) തങ്ങളുടെ തീരുമാനത്തെ അവർ ന്യായീകരിച്ചു. കലാപകാരിയായ ബറാബാസിനെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഈ ന്യായീകരണ ത്തിന്റെ കാപട്യം തെളിയുകയായിരുന്നു. കോടതിവിധി പ്രകാരം നടപ്പാക്കിയതാണെങ്കിലും യേശുവിന്റെ മരണം അതിഹീനമായ കൊപാതകമായിരുന്നു.

**b. ധീരമായ രക്തസാക്ഷിത്വം**

മറുഭാഗത്തുനിന്നു നോക്കുമ്പോൾ, മനുഷ്യരെ അടിമകളാക്കുകയും മർദ്ദനത്തിനും ചൂഷണത്തിനും ഇര യാക്കുകയും ചെയ്യുന്ന മത-രാഷ്ട്രീയ സംവിധാന ങ്ങൾക്കെതിരേ സ്വീകരിച്ച ധീരമായ നിലപാടിന്റെ പരി ണതഫലമായിരുന്നു യേശുവിന്റെ മരണം. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം പ്രഖ്യാപിക്കാനാണ് താൻ വന്നിരിക്കുന്നത് എന്ന് പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ യേശു അസന്ദിഗ്ദ്ധ മായി പ്രഖ്യാപിച്ചു (ലൂക്കാ 4,18–19). ദൈവം തന്നെ ഏല്പി ച്ചിരിക്കുന്ന പാവനമായ ദൗത്യമാണിത് എന്ന അവബോധം

യേശുവിന്റെ സകല പ്രവർത്തനങ്ങളിലും തെളിഞ്ഞു നിന്നു.

ജനജീവിതത്തിന്റെ സകല മേഖലകളെയും നിയന്ത്രിക്കുന്നതായിരുന്നു മതസംവിധാനങ്ങൾ. അനേകരെ അധഃകൃതരും അശുദ്ധരുമായി മുദ്രകുത്തി സമൂഹത്തിന്റെ പുറമ്പോക്കിലേക്കു തള്ളിവിട്ട മതസംവിധാനങ്ങളെ ദൈവനാമത്തിൽത്തന്നെ അവൻ ചോദ്യം ചെയ്തു. ദൈവം സകല മനുഷ്യരെയും ആർദ്രമായി സ്നേഹിക്കുന്ന പിതാവാണെന്നും, അതിനാൽ സകലരും ആദരവും സ്നേഹവും പരിഗണനയും അർഹിക്കുന്ന ദൈവമക്കളാണെന്നും അവൻ ഉറക്കെ പ്രഘോഷിച്ചു. സമൂഹം വെറുത്തു പുറന്തള്ളിയവരെ അവൻ പ്രത്യേകം സ്നേഹിച്ചു. കുഷ്ഠരോഗികളെ ആലിംഗനം ചെയ്യുകയും (മർക്കോ 1, 41), വേശ്യകളുടെ സ്നേഹവും പരിചരണവും സ്വീകരിക്കുകയും (ലൂക്കാ 7, 38), ചുങ്കക്കാരുടെ വിരുന്നിൽ പങ്കെടുക്കുകയും (മത്താ 9, 913) ചെയ്തപ്പോൾ പ്രകടമായത് ഈ മുൻഗണനാപരമായ സ്നേഹമാണ്.

ചുരുക്കം പേരുടെ കൈകളിൽ ധനം കുന്നുകൂടുകയും ബഹുഭൂരിഭാഗം ജനങ്ങളെയും ദാരിദ്ര്യത്തിൽ ആഴ്ത്തുകയും ചെയ്യുന്ന സാമ്പത്തിക വ്യവസ്ഥിതിയെയും യേശു കർശനമായി വിമർശിച്ചു. ദരിദ്രർക്കു ദൈവരാജ്യവും വിശക്കുന്നവർക്കു സംതൃപ്തിയും വാഗ്ദാനം ചെയ്ത അവൻ ധനികരെ അഭിശപ്തരായാണ് പിരഗണിച്ചത് (ലൂക്കാ 6, 20-26). സ്വരുക്കൂട്ടി വയ്ക്കുന്ന ധനം ആർക്കും സുരക്ഷിതത്വം നല്കുകയില്ലെന്നും തന്റെ പടിവാതില്ക്കൽ പട്ടിണികിടന്നു മരിക്കുന്ന ദരിദ്രനെ പരിഗണിക്കാതെ, ആഡംബരങ്ങളിലും ധൂർത്തിലും മുഴുകി, വിരുന്നാഘോഷിക്കുന്നവർ നിത്യശിക്ഷയ്ക്ക് അർഹരാണെന്നും അവൻ പഠിപ്പിച്ചു (ലൂക്കാ 12,15-21; 16,19-31). ദരിദ്രരുമായി സ്വത്തു പങ്കുവയ്ക്കാൻ അവൻ ധനികരെ

ആഹ്വാനം ചെയ്തു (ലൂക്കാ 11, 41; 16, 9; 18, 22). ഇതിനു തയ്യാറാകാത്ത ധനികർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന് ഒട്ടകത്തിന്റെയും സൂചിക്കുഴയുടെയും ഉദാഹരണത്തിലൂടെ (മർക്കോ 10, 25) വ്യക്തമാക്കി. സാമ്പത്തിക തലത്തിൽ യേശു സ്വീകരിച്ച ഈ നിലപാട് അനേകം ധനികരുടെ അപ്രീതിക്കും വിരോധത്തിനും കാരണമായി.

രാഷ്ട്രീയാധികാരത്തോടുള്ള യേശുവിന്റെ നിലപാട് നിരുപാധികമായ വിധേയത്വത്തിന്റേതായിരുന്നില്ല. ദൈവികപദ്ധതിയിൽ രാഷ്ട്രീയാധികാരത്തിനും നിയമങ്ങൾക്കും സ്ഥാനമുണ്ടെങ്കിലും, അത് മറ്റുള്ളവരുടെ മേൽ ആധിപത്യം അടിച്ചേൽപ്പിക്കാൻ ആർക്കും അവകാശം നല്കുന്നില്ല. ലൗകികമായ ആധിപത്യവും അതു നല്കുന്ന പ്രൗഢിയും പ്രതാപവും പൈശാചികമായിട്ടാണ് യേശു കണ്ടത് (ലൂക്കാ 4, 5-6). ദൈവം നല്കാത്തതായി അധികാരമില്ല (യോഹ 19, 11). ആ അധികാരമാകട്ടെ സേവനത്തിനുവേണ്ടി മാത്രമുള്ളതാണ് (ലൂക്കാ 22, 25-26). അതിനാൽ തന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും വധഭീഷണി മുഴക്കുകയും ചെയ്ത പ്രാദേശികാധികാരിയായ ഹേറോദേസ് രാജാവിനെ അനുസരിച്ചില്ല എന്നു മാത്രമല്ല, കുറുക്കൻ എന്നു വിളിച്ചുകൊണ്ട് അയാളുടെ കൗശലവും വക്രതയും ജനമധ്യത്തിൽ തുറന്നു കാട്ടുകയും ചെയ്തു (ലൂക്കാ 13, 31-33). സീസറിനു നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ എന്ന ചോദ്യത്തിനു മറുപടി നല്കിയപ്പോൾ സീസറും ദൈവത്തിനു വിധേയനാണെന്ന് അനുസ്മരിപ്പിച്ചു (മത്താ 22, 21).

എല്ലാ മനുഷ്യരെയും തുല്യ അവകാശവും മഹത്വവുമുള്ള ദൈവമക്കളായി അംഗീകരിച്ചാൽ ഉച്ചനീചത്വത്തിന്മേൽ ഉറപ്പിച്ചിരിക്കുന്ന സിംഹാസനങ്ങൾ തകിടം

മറിയും. സാർവ്വലൗകിക സാഹോദര്യം നിലനില്ക്കുന്നിടത്ത് സാമ്രാജ്യാധിപത്യങ്ങൾക്കു സ്ഥാനമുണ്ടാവുകയില്ല. അതിനാൽ യേശു പ്രത്യക്ഷത്തിൽ ഒരു കലാപത്തിനും ആഹ്വാനം ചെയ്തില്ലെങ്കിലും അവന്റെ നിലപാടുകളും പ്രബോധനങ്ങളും സാമ്രാജ്യത്തിന് ഭീഷണിയായിരുന്നു. സായുധവിപ്ലവത്തെ അടിച്ചമർത്താൻ കഴിയും. എന്നാൽ ആശയതലത്തിലുണ്ടാകുന്ന മാറ്റത്തെ ആയുധംകൊണ്ട് തടഞ്ഞുനിർത്താനാവില്ല. അതുകൊണ്ടുതന്നെ ആയിരിക്കാം കലാപകാരിയായ ബറാബാസിനെ വിട്ടയക്കാനും യേശുവിനെ ക്രൂശിക്കാനും റോമൻ അധികാരി കല്പിച്ചത്.

മതപരവും സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളിൽ സ്വീകരിച്ച ഈ നിലപാടുകളാണ് യേശുവിന്റെ മരണത്തിനു കാരണമായത്. അപകടം മനസിലാക്കിയിട്ടും യേശു ഒഴിഞ്ഞുമാറിയില്ല. നിലപാടുകളിൽ മാറ്റം വരുത്തിയതുമില്ല. അധികാരികളുടെ മുഴുവൻ അപ്രീതിയും ശത്രുതയും വിദ്വേഷവും അവൻ ഏറ്റുവാങ്ങി. താൻ വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്ത സത്യത്തിനു വേണ്ടി പ്രവാചകധീരതയോടെ അവസാനം വരെ നിലകൊണ്ടു. സത്യത്തിനും സാഹോദര്യത്തിനും വേണ്ടി ജീവൻ സമർപ്പിച്ച രക്തസാക്ഷിയാണ് യേശു.

**c. അനിവാര്യമായ അന്ത്യം**

പുറമെ നിന്നു നോക്കുമ്പോൾ യേശുവിന്റെ മരണത്തിനു പലരേയും കുറ്റക്കാരും ഉത്തരവാദികളുമായി കാണാൻ കഴിയും. മുപ്പതു വെള്ളി നാണയങ്ങൾക്കു വേണ്ടി ഗുരുവിനെ ഒറ്റിക്കൊടുത്ത യൂദാസാണ് കുറ്റവാളികളുടെ മുൻപന്തിയിൽ പ്രത്യക്ഷപ്പെടുക. യേശുവിനെ നശിപ്പിക്കാനായി തന്ത്രപൂർവ്വം കരുക്കൾ നീക്കുകയും അവസാനം വധശിക്ഷ വിധിക്കുകയും ചെയ്ത മതാധികാരികളും കുറ്റക്കാർ തന്നെ. നിഷ്ക്കളങ്കനെന്നു തെളി

ഞ്ഞിട്ടും മരണത്തിന് ഏല്പിച്ചുകൊടുത്ത റോമൻ അധികാരിയും കുറ്റവിമുക്തനല്ല. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ ഇവർക്കെല്ലാം തക്കതായ ന്യായീകരണമുണ്ട്.

മതനിയമങ്ങളെയും പാരമ്പര്യങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും കാത്തു സൂക്ഷിച്ചുകൊണ്ട് ജനത്തിന്റെ വിശ്വാസം സംരക്ഷിക്കാൻ കടപ്പെട്ടവരായിരുന്നു യഹൂദ അധികാരികൾ. അവയ്ക്കെതിരേ യേശു സ്വീകരിച്ച നിലപാടുകളെ കണ്ടില്ലെന്നു വയ്ക്കാൻ അവർക്കു കഴിയുമായിരുന്നില്ല. നിയമങ്ങൾ ലംഘിക്കുകയും ലംഘിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തത് കഠിനമായ ശിക്ഷയർഹിക്കുന്ന കുറ്റമായിരുന്നു. എന്നാൽ അതിനെക്കാളെല്ലാം വലിയ കുറ്റമായിരുന്നു താൻ ദൈവപുത്രനാണെന്ന യേശുവിന്റെ അവകാശവാദം. തികച്ചും അജ്ഞാതമായ നസ്രത്ത് എന്ന കുഗ്രാമത്തിൽ നിന്നുവന്ന ആ മരപ്പണിക്കാരൻ ഒന്നുകിൽ ഭ്രാന്തനായിരിക്കണം, അല്ലെങ്കിൽ കടുത്ത ദൈവനിന്ദകനായിരിക്കണം. എന്നാൽ യേശുവിനെ ഭ്രാന്തനായി കരുതാൻ തക്ക കാരണമുണ്ടായിരുന്നില്ല.

ദൈവം ഒരുവൻ മാത്രമേയുള്ളൂ എന്നത് ഇസ്രായേൽ ജനത്തിന്റെ വിശ്വാസസംഹിതയുടെ അടിത്തറയായിരുന്നു. ദൈവത്തിനു തുല്യനായി മറ്റൊരുവൻ ഉണ്ടെന്ന് അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അതിനാൽ യേശുവിന്റെ വാക്കിലും പ്രവൃത്തിയിലും പ്രകടമായ ഈ അവകാശവാദവും സാൻഹദ്രിൻ സംഘത്തിന്റെ മുമ്പിൽ നടത്തിയ പരസ്യപ്രഖ്യാപനവും കടുത്ത ദൈവദൂഷണമായിട്ടേ അവർക്കു കാണാൻ കഴിഞ്ഞുള്ളൂ. യേശുക്രിസ്തുവിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുകയാണെന്നോ, ഏകദൈവമായ യാഹ്വെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വമാണെന്നോ അവർക്കു

ഗ്രഹിക്കാൻ കഴിഞ്ഞില്ല. അതിൽ അവരെ കുറ്റപ്പെടുത്താനും കഴിയില്ല. രക്ഷാചരിത്രത്തിലെ ഒരു അനിവാര്യതയായിരുന്നു അത്. യേശുവിന്റെ പുനഃരുത്ഥാനത്തിന്റെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെയും വെളിച്ചത്തിലാണ് ദൈവത്തിന്റെ ആന്തരിക ജീവനെ സംബന്ധിച്ച ഈ പ്രത്യേക വെളിപാട് ക്രിസ്തു ശിഷ്യർക്കു തന്നെ ലഭിച്ചത്.

യേശുവിന്റെ ദൈവത്വമായിരുന്നു യഹൂദനേതാക്കൾക്കു മറികടക്കാനാവാത്ത പ്രതിബന്ധമെങ്കിൽ അവന്റെ രാജത്വമായിരുന്നു റോമൻ അധികാരി നേരിട്ട പ്രശ്നം. തന്റെ രാജത്വം അലൗകികമാണെന്ന് യേശു തറപ്പിച്ചു പറഞ്ഞെങ്കിലും ലൗകികമല്ലാത്ത ഒരു രാജത്വത്തെക്കുറിച്ചു ചിന്തിക്കാൻ പീലാത്തോസിനു കഴിയുമായിരുന്നിരുന്നില്ല. സാമ്രാജ്യത്തിൻ കീഴിലുള്ള ആരെങ്കിലും സ്വയം രാജാവായി പ്രഖ്യാപിക്കുന്നത് രാജ്യദ്രോഹമായിട്ടേ അയാൾക്കു കാണാൻ കഴിയുമായിരുന്നുള്ളൂ. ഇവിടെയും യേശുവിന്റെ സ്വയം വെളിപ്പെടുത്തൽ അനിവാര്യമായ മരണത്തിലേക്കു നയിച്ചു. അതിനാൽ കുറ്റക്കാരെ തേടിയിട്ടു കാര്യമില്ല. യേശുവിന്റെ വ്യക്തിത്വത്തെയും മരണത്തെയും സംബന്ധിച്ച് ബൈബിൾ വെളിപ്പെടുത്തുന്ന സത്യങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കൂടുതൽ ആഴമായി അന്വേഷിക്കുകയാണ് ആവശ്യം.

# 3. ദൈവിക പദ്ധതി

## പഴയനിയമത്തിൽ

ക്രൂരമായ കുരിശു മരണത്തിൽ കലാശിച്ച യേശുവിന്റെ ജീവിതം പുറമെ നിന്നു നോക്കുമ്പോൾ തികഞ്ഞ പരാജയമായേ കാണാൻ കഴിയൂ. യുദ്ധങ്ങൾ നയിക്കുകയും സാമ്രാജ്യങ്ങൾ പിടിച്ചടക്കുകയും ചെയ്യുന്ന ധീരന്മാരും പരാക്രമശാലികളുമായ ലോകനേതാക്കന്മാരുടെ നിരയിൽ അവനു സ്ഥാനമില്ല. മാനുഷികമായ മാനദണ്ഡങ്ങൾ വച്ച് നോക്കുമ്പോൾ പരാജിതനായ ഒരു മനുഷ്യൻ മാത്രമായിരുന്നു യേശു എന്നു തോന്നും. ഈ പരാജിതനിൽ വിശ്വസിക്കുകയും അവനെ നായകനായി സ്വീകരിക്കുകയും ലോകരക്ഷകനായി പ്രഘോഷിക്കുകയും ചെയ്യുക ശിഷ്യന്മാർക്ക് എളുപ്പമായിരുന്നില്ല, ഇന്നും എളുപ്പമല്ല. യേശുവിൽ വിശ്വസിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്കുപോലും അവന്റെ മരണം മറികടക്കാനാവാത്ത ഒരു പ്രതിബന്ധമായി നിലകൊള്ളുന്നു.

കുരിശിൽ മരിച്ച യേശുവിനെ ദൈവശാപമേറ്റവനായിട്ടാണ് യഹൂദർ ചിത്രീകരിച്ചത്. കാരണം "*മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്*" എന്നു ബൈബിളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (നിയ 21, 23). അതിനാൽ യഹൂദർക്ക് യേശുവിന്റെ കുരിശുമരണം ഇടർച്ചയ്ക്കു കാരണമായി, അഥവാ അവനിൽ വിശ്വസിക്കുന്നതിന് പ്രതിബന്ധമായിത്തീർന്നു. നിസ്സഹായനും സർവ്വരാലും പരിത്യക്തനുമായി, പരിഹാസങ്ങളുടെ മധ്യേ കുരിശിൽ മരിച്ചവനെ രക്ഷകനായി അവതരിപ്പിക്കുന്നത് തികഞ്ഞ ഭോഷത്തമായേ യഹൂദരല്ലാത്തവർക്ക് കാണാൻ കഴിയൂ. സുവിശേഷപ്രഘോഷണത്തിൽ ആദ്യശിഷ്യന്മാർ നേരിട്ട വലിയൊരു പ്രതിസന്ധിയായി

രുന്നു ഇത്. വി. പൗലോസ് ഈ സത്യം തുറന്നു പറയുന്നുണ്ട്: "*യഹൂദർ അടയാളങ്ങൾ ആവശ്യപ്പെടുന്നു. ഗ്രീക്കുകാർ വിജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു*" (1 കോറി 1, 22-23).

പ്രത്യക്ഷത്തിൽ പരാജയമെന്നു തോന്നാവുന്ന കുരിശുമരണത്തെ മനുഷ്യരക്ഷയുടെ കേന്ദ്രവും ഉറവിടവുമായി കാണാൻ എന്താണ് ശിഷ്യന്മാരെ പ്രേരിപ്പിച്ചത്? "ഞാൻ അവനെ അറിയുകയില്ല" എന്ന് ഭയം നിമിത്തം തള്ളിപ്പറയുകയും കുരിശുമരണത്തിനുശേഷം ഒളിവിൽ കഴിയുകയും ചെയ്ത ശിഷ്യന്മാർ എങ്ങിനെയാണ് പെട്ടെന്ന് അസാധാരണ ധീരതയോടെ യേശുവിനെക്കുറിച്ച് പരസ്യമായി പ്രസംഗിക്കുകയും അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറയുകയും ചെയ്തത്? കുരിശുമരണത്തിനുശേഷം നടന്ന സംഭവങ്ങൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്നു. യേശുവിന്റെ പുനരുത്ഥാനവും പരിശുദ്ധാത്മാവിന്റെ ആഗമനവുമാണ് ആ രണ്ടു സംഭവങ്ങൾ. യേശുവിന്റെ ജീവിതം മരണം കൊണ്ട് അവസാനിച്ചില്ല. മരിച്ചവൻ ഉയിർത്തെഴുന്നേറ്റു; ശിഷ്യന്മാർക്ക് അനേകം തവണ പ്രത്യക്ഷപ്പെട്ടു. ശൂന്യമായി തുറന്നു കിടന്ന ശവക്കല്ലറയും ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങളും ഉത്ഥാനം ഒരു യാഥാർത്ഥ്യമാണെന്നു തെളിയിച്ചു. പരിശുദ്ധാത്മാവിന്റെ ആഗമനം ശിഷ്യന്മാരിൽ കാതലായ പരിവർത്തനങ്ങൾ വരുത്തി.

മരിച്ചവൻ ഉയിർത്തെഴുന്നേറ്റു എന്നതു മനസിലാക്കാനോ വിശ്വസിക്കാനോ എളുപ്പമായിരുന്നില്ല. തങ്ങളുടെ മുമ്പിൽ നില്ക്കുന്നത് മരിച്ചു സംസ്ക്കരിക്കപ്പെട്ടവൻ തന്നെയാണെന്ന് ആദ്യമാദ്യം ശിഷ്യന്മാർക്കു വിശ്വസിക്കാനായില്ല. മുറിപ്പാടുകൾ കാണിച്ചും അവരോടൊത്തു ഭക്ഷി

ച്ചുംകൊണ്ട് അതു താൻ തന്നെയാണെന്ന് യേശു അവരെ ബോധ്യപ്പെടുത്തി. ഇപ്രകാരം ഒരു സംഭവം ലൂക്കാ സുവിശേഷകൻ വിവരിക്കുന്നുണ്ട് (ലൂക്കാ 24, 13-35).

യേശുവിന്റെ മരണത്തിന്റെ മൂന്നാം ദിവസം രണ്ടു ശിഷ്യന്മാർ ജറുസലേമിൽ നിന്ന് ഏകദേശം എട്ടുകിലോമീറ്റർ അകലെയുള്ള എമ്മാവൂസ് എന്ന ഗ്രാമത്തിലേക്കു പോവുകയായിരുന്നു. ദുഃഖിതരും നിരാശരുമായ അവർ ഗുരുവിനു സംഭവിച്ചവയെക്കുറിച്ച് തർക്കിച്ചും വാദിച്ചുംകൊണ്ട് നടന്നുപോകവേ യേശു അവരെ സമീപിച്ചു. എന്നാൽ അവർ അവനെ തിരിച്ചറിഞ്ഞില്ല. യേശുവിന്റെ മരണത്തെയും തങ്ങളുടെ തകർന്നുപോയ പ്രതീക്ഷകളെയും കുറിച്ച് അവർ അവനോട് വാചാലമായി സംസാരിച്ചു. അവർ പറഞ്ഞു നിർത്തിയപ്പോൾ അവൻ അവരോടു ചോദിച്ചു. "*ഭോഷന്മാരേ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കാൻ കഴിയാത്ത വിധം ഹൃദയം മന്ദീഭവിച്ചവരേ, ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നില്ലേ? മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും തന്നെപ്പറ്റി എഴുതിയിരുന്നതെല്ലാം അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു*" (ലൂക്കാ 24, 25-27). എമ്മാവൂസിലെ വീട്ടിൽവച്ച് അപ്പം ആശീർവദിച്ച് പങ്കുവച്ചുകൊടുത്തപ്പോഴാണ് അത് യേശുവാണെന്ന് അവർക്കു മനസ്സിലായത്. തന്റെ മരണം ആകസ്മികമായി സംഭവിച്ചതല്ല, ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണമായിരുന്നുവെന്നും പഴയ നിയമത്തിൽ അതിനെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉത്ഥിതനായ യേശു ശിഷ്യന്മാർക്ക് പല തവണ വിശദീകരിച്ചു കൊടുത്തു.

യഹൂദരുടെ ഒരു പ്രധാന തിരുനാളായ പന്തക്കുസ്താ ദിവസം പ്രാർത്ഥനാ നിരതരായി കഴിഞ്ഞ ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ചു (അപ്പ 2, 1-4). ഇതിനെക്കുറിച്ച് യേശുതന്നെ അവർക്ക് വാഗ്ദാനം

നല്കിയിരുന്നു. തന്റെ മരണത്തിന്റെ തലേരാത്രിയിൽ ശിഷ്യന്മാരോടൊത്ത് അവസാനമായി ഭക്ഷിച്ച അത്താഴത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വാഗ്ദാനം നല്കിയത്. *"ഇനിയും വളരെക്കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും"* (യോഹ 16, 12-13). പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ ജറുസലെമിൽ കാത്തിരിക്കണം എന്ന് അനുശാസിച്ചതിനുശേഷമാണ് യേശു സ്വർഗ്ഗാരോഹണം ചെയ്തത് (ലൂക്കാ 24, 49; അപ്പ 1, 8). ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് പന്തക്കുസ്താദിനത്തിൽ സംഭവിച്ചത്.

പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ ബുദ്ധിയെ പ്രകാശിപ്പിച്ചു. പഴയനിയമത്തിലെ പ്രവചനങ്ങളും യേശുവിന്റെ വാക്കുകളും അവർക്കു പുതിയൊരു വെളിച്ചത്തിൽ കാണാൻ കഴിഞ്ഞു. യേശു യഥാർത്ഥത്തിൽ ആരാണെന്നും ഈ വെളിച്ചത്തിലാണ് അവർ ഗ്രഹിച്ചത്. യേശു വാഗ്ദാനം ചെയ്തിരുന്നതുപോലെ പരിശുദ്ധാത്മാവ് തങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുകയാണെന്ന് അവർ മനസ്സിലാക്കി.

**a. പഴയനിയമത്തിലെ പ്രവചനങ്ങൾ**

യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട പല വിശദാംശങ്ങളും പഴയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അവന്റെ പീഡാനുഭവത്തിനും മരണത്തിനും ദൃക്സാക്ഷികളായ ശിഷ്യന്മാർ ഗ്രഹിച്ചു. സങ്കീർത്തനം 22; ഏശയ്യാ 53 എന്നീ ബൈബിൾ ഭാഗങ്ങളിലാണ് പീഡാനുഭവത്തെയും മരണത്തെയും സംബന്ധിച്ച ഏറ്റം വ്യക്തമായ പ്രവചനങ്ങൾ കാണുന്നത്. അവയ്ക്കു പുറമേ വേറെയും ചില ബൈബിൾ ഭാഗങ്ങളിലും ഈ സംഭവങ്ങളെക്കുറിച്ചുള്ള സൂചനകളുണ്ട്. നാലു സുവിശേഷങ്ങളിലും അവ

സാനത്തേതിനു തൊട്ടുമുമ്പുള്ള രണ്ടധ്യായങ്ങളിലാണ് പീഡാനുഭവചരിത്രം വിവരിക്കുന്നത്. ഈ വിവരണങ്ങളിൽ സുവിശേഷകന്മാർ പഴയനിയമ പ്രവചനങ്ങൾ ഉദ്ധരിക്കുകയോ അവയിലേക്കു സൂചന നല്കുകയോ ചെയ്യുന്നുണ്ട്. ഈ പ്രവചനങ്ങളിലും സൂചനകളിലും പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. മത്തായി എഴുതിയ സുവിശേഷത്തെ അടിസ്ഥാനമായി എടുത്തുകൊണ്ടാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ആ സുവിശേഷത്തിൽ ഇല്ലാത്ത മറ്റു സുവിശേഷങ്ങളിലെ സൂചനകളും എടുത്തു കാട്ടിയിട്ടുണ്ട്.

**1. യേശുവിനെ വധിക്കാൻ ആലോചന:** പുരോഹിത പ്രമുഖന്മാരും ജനപ്രമാണികളും യേശുവിനെ വധിക്കാൻ ആലോചിച്ചു. മത്താ 26, 3-4; ഹേറോദേസ് രാജാവും റോമൻ ഗവർണ്ണർ പീലാത്തോസും ഇസ്രായേൽ ജനവും ഈ ആലോചനയുടെ ഭാഗമായിത്തീർന്നു. അപ്പ 4, 27 = സങ്കീ 2, 2. "*കർത്താവിനും അവിടുത്തെ അഭിഷിക്തനുമെതിരേ ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുന്നു. ഭരണാധിപന്മാർ കൂടിയാലോചിക്കുന്നു.*" ജ്ഞാനം 2, 12 കാണുക.

**2. യേശുവിനെ ഒറ്റിക്കൊടുക്കുന്നതിനു മുപ്പതു വെള്ളി നാണയം കൂലി നിശ്ചയിച്ചു:** മത്താ 26, 15 = സഖറിയാ 11, 12-13; "*അവർ എന്റെ കൂലിയായി മുപ്പതു ഷെക്കൽ തൂക്കിത്തന്നു... അവർ എനിക്കു മതിച്ച നല്ല വില!*"

**3. ഉറ്റ സുഹൃത്ത് ഒറ്റിക്കൊടുക്കും എന്ന പ്രവചനം:** "*എന്നോടുകൂടെ പാത്രത്തിൽ കൈമുക്കുന്നവൻ എന്നെ ഒറ്റിക്കൊടുക്കും*" മത്താ 26, 23 = സങ്കീ 41, 9: "*ഞാൻ വിശ്വസിച്ചവനും എന്റെ ഭക്ഷണത്തിൽ പങ്കുചേർന്നവനുമായ എന്റെ പ്രാണസ്നേഹിതൻ പോലും എനിക്കെതിരായി കുതികാൽ ഉയർത്തിയിരിക്കുന്നു.*"

**4. യേശുവിന്റെ അഗാധമായ ദുഃഖം:** മത്താ 26, 38 =

സങ്കീ 42,6: "*എന്റെ ആത്മാവ് വിഷാദം പൂണ്ടിരിക്കുന്നു.*"
**5. പുതിയ ഉടമ്പടിയുടെ രക്തം**: "*ഇതു പാപമോചനത്തി നായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയു ടേതുമായ എന്റെ രക്തമാകുന്നു*" (മത്താ 26, 28 = സഖ റിയാ 9, 11 "*നീയുമായുള്ള എന്റെ ഉടമ്പടിയുടെ രക്തം നിമിത്തം പ്രവാസികളെ ഞാൻ ജലരഹിതമായ കുഴി യിൽനിന്ന് സ്വതന്ത്രരാക്കും.*"
**6. യേശുവിനെ ബന്ധിച്ചപ്പോൾ ശിഷ്യന്മാർ ഓടിപ്പോയി**: യേശു ശിഷ്യരോടു പറഞ്ഞു: "*ഈ രാത്രി നിങ്ങൾ എല്ലാ വരും എന്നിൽ ഇടറും. ഞാൻ ഇടയനെ അടിക്കും; ആടു കൾ ചിതറിപ്പോകും എന്ന് എഴുതപ്പെട്ടിരിക്കുന്നു.*" മത്താ 26, 31 = സഖറിയാ 13, 7: "*എന്റെ ഇടയനെതിരേ....വാളേ നീ ഉയരുക, ഇടയനെ വെട്ടുക, ആടുകൾ ചിതറട്ടെ.*"
**7. പിതാവിന്റെ ഹിതമനുസരിച്ച് മരണം ഏറ്റെടുക്കാൻ യേശു തയ്യാറായി**: "*പിതാവേ സാധ്യമെങ്കിൽ ഈ പാന പാത്രം എന്നിൽ നിന്നകന്നുപോകട്ടെ. എങ്കിലും എന്റെ ഹിതം പോലെയല്ല അവിടുത്തെ ഹിതം പോലെയാകട്ടെ.*" മത്താ 26, 39 = സങ്കീ 40, 68: "*ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിക്കുന്നില്ല..... അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു, പുസ്തകച്ചുരുളിൽ എന്നെപ്പറ്റി എഴു തിയിട്ടുണ്ട്. എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേ റ്റുകയാണ് എന്റെ സന്തോഷം.*"
**8. യേശുവിനെതിരേ അനേകം കള്ളസാക്ഷികൾ സാക്ഷ്യം നല്കി**: മത്താ 26, 60 = സങ്കീ 27, 12: "*കള്ള സാക്ഷികൾ എനിക്കെതിരേ ഉയർന്നിരിക്കുന്നു.*"
**9. വിചാരണയുടെയും പീഡനങ്ങളുടെയും മധ്യത്തിൽ യേശു നിശ്ശബ്ദനായിരുന്നു**: മത്താ 26: 63 = ഏശാ 53, 7. "*അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും ... അവൻ മൗനം പാലിച്ചു.*"
**10. യേശുവിനെ അവർ പ്രഹരിച്ചു**. മത്താ 27, 26 = ഏശ

53, 45. "*ദൈവം അവനെ പ്രഹരിക്കുകയും ... ചെയ്തെന്ന് നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു.*"

**11. യേശുവിനെ അവർ പരിഹസിച്ചു:** മത്താ 27, 29 = ഏശ 53, 4: ''*അവൻ നിന്ദിക്കപ്പെട്ടു. അവനെ നാം ബഹുമാനിച്ചതുമില്ല.*"

**12. യേശുവിനെ കൊല്ലാനായി കൊണ്ടുപോയി:** മത്താ 27, 31 = ഏശ 53, 7: "*അവൻ മർദ്ദിക്കപ്പെടുകയും..... കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും....*"

**13. യേശു കുറ്റവാളികളുടെ കൂടെ എണ്ണപ്പെട്ടു:** രണ്ടുകലാപകാരികളുടെ മധ്യേ ക്രൂശിതനായി: ലൂക്കാ 22, 37; മത്താ 27, 38 = ഏശ 53, 12: "*അവൻ പാപികളോടുകൂടെ എണ്ണപ്പെടുകയും ചെയ്തു.*"

**14. യേശുവിന്റെ കൈകാലുകൾ കുരിശിൽ തറച്ചു:** മത്താ 27, 35 = സങ്കീ 22, 16 "*അവർ എന്റെ കൈകാലുകൾ കുത്തിത്തുളച്ചു.*"

**15. യേശുവിന്റെ സ്നേഹിതർ അകലെ നോക്കി നിന്നു:** മത്താ 27, 55 = സങ്കീ 38, 11 "*എന്റെ സുഹൃത്തുക്കളും കൂട്ടുകാരും മഹാമാരി നിമിത്തം എന്നിൽ നിന്ന് അകന്നു നിൽക്കുന്നു, ഉറ്റവർ അകന്നു മാറുന്നു.*"

**16. അവന്റെ വസ്ത്രങ്ങൾ അവർ പങ്കുവച്ചു; അങ്കിക്കായി കുറിയിട്ടു:** യോഹ 19, 23-24 = സങ്കീ 22, 18 "*അവർ എന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുക്കുന്നു; എന്റെ അങ്കിക്കായി അവർ നറുക്കിടുന്നു.*"

**17. യേശുവിനു വിനാഗിരി കുടിക്കാൻ കൊടുത്തു:** മത്താ 27, 48 = സങ്കീ 69, 21: "*ഭക്ഷണമായി വിഷം തന്നു; ദാഹത്തിന് അവർ എനിക്ക് വിനാഗിരി തന്നു.*"

**18. ക്രൂശിതനായ യേശുവിനെ അനേകർ പരിഹസിച്ചു:** മത്താ 27, 39-44 = സങ്കീ 22, 6: "*കാണുന്നവരെല്ലാം എന്നെ*

*അവഹേളിക്കുന്നു.*" (ഈ പരിഹാസങ്ങളിൽ പലതും 22-ാം സങ്കീർത്തനത്തിൽ നിന്നുള്ള ഉദ്ധരണികളാണ്: മത്താ 27, 40-43 = സങ്കീ 22, 8).

**19. യേശുവിന്റെ ഉച്ചത്തിലുള്ള നിലവിളി:** "*എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?* " മത്താ 27, 46 = സങ്കീ 22, 1.

**20. മധ്യാഹ്നത്തിൽ അന്ധകാരം വ്യാപിച്ചു:** മത്താ 27, 46 = ആമോ 8, 9: "*അന്ന് മധ്യാഹ്നത്തിൽ സൂര്യൻ അസ്തമിക്കും; നട്ടുച്ചയ്ക്ക് ഞാൻ ഭൂമിയെ അന്ധകാരത്തിൽ ആഴ്ത്തും.*"

**21. അവസാനത്തെ പ്രാർത്ഥന:** "*പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.*" ലൂക്കാ 23, 46 = സങ്കീ 31:5.

**22. യേശുവിന്റെ അസ്ഥികൾ ഒന്നു പോലും തകർക്കപ്പെട്ടില്ല:** യോഹ 19, 36 = പുറ 12, 46.

**23. പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി:** യോഹ 19, 34 = സഖറിയാ 12, 10: "*തങ്ങൾ കുത്തി മുറിവേല്പിച്ചവനെ നോക്കി... വിലപിക്കും.*"

**24. യേശുവിന്റെ മരണം കണ്ട ജനക്കൂട്ടം മാറത്തടിച്ചു വിലപിച്ചുകൊണ്ടു തിരിച്ചുപോയി:** ലൂക്കാ 24, 48 = സഖറിയാ 12, 10.

**25. ധനികന്റെ കല്ലറയിൽ സംസ്ക്കരിക്കപ്പെട്ടു:** യോഹ 19, 39-42 = ഏശ 53, 9.

യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ചു മാത്രമല്ല, ഉത്ഥാനത്തെക്കുറിച്ചും പഴയ നിയമത്തിൽ ചില സൂചനകൾ കാണാം. പീഡാനുഭവത്തെ വിശദമായി ചിത്രീകരിക്കുന്ന 22-ാം സങ്കീർത്തനം പീഡിതൻ മഹത്വീകരിക്കപ്പെടുന്നതിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. അതിനു പുറമെ, താഴെ കൊടുത്തിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ ഉത്ഥാനത്തെ

കുറിച്ച് വ്യക്തമായ സുചനകൾ ഉൾക്കൊള്ളുന്നു.

സങ്കീ 16, 10: "*അവിടുന്ന് എന്നെ പാതാളത്തിൽ തള്ളുകയില്ല; അങ്ങയുടെ പരിശുദ്ധൻ ജീർണ്ണിക്കാൻ അനുവദിക്കുകയുമില്ല.*" = അപ്പ 2, 31; 13, 35.

ഹോസി 6, 2: "*രണ്ടു ദിവസത്തിനുശേഷം അവിടുന്ന് നമുക്കു ജീവൻ നല്കും; മൂന്നാം ദിവസം അവിടുന്ന് നമ്മെ ഉയിർപ്പിക്കും.*" മത്താ 16, 21

ഏശ 53, 10–11: "*പാപപരിഹാര ബലിയായി അവൻ തന്നെത്തന്നെ അർപ്പിക്കുമ്പോൾ അവൻ തന്റെ സന്തതി പരമ്പരയെ കാണുകയും ദീർഘായുസു പ്രാപിക്കുകയും ചെയ്യും. തന്റെ കഠിന വേദനയുടെ ഫലം കണ്ട് അവൻ സംതൃപ്തനാകും.*"

**b. പഴയനിയമത്തിലെ പ്രതീകങ്ങൾ**

മേലുദ്ധരിച്ച പ്രവചനങ്ങൾക്കു പുറമേ യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയും സൂചിപ്പിക്കുന്ന ചില പ്രതീകങ്ങൾ പഴയനിയമത്തിൽ കാണാം. അവയിൽ പ്രധാനപ്പെട്ട നാലെണ്ണം ചുവടെ ചേർക്കുന്നു.

**1. ആബേൽ: ഉൽപ 4, 1–8**

നിഷ്കളങ്കനായ ആബേൽ അർപ്പിച്ച ബലി ദൈവത്തിനു സ്വീകാര്യമായി. അതിൽ അസൂയാലുവും കുപിതനുമായ സഹോദരൻ കായേൻ അവനെ വധിച്ചു. സഹോദരനാൽ കൊല്ലപ്പെട്ട ആബേൽ സ്വന്തം ജനത്താൽ തിരസ്കരിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത യേശുവിന്റെ പ്രതീകമായിരുന്നു.

**2. ഇസഹാക്ക്: ഉൽപ 22, 1–18**

അബ്രാഹത്തിന് സാറായിൽ ജനച്ച ഏക പുത്രനാണ് ഇസഹാക്ക്. അവനെ മലമുകളിൽ ദഹനബലിയായി അർപ്പിക്കാൻ കർത്താവ് അബ്രാഹത്തോട് ആവശ്യപ്പെട്ടു. കർത്താവിന്റെ കല്പനയനുസരിച്ച് അബ്രാഹം പുറപ്പെട്ടു. ബലിയർപ്പിക്കാൻ ആവശ്യമായ വിറക് ഇസഹാ

ക്കിന്റെ ചുമലിൽ വച്ചുകൊടുത്തു. കയ്യിൽ കത്തിയും തീയുമായി മലകയറുന്ന അബ്രാഹത്തോട് മകൻ ചോദിച്ചു: പിതാവേ, തീയും വിറകുമുണ്ടല്ലോ; എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ? ദൈവം തരും എന്ന് അബ്രാഹം മറുപടി പറഞ്ഞു. മലമുകളിൽ ബലിപീഠം ഒരുക്കി ഇസഹാക്കിനെ കിടത്തി, വധിക്കാൻ കത്തിയെടുത്ത അബ്രാഹത്തെ ദൈവം വിലക്കി. പകരം ഒരു കുഞ്ഞാടിനെ കാണിച്ചു കൊടുത്തു. അങ്ങനെ അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിച്ചു; അതേസമയം അവനെ ജീവനോടെ തിരിച്ചുകിട്ടുകയും ചെയ്തു. കുരിശു ചുമന്ന് ഗാഗുൽത്താമല കയറുകയും കുരിശിൽ മരിക്കുകയും മരണത്തിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുവിന്റെ ചിത്രം ഇസഹാക്കിൽ തെളിയുന്നു.

**3. പെസഹാക്കുഞ്ഞാട്: പുറ 12, 1-14**

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽക്കാർക്കു മോചനം ലഭിച്ച ദിവസത്തെയാണ് *പെസഹാ* എന്നു വിളിക്കുന്നത്. അന്നു രാത്രി ഈജിപ്തിലെ ആദ്യജാതന്മാരെല്ലാം കൊല്ലപ്പെട്ടപ്പോൾ ഇസ്രായേൽക്കാരിൽ ആർക്കും ഒരപകടവും സംഭവിച്ചില്ല. സംഹാരദൂതൻ അവരുടെ വീടുകൾ കടന്നു പോയി. കാരണം കർത്താവിന്റെ കൽപനയനുസരിച്ച് അവരുടെ വീടിന്റെ കട്ടിളക്കാലുകളിൽ കുഞ്ഞാടിന്റെ രക്തം പുരട്ടിയിരുന്നു. അതിനുവേണ്ടി കൊന്ന കുഞ്ഞാടിനെ *പെസഹാക്കുഞ്ഞാട്* എന്നു വിളിക്കുന്നു. തന്റെ രക്തം വഴി ഇസ്രായേൽക്കാരെ മരണത്തിൽനിന്നും അടിമത്തത്തിൽനിന്നും മോചിപ്പിച്ച പെസഹാക്കുഞ്ഞാട് യേശുവിന്റെ പ്രതീകമായിരുന്നു.

**4. പാപപരിഹാര ദിനത്തിലെ ബലിയാട്: ലേവ്യർ 16**

ആണ്ടുതോറും ഏഴാം മാസം പത്താം ദിവസം ഇസ്രായേൽ ജനം പാപപരിഹാര ദിനമായി ആചരിച്ചുപോ

ന്നു. അന്ന് അർപ്പിച്ചിരുന്ന രണ്ടു ബലികളിൽ യേശുവിന്റെ മരണത്തെക്കുറിച്ചുള്ള സൂചനകൾ കാണാം. രണ്ട് കോലാടുളെ പ്രധാനപുരോഹിതന്റെ മുമ്പിൽ കൊണ്ടുവരും. അതിൽ ഒന്നിന്റെ മേൽ കൈകൾവച്ചു കൊണ്ട് അയാൾ ജനത്തിന്റെ മുഴുവൻ പാപം ഏറ്റുപറഞ്ഞതിനു ശേഷം അതിനെ മരുഭൂമിയിലേക്ക് അയയ്ക്കും. ജനത്തിന്റെ പാപം മുഴുവൻ വഹിച്ചുകൊണ്ട് അതു മരുഭൂമിയിലേക്കു പോകുന്നു എന്നാണ് സൂചന. രണ്ടാമത്തെ ആടിനെ ദഹനബലിയായി അർപ്പിക്കും. പാപവിമുക്തമായ ജനം ദൈവത്തിന് പ്രീതികരമായ കാഴ്ചയായി സമർപ്പിക്കപ്പെടുന്നതിന്റെ പ്രതീകമാണിത്. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ 1, 29) എന്ന് യേശുവിനെ വിശേഷിപ്പിക്കുമ്പോൾ ഈ പ്രതീകത്തിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്. യേശു കുരിശു വഹിച്ചു പട്ടണത്തിനു പുറത്തേക്ക് പോയപ്പോൾ ആദ്യത്തെ ആടിന്റെയും കുരിശിൽ മരിച്ചപ്പോൾ രണ്ടാമത്തെ ആടിന്റെയും പ്രതീകങ്ങൾ പൂർത്തിയായി.

പഴയനിയമത്തിലെ പ്രവചനങ്ങളും പ്രതീകങ്ങളും വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പഴയനിയമം വിശദമായി പഠിച്ചതിനുശേഷം അതിൽ കാണുന്നവയെല്ലാം യേശുവിൽ നിറവേറി എന്നു സ്ഥാപിക്കാൻ ശ്രമിക്കുകല്ല, നേരേ മറിച്ച്, യേശുവിൽ സംഭവിച്ച കാര്യങ്ങൾക്കു വിശദീകരണവും വ്യാഖ്യാനവും തേടി പഴയനിയമത്തിലേക്കു തിരിയുകയാണ് ശിഷ്യന്മാർ ചെയ്തത്. യേശുവിൽ പൂർത്തീകരിക്കപ്പെട്ടതിനാൽ മാത്രമാണ് അവ യഥാർത്ഥ പ്രവചനങ്ങളായിരുന്നെന്നും ആ പ്രവചനങ്ങളുടെ അർത്ഥം എന്തായിരുന്നെന്നും ശിഷ്യന്മാർക്കു ഗ്രഹിക്കാൻ കഴിഞ്ഞത്. പഴയനിയമത്തിലെ പ്രവചനങ്ങൾ മാത്രമല്ല, യേശുവിന്റെ തന്നെ മുന്നറിയിപ്പുകളും ഉത്ഥാനത്തിനുശേഷമേ ശിഷ്യന്മാർക്കു ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ.

# 4. മുന്നറിയിപ്പുകളും വ്യാഖ്യാനവും

**a. യേശു നല്കിയ മുന്നറിയിപ്പുകൾ**

യേശുവിനെ സംബന്ധിച്ചിടത്തോളം പീഡാനുഭവവും മരണവും അപ്രതീക്ഷിതമായി സംഭവിച്ച അത്യാഹിതമായിരുന്നില്ല. അത് അനിവാര്യമാണെന്നും ദൈവം ഒരുക്കിയ രക്ഷാപദ്ധതിയുടെ ഭാഗമാണെന്നും ഉള്ള വ്യക്തമായ അവബോധം ആരംഭം മുതലേ യേശുവിന് ഉണ്ടായിരുന്നു. പരസ്യജീവിതത്തിന്റെ രണ്ടാം പകുതിയിൽ ഇക്കാര്യം ശിഷ്യന്മാരെ കൂടുതൽ കൂടുതൽ വ്യക്തതയോടെ അനേകം തവണ അറിയിക്കുകയും ചെയ്തു. ഈ മുന്നറിയിപ്പുകളെ *പീഡാനുഭവ പ്രവചനങ്ങൾ* എന്നു വിളിക്കുന്നു. ഇപ്രകാരമുള്ള മൂന്നു പ്രവചനങ്ങൾ ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്.

യേശുവിനെ ക്രിസ്തുവായി, അഥവാ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനായി, ശിഷ്യന്മാരുടെ പ്രതിനിധിയെന്നവണ്ണം പത്രോസ് ഏറ്റു പറഞ്ഞതിനെ തുടർന്നാണ് വ്യക്തമായ ആദ്യത്തെ പ്രവചനം നടത്തിയത്. "*മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ പ്രധാന പുരോഹിതന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്ക്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കു ശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന് അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി*" (മർക്കോ 8, 31; മത്താ 16, 21; ലൂക്കാ 9, 22). പാപം ഒഴികെ മനുഷ്യന്റെ സകല ബലഹീനതകളും സ്വന്തം ശരീരത്തിൽ ഏറ്റെടുത്ത യഥാർത്ഥ മനുഷ്യനാണ് താൻ എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് യേശു *മനുഷ്യപുത്രൻ* എന്നു സ്വയം വിശേഷിപ്പിച്ചത്. *ചെയ്യേണ്ടിയിരിക്കുന്നു* എന്ന പദപ്രയോഗം അത് ദൈവിക പദ്ധതിയാണെന്നു സൂചിപ്പിക്കുന്നു. പരസ്യജീവിതത്തിന്റെ രണ്ടാം

ഭാഗത്ത് യേശു ശിഷ്യന്മാർക്ക് നല്കിയ പ്രബോധനങ്ങൾ അധിക പങ്കും തന്റെ പീഡാനുഭവത്തെയും മരണ ത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ളതായിരുന്നു എന്ന് സൂചിപ്പിക്കുന്നതാണ് *പഠിപ്പിക്കാൻ തുടങ്ങി* എന്ന പ്രയോ ഗം.

രണ്ടാമത്തെ പ്രവചനം (മർക്കോ 9, 31; മത്താ 17, 22; ലൂക്കാ 9, 44) വളരെ ഹ്രസ്വമാണ്. എന്നാൽ മൂന്നാ മത്തെ പ്രവചനം വളരെ വിശദമത്രേ. "*അവൻ പന്ത്രണ്ടു പേരെയും വിളിച്ച് തനിക്കു സംഭവിക്കാനിരിക്കുന്ന കാര്യ ങ്ങൾ പറയാൻ തുടങ്ങി. ഇതാ നമ്മൾ ജറുസലേമിലേക്ക് പോകുന്നു. മനുഷ്യപുത്രൻ പ്രാധാനപുരോഹിതന്മാർക്കും നിയമജ്ഞന്മാർക്കും ഏല്പിക്കപ്പെടും. അവർ അവനെ മരണത്തിന് വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചു കൊടുക്കുകയും അവർ അവനെ പരിഹസിക്കുകയും അവന്റെ മേൽ തുപ്പുകയും അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. മൂന്നു ദിവസങ്ങൾക്കുശേഷം അവൻ ഉയിർത്തെഴുന്നേൽക്കും.*" (മർക്കോ 10, 32-34; മത്താ 20, 17-19; ലൂക്കാ 18, 31-34).

വ്യക്തവും വിശദവുമായ ഈ പ്രവചനങ്ങൾക്കു പുറമേ യേശു നല്കിയ അനേകം സൂചനകളും സുവി ശേഷങ്ങളിൽ കാണാം. പരസ്യജീവിതത്തിന്റെ ആരംഭ ത്തിൽ ദേവാലയ ശുദ്ധീകരണത്തെത്തുടർന്ന് തന്റെ അധി കാരത്തെ ചോദ്യം ചെയ്ത യഹൂദനേതാക്കൾ അടയാളം ആവശ്യപ്പെട്ടപ്പോൾ യേശു കൊടുത്ത മറുപടി: "*നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുവിൻ; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും*" (യോഹ 2, 19). മരണ ത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള ഒരു സൂചനയാണ് അതു സുവിശേഷകൻ എടുത്തു പറയുന്നുമുണ്ട്: "*അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്*" (യോഹ 2, 21).

ഒരു രാത്രിയിൽ തന്നെ സന്ദർശിക്കാൻ വന്ന നിക്കോദേമോസിനോട് യേശു പറഞ്ഞു "*മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകുന്നതിന് മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു*" (യോഹ 3, 14 –15). "ഉയർത്തപ്പെടുക" എന്ന പദം കുരിശു മരണത്തെയാണ് സൂചിപ്പിക്കുന്നത്. അതേ സമയം മരണം വഴി യേശു മഹത്വീകരിക്കപ്പെടുകയാണെന്നും സൂചിപ്പിക്കുന്നു (യോഹ 12, 32).

"*എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്. അത് പൂർത്തിയാകുന്നതുവരെ ഞാൻ എത്ര ഞെരുങ്ങുന്നു*" (ലൂക്കാ 12, 50) എന്ന വചനത്തിൽ മരണത്തെ ഒരു സ്നാനമായി ചിത്രീകരിക്കുന്നു. ഇസ്രായേൽജനം ചെങ്കടൽ കടന്നതിനെ അനുസ്മരിപ്പിക്കുന്നതാണ് *സ്നാനം* എന്ന പ്രയോഗം. മരണം വഴി താൻ ഈ ലോകം വിട്ട് പിതാവിന്റെയടുക്കലേക്കു പോകുന്നു എന്ന അവബോധമാണ് ഇതിലൂടെ ശിഷ്യന്മാർക്ക് പകരുന്നത്. ഹേറോദേസ് രാജാവ് തന്നെ വധിക്കാൻ ആലോചിക്കുന്നു എന്ന് അറിയിച്ച ഫരിസേയരരോട് യേശു പറഞ്ഞു: "*നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ, ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നല്കുകയും ചെയ്യും. മൂന്നാം ദിവസം എന്റെ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും.... ജറുസലേമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശിക്കുക സാധ്യമല്ല*" (ലൂക്കാ 13, 31 –33). തന്റെ മരണം ജറുസലേമിലായിരിക്കുമെന്നും അതു ദൈവനിശ്ചയപ്രകാരമാണെന്നും ഹേറോദേസിനെന്നല്ല, ആർക്കും അതിനെ ഒരു വിധത്തിലും മാറ്റാൻ സാധിക്കുകയില്ലെന്നുമുള്ള അവബോധമാണ് യേശുവിന്റെ ഈ വചനങ്ങളിൽ പ്രതിധ്വനിക്കുന്നത്.

ഇതേ ആശയം പ്രകടമാക്കുന്നതാണ് തന്നെ ഒറ്റി

ക്കൊടുക്കാൻ പോകുന്ന ശിഷ്യനെക്കുറിച്ച് അന്ത്യ അത്താഴവേളയിൽ പറഞ്ഞ വാക്കുകൾ: "*മനുഷ്യപുത്രൻ എഴുതപ്പെട്ടിരിക്കുന്നതുപോലെ പോകുന്നു. എന്നാൽ മനുഷ്യപുത്രനെ ആർ ഒറ്റിക്കൊടുക്കുന്നുവോ അവനു ദുരിതം*" (മത്താ 26, 24). ഗദ്സെമെൻ തോട്ടത്തിൽ വച്ച്, യേശുവിനെ അറസ്റ്റുചെയ്യാൻ വന്ന പടയാളികൾക്കെതിരേ വാളെടുത്ത പത്രോസിനോടു പറഞ്ഞ വാക്കുകളുടെയും ആശയം ഇതു തന്നെ: "*വാൾ ഉറയിലിടുക. വാളെടുക്കുന്നവൻ വാളാൽ നശിക്കും. എനിക്ക് എന്റെ പിതാവിനോട് അപേക്ഷിക്കാൻ കഴിയുകയില്ലെന്നും ഉടൻതന്നെ അവിടുന്ന് എനിക്കു തന്റെ ദൂതന്മാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചു തിരികയില്ലെന്നും നീ വിചാരിക്കുന്നുവോ? അങ്ങനെയെങ്കിൽ ഇപ്രകാരം സംഭവിക്കണം എന്ന വിശുദ്ധ ലിഖിതം എങ്ങനെ നിറവേറും?*" (മത്താ 26, 53-54). ഉത്ഥാനത്തിനു ശേഷവും യേശു ഈ പ്രബോധനം തുടർന്നു: "*മോശയുടെ നിയമത്തിലും പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നു ഞാൻ നിങ്ങളോടു കൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ. വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവണ്ണം അവൻ അവരുടെ മനസ്സു തുറന്നു. അവൻ പറഞ്ഞു: ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽക്കുകയും ചെയ്യണം.*" (ലൂക്കാ 24 44-46).

**b. ആദിമ പ്രഘോഷണങ്ങളിൽ**

യേശുവിന്റെ ആദ്യശിഷ്യന്മാരെല്ലാംതന്നെ യഹൂദരായിരുന്നു. യഹൂദരുടെ ഇടയിലാണ് അവർ ആദ്യമേ സുവിശേഷം പ്രഘോഷിച്ചത്. ആദ്യത്തെ പ്രഘോഷണങ്ങൾ ജറുസലേമിൽത്തന്നെ ആയിരുന്നു. തങ്ങൾ തള്ളിപ്പറയുകയും റോമാക്കാർക്ക് ഏല്പിച്ചുകൊടുക്കുകയും

കുരിശിൽ തറച്ചു കൊല്ലാൻ നിർബന്ധിക്കുകയും ചെയ്ത നസ്രത്തിലെ യേശുവിനെ രക്ഷകനായി സ്വീകരിക്കുക യഹൂദർക്ക് എളുപ്പമായിരുന്നില്ല. അവരോടു സുവിശേഷം പ്രസംഗിച്ച ശിഷ്യന്മാർ തങ്ങളുടെ പൊതു വിശ്വാസ പാരമ്പര്യമായ പഴയ നിയമത്തിൽ നിന്ന് പ്രവചനങ്ങളും പ്രതീകങ്ങളും ഉദ്ധരിച്ചുകൊണ്ട് യേശുവാണ് തങ്ങൾ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ എന്നും അവനിൽ സംഭവിച്ച തെല്ലാം ദൈവിക പദ്ധതിക്ക് അനുസരിച്ച് ആയിരുന്നു എന്നും സ്ഥാപിക്കാൻ ശ്രമിക്കുക തികച്ചും സ്വാഭാവിക മായിരുന്നു. ദൈവം ഒരുക്കിയ രക്ഷാപദ്ധതിയുടെ പൂർത്തീ കരണമായി യേശുവിനെ സ്വീകരിക്കാൻ ഇത് യഹൂദർക്ക് സഹായകമായി.

പന്തക്കുസ്താ ദിവസം ജറുസലേമിൽ തടിച്ചുകൂ ടിയ യഹൂദ ജനാവലിയോട് വി. പത്രോസ് നടത്തിയ ആദ്യത്തെ സുവിശേഷപ്രഘോഷണത്തിൽ നിന്ന് ഇത് വ്യക്തമാകുന്നു. "*ഇസ്രായേൽ ജനങ്ങളേ, ഈ വാക്കു കൾ കേൾക്കുവിൻ. നിങ്ങൾക്കറിയാവുന്നതുപോലെ, ദൈവം നസ്രായനായ യേശുവിനെ, താൻ അവൻ വഴി നിങ്ങളുടെ ഇടയിൽ പ്രവർത്തിച്ച മഹത്തായ കാര്യ ങ്ങൾകൊണ്ടും തന്റെ അത്ഭുത കൃത്യങ്ങളും അടയാള ങ്ങളും കൊണ്ടും നിങ്ങൾക്ക് സാക്ഷ്യപ്പെടുത്തിത്തന്നു. അവൻ ദൈവത്തിന്റെ നിശ്ചിത പദ്ധതിയും പൂർവ്വജ്ഞാ നവും അനുസരിച്ച് നിങ്ങളുടെ കൈകളിൽ ഏൽപിക്ക പ്പെട്ടു. അധർമ്മികളുടെ കൈകളാൽ അവനെ നിങ്ങൾ കുരിശിൽ തറച്ചു കൊന്നു. എന്നാൽ ദൈവം അവനെ മൃത്യുപാശത്തിൽനിന്ന് വിമുക്തനാക്കി ഉയിർപ്പിച്ചു*" (അപ്പ 2, 22-24). പത്രോസ് തുടർന്ന് യേശുവിന്റെ ഉത്ഥാനത്തെ സൂചിപ്പിക്കുന്ന പ്രവചനങ്ങൾ സങ്കീർത്തനങ്ങളിൽ നിന്ന് ഉദ്ധരിച്ചു (സങ്കീ 16, 8-11; 110, 1). പ്രവചനങ്ങളെ അടിസ്ഥാ നമാക്കിയുള്ള പത്രോസിന്റെ പ്രസംഗം കേൾവിക്കാരെ

ഗാഢമായി സ്പർശിച്ചു. അന്നു തന്നെ മൂവായിരത്തിൽപരം ആളുകൾ യേശുവിൽ വിശ്വസിച്ചു (അപ്പ 2, 37-41). തുടർന്നുള്ള പ്രസംഗങ്ങളിലും ഇതേ ശൈലിയാണ് ശിഷ്യന്മാർ സ്വീകരിച്ചത്: "*തന്റെ അഭിഷിക്തൻ ഇവയെല്ലാം സഹിക്കണമെന്ന് പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അരുളിച്ചെയ്തത് അവിടുന്ന് ഇങ്ങനെ പൂർത്തിയാക്കി*" (അപ്പ 3, 18).

പ്രസംഗങ്ങളിൽ മാത്രമല്ല, സഭാസമൂഹങ്ങൾക്ക് എഴുതിയ ലേഖനങ്ങളിലും ഈ ആശയം പ്രതിഫലിക്കുന്നുണ്ട്. യേശുവിന്റെ മരണവും ഉത്ഥാനവും ദൈവിക പദ്ധതിപ്രകാരമായിരുന്നുവെന്ന് കോറിന്തോസിലെ സഭയെ വി. പൗലോസ് അനുസ്മരിപ്പിച്ചു: "*എനിക്കു ലഭിച്ചത് സർവ്വ പ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു. വി. ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തു*" (1 കോറി 15, 3). എല്ലാ വിശ്വാസികൾക്കുമായി എഴുതിയ ലേഖനത്തിൽ വി. പത്രോസ് ഇതേ സത്യം അവതരിപ്പിക്കുന്നുണ്ട്: "*ക്രിസ്തു സഹിക്കേണ്ടിയിരുന്ന പീഡകളെക്കുറിച്ചും അനന്തര മഹത്വത്തെക്കുറിച്ചും അവരിൽ ഉണ്ടായിരുന്ന ക്രിസ്തുവിന്റെ ആത്മാവ് മുൻകൂട്ടി പ്രവചിച്ചു*" (1 പത്രോ 1, 11).

ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു. യേശുവിന്റെ മരണം അപ്രതീക്ഷിതമായി സംഭവിച്ച ഒരത്യാഹിതമല്ല. ചരിത്രപരമായ അനേകം വിശദീകരണങ്ങൾ അതിനു കണ്ടെത്താമെങ്കിലും ആത്യന്തികമായി അത് ദൈവിക പദ്ധതിയുടെതന്നെ ഭാഗമായിരുന്നു. ഇവിടെ ചരിത്രത്തിന്റെ പരിധികൾക്കപ്പുറത്ത്, ചരിത്രത്തെ നയിക്കുന്ന ദൈവത്തിലേക്ക് തിരിയണം. അതിന് ബുദ്ധിയും യുക്തിയും പോരാ, വിശ്വാസവും ആവശ്യമാണ്. വിശ്വാ

സത്തിന്റെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും അർത്ഥം കൂടുതൽ വ്യക്തമാകും. അതാണ് അടുത്ത അധ്യായത്തിൽ നാം ചെയ്യുക.

# 5. യേശുവിന്റെ ആത്മസമർപ്പണം

മനുഷ്യകുലത്തിനു രക്ഷ നല്കാൻ ദൈവം ഒരുക്കിയ പദ്ധതിയുടെ ഭാഗമാണ് യേശുവിന്റെ മരണവും ഉത്ഥാനവും എന്ന് കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടു. രക്ഷ, ദൈവികപദ്ധതി മുതലായവതന്നെ വിശ്വാസത്തിന്റെ വെളിച്ചത്തിലേ മനസ്സിലാക്കാനും സ്വീകരിക്കാനും കഴിയൂ. കാരണം മനുഷ്യവർഗ്ഗം മുഴുവൻ പാപത്തിന് അധീനമായിരിക്കുന്നുവെന്നും സ്വന്തം പ്രയത്നങ്ങൾ വഴി മനുഷ്യന് പാപത്തിൽ നിന്നു മോചനം നേടാൻ കഴിയുകയില്ലെന്നും അംഗീകരിക്കുമ്പോൾ മാത്രമേ ദൈവം ഒരുക്കുന്ന രക്ഷാകരപദ്ധതിയെക്കുറിച്ചു ചിന്തിക്കാൻപോലും സാധിക്കുകയുള്ളൂ. യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും കുറിച്ചു തുടർന്നു പ്രതിപാദിക്കുന്ന കാര്യങ്ങൾ കൂടുതൽ വിശ്വാസം ആവശ്യപ്പെടുന്നവയാണ്.

എഴുതപ്പെട്ട ദൈവവചനമായ ബൈബിൾ യേശുവിന്റെ മരണത്തെയും ഉത്ഥാനത്തെയും കുറിച്ചു നല്കുന്ന പഠനങ്ങൾ ഇങ്ങനെ സമാഹരിക്കാം: **മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നു രക്ഷിച്ച്, ദൈവത്തോടും പരസ്പരവും രമ്യതപ്പെടുത്തി, ദൈവികജീവൻ പ്രദാനം ചെയ്ത്, ദൈവമക്കളാക്കി മാറ്റുന്നതിനുവേണ്ടി, ദൈവികപദ്ധതിയനുസരിച്ച് മനുഷ്യനായി അവതരിച്ച ദൈവപുത്രൻ, സ്വമനസാ അർപ്പിച്ച സ്നേഹബലിയാണ് കുരിശുമരണം. ഈ ലക്ഷ്യങ്ങളെല്ലാം തത്വത്തിൽ നേടിക്കഴിഞ്ഞു എന്നതിന്റെ അനിഷേധ്യമായ തെളിവാണ് യേശുവിന്റെ ഉത്ഥാനം**. ഈ പ്രസ്താവനയിലെ ഓരോ ഘടകവും ബൈബിളിന്റെ തന്നെ വെളിച്ചത്തിൽ വിശദീകരിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

**a. സ്വതന്ത്രമായ ആത്മസമർപ്പണം**

യേശുവിന്റെ മരണത്തെക്കുറിച്ചുള്ള പുതിയ നിയ

മത്തിലെ പരാമർശങ്ങൾ പരിശോധിക്കുമ്പോൾ ഏറ്റം വ്യക്തമായി പ്രത്യക്ഷപ്പെടുന്ന ഒരു കാര്യമാണ്, അത് യേശു സ്വമനസാ ഏറ്റെടുത്തതായിരുന്നു എന്നത്. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങിയോ, ഗത്യന്തരമില്ലാഞ്ഞതിനാലോ, മനസില്ലാമനസോടെയോ യേശു കുരിശുമരണത്തിനു സ്വയം വിട്ടുകൊടുക്കുകയായിരുന്നില്ല. ഒഴിവാക്കാം എന്നു വ്യക്തമായി അറിയാമായിരുന്നിട്ടും മരണം ഏറ്റെടുക്കുകയായിരുന്നു. വാളെടുത്ത പത്രോസിനോടു പറയുന്ന വാക്കുകളിൽ ഇത് ഏറ്റം വ്യക്തമാകുന്നു (മത്താ 26, 53). തന്നെ ബന്ധിക്കാൻ വന്ന പടയാളികളെക്കാൾ പതിനായിരം മടങ്ങ് ശക്തിയുള്ള ദൈവദൂതന്മാരുടെ സൈന്യവ്യൂഹങ്ങൾ തനിക്കു സംരക്ഷണം നല്കുമായിരുന്നിട്ടും യേശു സ്വയം വിട്ടുകൊടുക്കുകയായിരുന്നു. നസ്രായനായ യേശുവിനെയാണ് തങ്ങൾ അന്വേഷിക്കുന്നത് എന്നു പറഞ്ഞ പടയാളികളോട് അത് ഞാനാണ് എന്ന് പ്രതിവചിച്ചപ്പോൾ അവർ പിൻവലിഞ്ഞ് നിലം പതിച്ചതും (യോഹ 18, 56) ഇതിനു തെളിവാണ്.

അവസാനനിമിഷത്തിൽ മാത്രമല്ല, ആരംഭം മുതലേ യേശു ഇതു വ്യക്തമാക്കിയിരുന്നു. താൻ ഈ ലോകത്തിലേക്കു വന്നതിന്റെ ലക്ഷ്യം തന്നെ ഈ ആത്മദാനമാണെന്ന് യേശു ശിഷ്യന്മാരെ പഠിപ്പിച്ചു: "*മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു മോചനദ്രവ്യമായി നല്കാനുമത്രേ*" (മർക്കോ 10, 45). ആടുകളെ രക്ഷിക്കാൻ വേണ്ടി സ്വജീവൻ പോലും ത്യജിക്കുന്ന നല്ല ഇടയനായി സ്വയം ചിത്രീകരിച്ചുകൊണ്ട് യേശു പറഞ്ഞു: "*ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു... ആരും എന്നിൽ നിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ്* (യോഹ 10, 16-18).

മനുഷ്യാവതാരവും കുരിശുമരണവും ദൈവപു

ത്രന്റെ സ്വതന്ത്രമായ ആത്മസമർപ്പണത്തിന്റെ ഭാഗമാണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ശിഷ്യന്മാർ ഗ്രഹിച്ചു. ഈ വിശ്വാസമാണ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ് രേഖപ്പെടുത്തുന്നത്: "*ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആ കൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ – അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി*" (ഫിലി 2, 6–8). ദൈവിക മഹത്വം മാറ്റിവച്ച് മനുഷ്യനായി അവതരിച്ചത് ശൂന്യവത്കരണത്തിന്റെ തുടക്കമായിരുന്നു. അടിമകൾക്കുള്ള ശിക്ഷാവിധിയായ കുരിശുമരണം ഏറ്റെടുക്കുമ്പോൾ ആ ശൂന്യവത്കരണം പൂർത്തിയാകുന്നു.

ദൈവത്തോടു സമനാണ് മനുഷ്യനായി അവതരിച്ചത് എന്നു പറയുമ്പോൾ ദൈവം ഒരുവൻ മാത്രമേയുള്ളൂ എന്ന് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഏറ്റുപറയുന്ന പൗലോസ് ഏകദൈവത്തിൽ ഒരു ബഹുത്വം ഉണ്ടെന്ന് അംഗീകരിക്കുകയാണ്. ഏകദൈവമായി യഹൂദർ ഏറ്റുപറയുന്ന യാഹ്‌വെ യഥാർത്ഥത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമാണെന്ന വിശ്വാസത്തിന്റെ ഒരു പ്രതിഫലനമാണ് ഈ കീർത്തനം. മനുഷ്യനായി അവതരിച്ചതും കുരിശിൽ മരിച്ചതും പുത്രനാണ്. മഹത്വം മാറ്റിവച്ചെങ്കിലും പുത്രൻ ദൈവമല്ലാതായിത്തീരുന്നില്ല. മനുഷ്യാവതാരവും കുരിശുമരണവും പുത്രന്റെ ശൂന്യവത്കരണമാണെങ്കിൽ ഉത്ഥാനം മഹത്വത്തിലേക്കുള്ള പുനർപ്രവേശനമാണെന്ന് ഈ കീർത്തനത്തിൽ തുടർന്നു പ്രസ്താവിക്കുന്നുണ്ട് (ഫിലി 2, 9–11).

**b. പുത്രന്റെ അനുസരണം**

പൂർണ്ണമായ സ്വാതന്ത്ര്യത്തോടെ, സ്വമനസ്സാ, യേശു ഏറ്റെടുത്തതാണ് കുരിശുമരണം. എന്നാൽ അതേ സമയം അത് പിതാവിന്റെ ഹിതത്തിനു നല്കിയ പൂർണ്ണമായ അനുസരണത്തിന്റെ പ്രകടനവും ആയിരുന്നെന്ന് ബൈബിളിൽ ഉടനീളം രേഖപ്പെടുത്തിയിട്ടുണ്ട്. മേലുദ്ധരിച്ച ക്രിസ്തു കീർത്തനത്തിൽ അതു വ്യക്തമാക്കുന്നുണ്ട്: "*കുരിശുമരണംവരെ അനുസരണമുള്ളവനായി അവൻ തന്നെത്തന്നെ താഴ്ത്തി*" (ഫിലി 2, 8). പുത്രൻ പിതാവിനെ അനുസരിച്ചു എന്നു പറയുമ്പോൾ, പുത്രൻ ദൈവമല്ലേ എന്ന ചോദ്യം ഉദിക്കാം. മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ് ദൈവമായ പിതാവിന്റെ ഹിതത്തിന് സ്വയം കീഴ്പ്പെടുത്തുന്നത്.

പീഡാനുഭവവും മരണവും ഒഴിവാക്കാനുള്ള പ്രലോഭനം മനുഷ്യനെന്ന നിലയിൽ യേശുവിനുണ്ടായി. പീഡാനുഭവത്തിന്റെ തലേരാത്രിയിൽ ഗദ്സെമെൻ തോട്ടത്തിൽ വെച്ചു നടത്തിയ പ്രാർത്ഥനയിൽ ഈ പ്രലോഭനം അതിന്റെ പൂർണ്ണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. തീവ്രമായ വേദനയിൽ മുഴുകി തീക്ഷ്ണമായി പ്രാർത്ഥിക്കുകയും വിയർപ്പുതുള്ളികൾ രക്തത്തുള്ളികൾ പോലെ നിലത്തു വീഴുകയും ചെയ്യാൻ മാത്രം അത്ര രൂക്ഷമായ ആന്തരിക സംഘട്ടനമാണ് യേശു അനുഭവിച്ചത് ( ലൂക്കാ 22, 43-44). "*ആബ്ബാ, പിതാവേ, അങ്ങേക്ക് എല്ലാം സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്നു മാറ്റിത്തരണമേ! എങ്കിലും എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം മാത്രം*" (മർക്കോ 14, 36). ഒരു കൊച്ചു കുഞ്ഞ് തന്റെ പിതാവിനെ വിളിച്ച് അപേക്ഷിക്കുന്നതുപോലെയാണ് യേശു പ്രാർത്ഥിച്ചത്. ആസന്നമായിരിക്കുന്ന ശാരീരിക സഹനം മാത്രമല്ല യേശുവിനെ ഇത്ര വലിയൊരു സംഘർഷത്തിലെത്തിച്ചത് എന്നു നാം വഴിയേ കാണും.

ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന മാനുഷികമായ ഇച്ഛാശക്തിയും മാറ്റമില്ലാത്ത ദൈവത്തിന്റെ ഹിതവും തമ്മിൽ യേശുവിന്റെയുള്ളിൽ അതികഠിനമായ സംഘട്ടനം നടന്നു. ഇതനെക്കുറിച്ച് ഹെബ്രായ ലേഖനം കൂടുതൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്: *"തന്റെ ഐഹികജീവിതകാലത്ത്, യേശു മരണത്തിൽ നിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയം മൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു"* (ഹെബ്രാ 5, 7-8). ഈ കണ്ണീരും നിലവിളിയുമാണ് കുരിശിൽ നിന്നും ഉയർന്നത്. ശക്തമായ പ്രലോഭനത്തെ അതിജീവിച്ച്, മാനുഷികമായ ഇച്ഛാശക്തിയെ യേശു ദൈവഹിതത്തിന് കീഴ്പ്പെടുത്തി.

നിരുപാധികമായ ഈ അനുസരണത്തെക്കുറിച്ച് പഴയനിയമത്തിൽ പലതവണ പ്രവചന രൂപേണ രേഖപ്പെടുത്തിയിട്ടുണ്ട്. *"ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളിൽ എന്നെപ്പറ്റി എഴുതിയിട്ടുണ്ട്. എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം"* (സങ്കീ 40, 7-8; ഹെബ്രാ 10, 7). യേശുവിന്റെ പീഡാസഹനവും മരണവും ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നെന്നും ആ പദ്ധതിക്ക് യേശു സ്വയം വിട്ടുകൊടുക്കുകയായിരുന്നു എന്നും സൂചിപ്പിക്കുന്ന ഏശയ്യായുടെ പ്രവചനങ്ങൾ (ഏശ 53, 6. 9-10) നാം കണ്ടുകഴിഞ്ഞതാണ്. പീഡാനുഭവത്തെക്കുറിച്ചു മുൻകൂട്ടി അറിയിച്ച സാഹചര്യങ്ങളിലെല്ലാം യേശു തന്റെ അനുസരണത്തെക്കുറിച്ചു വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അയക്കപ്പെട്ടിരിക്കുന്നു, വന്നിരിക്കുന്നു, തനിക്കു ചെയ്യേണ്ടതുണ്ട് എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളെല്ലാം അനുസരണത്തെ സൂചിപ്പിക്കുന്നതാണ്.

സ്വന്തം ഏകജാതനെ മരണത്തിന് ഏല്പിച്ചുകൊടുക്കുകയും അവൻ നിലവിളിച്ച് അപേക്ഷിച്ചിട്ടും മരണത്തിൽനിന്ന് ഒഴിവാക്കാതിരിക്കുകയും ചെയ്ത പിതാവിന്റെ പ്രവൃത്തി കഠിനവും ക്രൂരവുമായി തോന്നാം. അതിനാൽ എന്താണ് ഇതിന് പിതാവിനെ പ്രേരിപ്പിച്ചതെന്നും ഈ അനുസരണത്തിന്റെയും മരണത്തിന്റെയും അർത്ഥവും അതുവഴിയുണ്ടായ ഫലവും എന്തെന്നും കൂടുതൽ അടുത്തു പരിശോധിക്കേണ്ടതുണ്ട്.

**c. സ്നേഹസമർപ്പണം**

സ്നേഹത്തിന്റെ ഏറ്റം വലിയ പ്രകടനമായിട്ടാണ് പുതിയ നിയമത്തിൽ മുഴുവൻ യേശുവിന്റെ പീഡാസഹനത്തെയും മരണത്തെയും ചിത്രീകരിച്ചിരിക്കുന്നത്. മനുഷ്യകുലത്തോടുള്ള യേശുവിന്റയും പിതാവിന്റെയും സ്നേഹം അതിന്റെ ഉച്ചകോടിയിൽ പ്രകടമാകുന്ന സംഭവമാണത്. അന്ത്യ അത്താഴവേളയിൽ ശിഷ്യന്മാരോടു വിടവാങ്ങിക്കൊണ്ട് യേശു ചെയ്ത പ്രഭാഷണത്തിൽ (യോഹ 14-16) ഈ സ്നേഹം നിറഞ്ഞുതുളുമ്പി നില്ക്കുന്നതു കാണാം.

*"ഈ ലോകം വിട്ടു പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ഈ ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു. അവസാനം അവരെ സ്നേഹിച്ചു"* (യോഹ 13, 1) എന്ന ആമുഖത്തോടെയാണ് സുവിശേഷകൻ വിടവാങ്ങൽ അവതരിപ്പിക്കുന്നത്. അവസാനംവരെയുള്ള സ്നേഹത്തിന്റെ പ്രകടനങ്ങളാണ് അത്താഴവേളയിൽ നടന്നതുമുഴുവൻ. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയത് (യോഹ 13, 4-11) സ്വന്തം ഹൃദയ രക്തം കൊണ്ട് അവരുടെ ഹൃദയങ്ങളെ കഴുകി പാപവിമുക്തമാക്കുന്നതിന്റെ പ്രതീകമായിരുന്നു. സ്വന്തം ശരീരരക്തങ്ങൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും

പ്രതീകങ്ങളിൽ അവർക്കു ഭക്ഷണപാനീയങ്ങളായി നല്കുമ്പോൾ തന്റെ അഗാധമായ സ്നേഹം പ്രകടമാക്കാൻ യേശു പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയായിരുന്നു. മനുഷ്യബുദ്ധിക്കു വിഭാവനം ചെയ്യാൻ പോലും കഴിയാത്ത സ്നേഹത്തിന്റെ പരമപ്രകടനമായിരുന്നു ഈ ആത്മദാനം. അത് വെറും പ്രതീകമല്ല, യാഥാർത്ഥ്യമായിരുന്നുവെന്ന് യേശു വ്യക്തമാക്കുകയും ചെയ്തു.

"*സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല*" (യോഹ 15, 13) എന്നു പഠിപ്പിച്ചവൻ തന്നെ ആ സ്നേഹത്തിന്റെ മാതൃകയായിത്തീർന്നു. ഗുരുവിനു ശുശ്രൂഷ ചെയ്യുന്ന ദാസന്മാരായിട്ടാണ് ശിഷ്യന്മാർ സാധാരണ പരഗണിക്കപ്പെടുക. എന്നാൽ യേശു ആ പതിവ് തിരുത്തിക്കുറിച്ചു. "*ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു*" (യോഹ 15, 15). അനന്തവും അചിന്ത്യവുമായ ഈ സ്നേഹമാണ് കുരിശുമരണത്തിൽ പ്രകടമായത്.

പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് അപ്പസ്തോലന്മാരെ മാത്രമല്ല യേശു ഇപ്രകാരം സ്നേഹിച്ചത്. ഓരോ മനുഷ്യവ്യക്തിയെയും, അയാളുടെ വിശ്വാസവും ജീവിതശൈലിയും എന്തുതന്നെ ആയാലും, യേശു സ്നേഹിക്കുന്നു. അവന്റെ മരണം സകല മനുഷ്യരോടുമുള്ള സ്നേഹത്തിന്റെ ഏറ്റം വ്യക്തവും ദൃശ്യവുമായ അടയാളമാണ്. ഒരിക്കൽ യേശുവിന്റെ അനുയായികളെ പീഡിപ്പിക്കുകയും ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്ത പൗലോസ് ഡമാസ്കസിലേക്കുള്ള വഴിയിൽവച്ച് അവനെ കണ്ടുമുട്ടി. അതോടെ അയാളുടെ

ജീവിതം ആകെ മാറി. "*ഇനി ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹിക ജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്*" (ഗലാ 2, 20) എന്ന പൗലോസിന്റെ വാക്കുകൾ ഓരോ മനുഷ്യവ്യക്തിക്കും പറയാൻ കഴിയും.

യേശുവിനു നമ്മോടുള്ള സ്നേഹത്തിന്റേതെന്ന പോലെ തന്നെ പിതാവിനോടുള്ള സ്നേഹത്തിന്റെയും പ്രകടനമായിരുന്നു കുരിശുമരണം. "*ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും അവിടുന്ന് എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നു എന്നും ലോകം അറിയണം*" (യോഹ 14, 31). അവസാനംവരെയുള്ള അനുസരണം ഈ സ്നേഹത്തിന്റെ തെളിവായിരുന്നു. "*ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും*" (യോഹ 15, 10). നിർബന്ധത്തിനു വിധേയമായുള്ള കീഴ്വഴക്കമല്ല, സ്നേഹത്താൽ പ്രേരിതമായ സമർപ്പണമായിരുന്നു യേശുവിന്റെ അനുസരണം.

കുരശുമരണത്തിലൂടെ യേശുവിന്റെ സ്നേഹം മാത്രമല്ല, പിതാവായ ദൈവത്തിന്റെ സ്നേഹവും ഊഹാതീതമായവിധം പ്രകടമാകുന്നു. ഈ പ്രപഞ്ചത്തിന്റെയും അതിലെ ജീവജാലങ്ങളുടെയും അസ്തിത്വം തന്നെ ദൈവസ്നേഹത്തിന്റെ അടയാളമാണ്. തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചപ്പോൾ (ഉൽപ 1, 26) ആ സ്നേഹം കൂടുതൽ പ്രകടമായി. പിതാവ് മക്കളെയെന്നപോലെ ദൈവം ഓരോ മനുഷ്യവ്യക്തിയെയും സ്നേഹിക്കുന്നു. പാപം വഴി തന്റെ സ്നേഹം തിരസ്കരിച്ച് തന്നിൽ നിന്ന് അകന്നുപോയ മനുഷ്യനെ

വീണ്ടും അടുപ്പിക്കുന്നതിനുവേണ്ടി രൂപം നല്കിയ രക്ഷാകരപദ്ധതി മുഴുവൻ ദൈവസ്നേഹത്തിന്റെ പ്രകടനമാണ്.

ത്യാഗത്തിലൂടെയാണ് സ്നേഹത്തിന്റെ മാറ്റുതെളിയുക. ദൈവത്തിന് ദൈവമെന്ന നിലയിൽ ത്യാഗം സാധ്യമല്ല. സർവ്വശക്തനെങ്കിലും സച്ചിദാനന്ദസ്വരൂപനായ ദൈവത്തിന് സ്വന്തം സഹനത്തിലുടെ തന്റെ സ്നേഹം വെളിപ്പെടുത്താൻ കഴിയുമായിരുന്നില്ല. അതിനാലാണ് തന്റെ ഏകജാതൻ മനുഷ്യനായി അവതരിക്കാനും മനുഷ്യരുടെ സകലസഹനങ്ങളും ഏറ്റെടുത്ത് ഏറ്റം വേദനാജനകവും ഹീനവുമായ കുരിശുമരണം വരിക്കാനും തിരുവുള്ളമായത്. അതിലൂടെ അവിടുത്തേക്ക് നമ്മോടുള്ള സ്നേഹത്തിന്റെ ആഴവും ഉയരവും നീളവും വ്യക്തമാകുന്നു. ഇതിനെക്കുറിച്ചാണ് യേശു നിക്കോദേമോസിനോടു പറഞ്ഞത്: *"തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രയേറെ സ്നേഹിച്ചു"* (യോഹ 3, 16). *"നല്കുക"* എന്നതു കുരിശുമരണത്തിന് ഏല്പിച്ചുകൊടുക്കുന്നതിനെയും *"ലോകത്തെ"* എന്നത് ആരെയും ഒഴിവാക്കാതെ സകല മനുഷ്യരെയും സൂചിപ്പിക്കുന്നു.

സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നത് സ്നേഹത്തിന്റെ പരമമായ പ്രകടനമാണെന്ന് യേശു പഠിപ്പിച്ചു. എന്നാൽ അതിലും ഒരുപടികൂടി കടന്നതാണ് പിതാവായ ദൈവത്തിന്റെ സ്നേഹം. "*നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു. നാം ബലഹീനരായിരിക്കെ, നിർണ്ണയിക്കപ്പെട്ട സമയത്ത് ക്രിസ്തു പാപികൾക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടിപ്പോലും ആരെങ്കിലും മരിക്കുക പ്രയാസമാണ്. ഒരു പക്ഷേ, നല്ല മനുഷ്യനുവേണ്ടി മരിക്കാൻ ആരെ*

*ങ്കിലും തുനിഞ്ഞെന്നു വരാം. എന്നാൽ നാം പാപിക ളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരി ക്കുന്നു"* (റോമാ 5, 5- 8).

# 6. പാപപരിഹാര ബലി

യേശുവിന്റെ മരണത്തെക്കുറിച്ചു പ്രവചനമോ വിവരണമോ വ്യാഖ്യാനമോ ആയി പ്രതിപാദിക്കുന്ന ബൈബിൾ ഭാഗങ്ങളിലെല്ലാം തന്നെ വെളിപ്പെടുന്ന ഒരു സത്യമാണ് ആ മരണം മനുഷ്യകുലത്തിന്റെ മുഴുവൻ പാപത്തിനു പരിഹാരമായി അർപ്പിക്കപ്പെട്ട ബലി ആണെന്നത്. ഈ പ്രസ്തവാനയുടെ അർത്ഥം ഗ്രഹിക്കാൻ പാപത്തെയും ബലിയെയും കുറിച്ചുള്ള ബൈബിളിന്റെ കാഴ്ചപ്പാട് ചുരുക്കമായെങ്കിലും അറിഞ്ഞിരിക്കുക ആവശ്യമാണ്.

**a. പാപം**

ചരിത്രപരമായ വിവരണങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും പാപത്തിന്റെ വ്യക്തമായ ചിത്രം ബൈബിൾ അവതരിപ്പിക്കുന്നുണ്ട്. അതിന്റെ ഒരു സംക്ഷിപ്ത നിർവ്വചനം വി. യോഹന്നാൻ നല്കുന്നത് ഇപ്രകാരമാണ്: "*പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമലംഘനമാണ്*" (1 യോഹ 3, 4). സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടിയായ മനുഷ്യന് നിശ്ചയിച്ച ലക്ഷ്യത്തിൽ എത്തുന്നതിന് ആവശ്യമായ നിയമങ്ങളും നല്കിയിട്ടുണ്ട്. അത് പ്രകൃതി നിയമങ്ങളായും വെളിപ്പെടുത്തപ്പെട്ട ദൈവിക നിയമങ്ങളായും നമുക്കു ലഭിച്ചിരിക്കുന്നു. ആ നിയമങ്ങളെ ലംഘിക്കുന്നതിനെ പാപം എന്നു വിളിക്കുന്നു.

പാപം ലോകത്തിലേക്കു കടന്നുവന്നതിന്റെ വിവരണം ഉൽപ്പത്തിപുസ്തകം 3-4 അധ്യായങ്ങളിൽ കാണാം. ആദിമാതാപിതാക്കൾ ദൈവ കല്പന ലംഘിച്ച് "വിലക്കപ്പെട്ട കനി ഭക്ഷിച്ചു" എന്ന് ആലങ്കാരികഭാഷയിൽ പറയുന്നതിന്റെ കാതൽ അവർ തങ്ങൾക്കു വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിനു വിരുദ്ധമായി

പ്രവർത്തിച്ചു എന്നത്രെ. അതുവഴി മനുഷ്യനും ദൈവവും തമ്മിലുള്ള രമ്യതയ്ക്കു കോട്ടം സംഭവിച്ചു. തദ്ഫലമായി മനുഷ്യർ പരസ്പരം അകന്നു. മനുഷ്യന്റെ ഉള്ളിൽത്തന്നെ പിളർപ്പുണ്ടായി. ഭയവും ലജ്ജയും അവനെ വേട്ടയാടി. രോഗവും മരണവും അവന്റെ ജീവിതത്തിന്റെ ഭാഗമായി. "ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു" (റോമാ 5, 12) എന്ന് വി. പൗലോസ് ഇതിനെക്കുറിച്ചാണ് പറയുന്നത്.

മുറിവേറ്റ് വികലമായ ഒരു മനുഷ്യപ്രകൃതിയാണ് ആദിമാതാപിതാക്കളിൽ നിന്ന് മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭിക്കുന്നത്. ഓരോ വ്യക്തിയും ഓരോ തലമുറയും തങ്ങളുടേതായ പാപം ഈ ആദ്യപാപത്തോടു ചേർക്കുന്നു. അങ്ങനെ ലോകത്തിൽ പാപം പെരുകുന്നു. പാപമില്ലാത്ത ഒരുവനുമില്ല എന്നു സങ്കീർത്തകനും (സങ്കീ 14, 3) "*നമ്മിൽ പാപമില്ല എന്നുപറഞ്ഞാൽ അത് ആത്മവഞ്ചനയാകും*" എന്നു യോഹന്നാനും (1 യോഹ 1, 8) പറയുമ്പോൾ ഈ സത്യത്തിലേക്കാണ് ശ്രദ്ധ തിരിക്കുന്നത്.

നിയമലംഘനമാണ് പാപം എന്നു നിർവ്വചിക്കുമ്പോഴും ദൈവവുമായുള്ള ബന്ധത്തിൽ ഏല്പിക്കുന്ന മുറിവിന്റെ പശ്ചാത്തലത്തിലേ പാപത്തിന്റെ തനിരൂപം വ്യക്തമാകൂ "*അവർ കർത്താവിനെ പരിത്യജിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിക്കുകയും ചെയ്തു. അവർ എന്നിൽ നിന്നു തീർത്തും അകന്നുപോയി*" (ഏശ 1, 4) എന്ന പ്രവാചകവചനത്തിൽ പാപത്തിന്റെ സ്വഭാവം പ്രത്യക്ഷമാകുന്നു. ദൈവത്തെ ഉപേക്ഷിക്കലും അവിടുത്തെ സ്നേഹം തിരസ്കരിക്കലും ദൈവത്തെ നിന്ദിക്കലുമാണ് പാപം. ദൈവത്തെ സ്രഷ്ടാവും സ്നേഹനിധിയായ പിതാവുമായി അംഗീകരിക്കുന്നതിനു പകരം സ്വന്തം ഇഷ്ടം പ്രമാണമായി കരുതുകയും ദൈവത്തിന്റെ സ്ഥാനത്തു സ്വയം പ്രതിഷ്ഠിക്കുകയുമാണ് പാപം വഴി

ചെയ്യുന്നത്. ജീവജലത്തിന്റെ ഉറവയായ ദൈവത്തെ ഉപേക്ഷിച്ച്, ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറു കുഴിക്കലാണത് (ജറെ 2, 13). പിതൃഭവനം വിട്ട് സ്വന്തം സുഖം തേടിപ്പോയ ധൂർത്തപുത്രന്റെ ഉപമയിലൂടെ യേശുനാഥൻ പാപത്തിന്റെ ചിത്രം നമുക്കു വ്യക്തമാക്കിത്തന്നു (ലൂക്കാ 15, 11-24).

സ്നേഹിക്കാനും സ്നേഹം സ്വീകരിക്കാനും വിസമ്മതിക്കുന്നതാണ് പാപം. അതുവഴി ബന്ധങ്ങൾ ശിഥിലമാക്കപ്പെടുന്നു. ദൈവസ്നേഹത്തെ തിരസ്കരിച്ച മനുഷ്യൻ സഹോദരനെ സ്നേഹിക്കാൻ തയ്യാറാകുന്നില്ല. ദൈവഹിതത്തിനുപരി സ്വന്തം ഹിതം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ജീവിതത്തിന്റെ കേന്ദ്രം “ഞാൻ” എന്ന ഭാവം മാത്രമായിത്തീരുന്നു. എല്ലാറ്റിനും ഉപരി ഞാൻ, എല്ലാം എനിക്കു വേണ്ടി, എന്റെ സുഖവും സന്തോഷവും ലാഭവും പ്രശസ്തിയും അധികാരവും ആധിപത്യവും മാത്രം എന്റെ ലക്ഷ്യം എന്ന മനോഭാവം സംജാതമാകുന്നു. എനിക്കിഷ്ടമുള്ളതു “നന്മ”, എനിക്കിഷ്ടമില്ലാത്തതു തിന്മ എന്ന തീരുമാനത്തിൽ മനുഷ്യൻ എത്തിച്ചേരുന്നു. ഈ ചിന്താഗതിയിൽ ധാർമ്മികതയുടെ അടിസ്ഥാനം എന്റെ ഇഷ്ടങ്ങളും താൽപര്യങ്ങളും മാത്രമായിത്തീരുന്നു.

ഓരോ മനുഷ്യനും ഈ മനോഭാവം വച്ചു പുലർത്തുമ്പോൾ സ്നേഹവും നീതിയും സത്യവും സഹോദര്യവും സമൂഹത്തിൽനിന്ന് അപ്രത്യക്ഷമാകുന്നു. പാപത്തിന്റെ ഏറ്റം ദൃശ്യപ്രകടനമാണിത്. ഇതിനെക്കുറിച്ചാണ് ഉല്പത്തി 4-6 അധ്യായങ്ങളിൽ പ്രതിപാദിക്കുന്നത്. ദൈവകല്പന ലംഘിച്ച് പറുദീസായിൽ നിന്നു പുറത്തുകടന്ന ആദാമിന്റെ സന്തതികൾ അക്രമത്തിൽ അടിയുറച്ച ഒരു സംസ്കാരത്തിനു രൂപം നല്കി. ആദാമിന്റെ മക്കളായിരുന്നു കായേനും ആബേലും. മൂത്ത സഹോദ

രനായ കായേൻ അനുജനായ ആബേലിനെ വെറുത്തു. അസൂയയും വിദ്വേഷവും മനസിൽ നിറഞ്ഞ ജ്യേഷ്ഠൻ അനുജനെ വധിച്ചു. മനുഷ്യരക്തം വീണു ഭൂമി കുതിർന്നു. അക്രമാസക്തമായ വിധത്തിൽ, പാപത്തിന്റെ ഫലമായി, മരണം ലോകത്തിലേക്കു പ്രവേശിച്ചു. "*നിന്റെ സഹോദരനെവിടെ*" എന്ന ദൈവത്തിന്റെ ചോദ്യത്തിന് ഉത്തരമായി "*എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ*" എന്ന മറുചോദ്യമാണ് കായേൻ നല്കുന്നത്.

മാനവചരിത്രത്തിന്റെ ആരംഭത്തിൽ മരിച്ചു മൺമറിഞ്ഞ രണ്ടു സഹോദരന്മാർ മാത്രമല്ല കായേനും ആബേലും. പാപത്തിനധീനമായ മനുഷ്യകുലത്തിന്റെ മുഴുവൻ പ്രതിനിധികളും പ്രതീകങ്ങളുമാണവർ. സഹോദരന്റെ കാവൽക്കാരനാകാൻ വിസമ്മതിക്കുന്ന കായേന്റെ സംസ്കാരം മനുഷ്യ പ്രകൃതിയിൽത്തന്നെ രൂഢമൂലമായിരിക്കുന്നു. സ്വാർത്ഥമോഹങ്ങളും അസൂയയും പകയും വിദ്വേഷവും മനസിൽ നിറയ്ക്കുന്നത് പാപമാണ്. "*ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ചയെത്തുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു*" (യാക്കോ 1, 15). തന്നിഷ്ടം പ്രമാണമാക്കിയ മനുഷ്യൻ രൂപം നല്കിയ സംസ്കാരവും സാമൂഹിക ഘടനയും പാപത്തിന്റെയും മരണത്തിന്റെയും ആധിപത്യത്തിൻ കീഴിലാണ്. ഏഴിരട്ടി പ്രതികാരം ആവശ്യപ്പെടുന്ന കായേനും എഴുപത്തേഴിരട്ടി പ്രതികാരം ആവശ്യപ്പെടുന്ന ലാമേക്കും (ഉൽപ 4,25) മനുഷ്യസമൂഹത്തിൽ പടർന്നു പന്തലിക്കുന്ന പാപത്തിന്റെ പ്രതീകങ്ങളത്രേ. അവരുടെ സംസ്കാരം പൂർണ്ണ വളർച്ചയെത്തുമ്പോൾ ആരുടെയും ജീവൻ സുരക്ഷിതമല്ല; സ്വത്തു ഭദ്രവുമല്ല.

"*മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രമാണെന്നും കർത്താവു കണ്ടു*" (ഉൽപ 6,

5) എന്ന വി. ഗ്രന്ഥകാരന്റെ വിലയിരുത്തൽ പാപത്തിന്റെ യഥാർത്ഥരൂപം വ്യക്തമാക്കുന്നു. "*ഇവിടെ വിശ്വസ്ത തയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റു പോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാ തകവും മോഷണവും വ്യഭിചാരവും സീമാതീതമായിരി ക്കുന്നു" (ഹോസി 4, 1-2)* എന്ന പ്രവാചകവചനം പാപ ത്തിന്റെ രണ്ടുവശങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ദൈവത്തെ മറക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവർ സഹോദരനെ ചൂഷണം ചെയ്യുകയും വധിക്കുകയും ചെയ്യുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധം വിഛേദിക്കലാണ് പാപം എന്ന് വീണ്ടും വ്യക്ത മാകുന്നു.

മനുഷ്യസ്വഭാവത്തെത്തന്നെ വികലമാക്കിയ പാപ ത്തിന്റെ സ്വാധീനം സകല മനുഷ്യരിലും പ്രകടമാകുന്ന തിനെക്കുറിച്ച് വി. പൗലോസ് വിശദമായി പ്രതിപാദിക്കു ന്നുണ്ട്: "*ഇഛിക്കുന്ന നന്മയല്ല, ഇഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഇഛിക്കാത്തതു ഞാൻ ചെയ്യു ന്നെങ്കിൽ അതു ചെയ്യുന്നത് ഒരിക്കലും ഞാനല്ല, എന്നിൽ വസിക്കുന്ന പാപമാണ്*" (റോമാ 7, 19-20).

പാപം മനുഷ്യപ്രകൃതിയെ ബലഹീനമാക്കുക മാത്രമല്ല, ശിക്ഷയ്ക്ക് അർഹമാക്കുകയും ചെയ്തു. നിയ മത്തിന്റെ ലംഘനം ശിക്ഷ വിളിച്ചുവരുത്തുന്നു. ആദ്യമ നുഷ്യനു നല്കപ്പെട്ട നിയമവും ശിക്ഷയുമായി ബന്ധ പ്പെട്ടിരുന്നു: "*നന്മതിന്മയെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷ ത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും*" (ഉത്പ 2, 17). ഇസ്രായേൽ ജനത്തെ സ്വന്തം ജനമായി തിരഞ്ഞെടുത്ത്, അവരുമായി ഉടമ്പടി ചെയ്ത പ്പോഴും നല്കിയ നിയമങ്ങൾ ശിക്ഷയുമായി ബന്ധിച്ചി രുന്നു: "*ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും മരണവും തിന്മയും വച്ചിരിക്കുന്നു*" (നിയ 30,

15). ദൈവം നല്കിയ പ്രമാണങ്ങൾ ലംഘിക്കുന്നത് അവിടുന്നുമായുള്ള ബന്ധം വിഛേദിക്കുന്നതിനു തുല്യമാണ്. അതുവഴി മനുഷ്യന് ആത്മീയ ജീവൻ നഷ്ടപ്പെടുന്നു. അതിന്റെ ഫലവും ദൃശ്യമായ അടയാളവുമാണ് ശാരീരികമായ മരണം.

**b. ബലി**

പാപം പരിഹരിക്കാനും ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കാനും വേണ്ടി മനുഷ്യൻ എന്നും യത്നിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടി ഉപയോഗിക്കുന്ന മാർഗ്ഗമാണ് ബലിയർപ്പണം. ദൈവത്തെ പ്രീതിപ്പെടുത്താനും അവിടുത്തെ സ്നേഹത്തിന് അർഹരാകാനും വേണ്ടി ബലിയർപ്പിക്കുക മിക്കവാറും എല്ലാ മതങ്ങളിലും പതിവാണ്. എല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന് അംഗീകരിക്കുന്നതിന്റെ അടയാളമായി തനിക്കുള്ളതിൽ നിന്ന് ഒരു ഭാഗം മനുഷ്യൻ ദൈവത്തിനു കാഴ്ചവയ്ക്കുന്നു. മൃഗത്തിന്റെ കഴുത്തറുത്ത്, രക്തം ബലിപീഠത്തിൽ ഒഴിച്ചും മാംസം ബലിപീഠത്തിൽവച്ചു ദഹിപ്പിച്ചുംകൊണ്ട് അർപ്പിക്കുന്നത് കൂടുതൽ സ്വീകാര്യമായ ബലിയായി പരിഗണിക്കപ്പെട്ടിരുന്നു. ഇപ്രാകാരമുള്ള ബലിയർപ്പണത്തെക്കുറിച്ച് ബൈബിളിൽ, പ്രത്യേകിച്ച് ലേവ്യരുടെ പുസ്തകത്തിൽ ധാരാളം പരാമർശങ്ങൾ കാണാം.

പാപിയായ മനുഷ്യൻ തന്റെ പ്രതിനിധിയും പ്രതീകവുമായിട്ടാണ് മൃഗത്തെ ബലിയർപ്പിക്കുക. എന്നാൽ ഈ പ്രതീകങ്ങൾക്ക് മനുഷ്യനെ പാപത്തിൽ നിന്നു മോചിപ്പിക്കാനോ ദൈവവുമായി രമ്യതപ്പെടുത്താനോ കഴിയുകയില്ല എന്ന അവബോധവും പല മതങ്ങളിലും കാണാം. അതിനാൽ ദൈവം തന്നെ മനുഷ്യനായി അവതരിച്ച് പാപപരിഹാരബലിയായി സ്വയം അർപ്പിക്കും എന്ന പ്രതീക്ഷ ചില പുരാതന മതങ്ങളിൽ നിലവിലിരുന്നു. പ്രജാപതി യാഗത്തെക്കുറിച്ചുള്ള ഭാരതീയ സങ്കല്പത്തിൽ ഈ പ്രതീക്ഷ

യുടെ പ്രതിഫലനം ദൃശ്യമാണ് (ഡോ. എബ്രഹാം കോശി എഴുതിയ "പ്രജാപതിയാഗം എന്ന ക്രൂശീകരണം" എന്ന പുസ്തകം കാണുക). മനുഷ്യന്റെ പാപം ഏറ്റെടുത്തു പരിഹരിക്കാനായി വരുന്ന ദൈവത്തെക്കുറിച്ചുള്ള വിശ്വാസം ഗ്രീക്കു നാടകകൃത്തായ എസ്ക്കിലസ് രചിച്ച "ബന്ധിതനായ പ്രൊമോത്തേവൂസ്" (Promotheus Bound) എന്ന ദുരന്ത നാടകത്തിൽ സൂചിപ്പിക്കുന്നുണ്ട്.

ഇതിനെക്കാളെല്ലാം വളരെ വ്യക്തവും വിശദവുമായ സൂചനകൾ പഴയനിയമത്തിൽ കാണാം. സങ്കീ 40, 6-8; ഏശ 53 തുടങ്ങിയ ബൈബിൾ ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപങ്ങൾ ഏറ്റെടുക്കുകയും അവയ്ക്കു പരിഹാര ബലിയായി സ്വയം അർപ്പിക്കുകയും ചെയ്യുന്ന ദാസനെക്കുറിച്ചാണ് ഏശയ്യാ പ്രവചിച്ചത്. "*നമ്മുടെ വേദനകളാണ് അവൻ വഹിച്ചത്.....നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി...... പരിഹാരബലിയായി തന്നെത്തന്നെ അർപ്പിക്കുമ്പോൾ അവൻ തന്റെ സന്തതിപരമ്പരയെ കാണും..... അനേകരുടെ പാപഭാരം അവൻ പേറി; അതിക്രമങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു" (ഏശ* 53, 14-12) എന്ന സുദീർഘമായ പ്രവചനം യേശുവിൽ പൂർത്തിയായ ബലിയുടെ വ്യക്തമായ ചിത്രീകരണവും വിശദീകരണവുമാണ്.

**c. യേശുവിന്റെ ബലി**

ആദ്യമനുഷ്യനായ ആദാമിലൂടെ കടന്നു വന്ന് ആധിപത്യം സ്ഥാപിച്ച പാപത്തിൽനിന്ന് പുതിയ ആദാമായ യേശു തന്റെ ആത്മബലിയിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ മോചനം നല്കിയെന്നത് പുതിയ നിയമത്തിൽ നിറഞ്ഞു നില്ക്കുന്ന പ്രബോധനമാണ്. ആദാം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിനു തുടക്കം കുറി

ക്കുകയും പാപത്തിനധീനമായ മനുഷ്യപ്രകൃതിയെ പിൻതലമുറകൾക്കു കൈമാറുകയും ചെയ്തു. അങ്ങനെ ആദാമിന് ഒരു പ്രാതിനിധ്യ സ്വഭാവമുണ്ട്. അതുപോലെ പുതിയ ആദാമായ ക്രിസ്തു തന്റെ മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ആ പാപത്തിൽ നിന്നു മോചനം നല്കി (റോമാ 5, 12-21). മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയും രക്ഷിക്കപ്പെട്ട മനുഷ്യപ്രകൃതിയുടെ ഉറവിടവുമാണ് യേശുക്രിസ്തു. മനുഷ്യകുലത്തിന്റെ പാപം ഏറ്റെടുത്ത് കുരിശിൽ സ്വയം ബലിയർപ്പിച്ചുകൊണ്ടാണ് പാപത്തിൽ നിന്നുള്ള രക്ഷ സാധ്യമാക്കിയത്. ഇതിനെക്കുറിച്ച് യേശുതന്നെ വാക്കും പ്രവൃത്തിയും വഴി വ്യക്തമായ സൂചനകൾ നലകിയിട്ടുണ്ട്. അപ്പസ്തോലന്മാർ ഇതു വിശദമായി വ്യാഖ്യാനിക്കുന്നുണ്ട്.

*"മനുഷ്യപുത്രൻ വന്നിരിക്കുന്നത്.....സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനും വേണ്ടിയാണ്"* (മർക്കോ 10, 45) എന്ന പ്രഖ്യാപനത്തിലൂടെ തന്റെ ആത്മബലിയിലേക്ക് യേശു വിരൽ ചൂണ്ടുന്നു. *"അനേകർക്കുവേണ്ടി"* എന്നത് യേശുവിന്റെ സംസാരഭാഷയായ അരമായ ഭാഷയിലെ ഒരു പ്രത്യേക പദപ്രയോഗമാണ്. "എല്ലാവർക്കും വേണ്ടി" എന്നാണ് അതിന്റെ അർത്ഥം. *"മോചനദ്രവ്യം"* എന്നത് ബലിയർപ്പണത്തെ സൂചിപ്പിക്കുന്നു. തന്റെ ജീവൻ ബലിയായി കൊടുത്തുകൊണ്ടാണ് അവൻ നമ്മെ പാപത്തിൽ നിന്നു മോചിപ്പിച്ചത് എന്ന് ഇത് അർത്ഥമാക്കുന്നു. വില ആർക്കുകൊടുത്തു എന്ന ചോദ്യത്തിന് പ്രസക്തിയില്ല. അവന്റെ ആത്മബലിയിലൂടെ നാം പാപവിമുക്തരായി എന്നു മാത്രമാണ് ഈ പദപ്രയോഗത്തിന്റെ അർത്ഥം. "*പിതാക്കന്മാരിൽനിന്നു നിങ്ങൾക്കു ലഭിച്ച വ്യർത്ഥമായ ജീവിതരീതിയിൽ നിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. കറയോ കള*

*ങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടത്രെ"* (1 പത്രോ 1, 18-19) എന്ന് വി. പത്രോസ് യേശുവിന്റെ ബലിയർപ്പണത്തെ വിശദീകരിക്കുന്നു.

അന്ത്യ അത്താഴ വേളയിൽ അപ്പവും വീഞ്ഞും സ്വന്തം ശരീരരക്തങ്ങളായി ശിഷ്യന്മാർക്കു പങ്കുവച്ചു നല്കിയപ്പോൾ യേശു പ്രതീകങ്ങളിലൂടെ സ്വയം ബലിയായി അർപ്പിക്കുകയായിരുന്നു. ലംഘിക്കപ്പെട്ട സീനായ് ഉടമ്പടിക്കുപകരം ശാശ്വതവും അലംഘനീയവുമായ, യേശു സ്ഥാപിച്ച ഉടമ്പടിയാണത്. കാളക്കിടാങ്ങളുടെ രക്തത്താൽ ഉറപ്പിക്കപ്പെട്ട സീനായ് ഉടമ്പടി ഇസ്രായേൽജനത്തെ ദൈവജനമാക്കിത്തീർത്തു (പുറ 24, 59). യേശുവിന്റെ രക്തത്താൽ ഉറപ്പിക്കപ്പെട്ട പുതിയ ഉടമ്പടിയാകട്ടെ, പുതിയ ദൈവജനത്തിനു തുടക്കം കുറിക്കുന്നു.

ഗദ്സെമെനിലെ പ്രാർത്ഥനയിൽ യേശു പര്യാകുലനും അത്യന്തം ദുഃഖിതനുമായി. കഴിയുമെങ്കിൽ ഈ പാനപാത്രം മാറ്റിത്തരണമേ എന്ന് പിതാവിനോടു മുട്ടിപ്പായി പ്രാർത്ഥിച്ചു. രക്തം വിയർക്കാൻ മാത്രം കഠിനമായ ദുഃഖത്തിൽ യേശുവിനെ ആഴ്ത്തിയത് ഏറ്റെടുക്കേണ്ടി വരുന്ന ശാരീരിക പീഢകൾ മാത്രമായിരുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപഭാരം ഏറ്റെടുത്തതാണ് അതിമാനുഷികമായ ആ ദുഃഖത്തിനു കാരണം. "*അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി"* (2കോറി 5, 21) എന്ന് വി. പൗലോസ് പറയുന്നത് ഈ യാഥാർത്ഥ്യത്തെക്കുറിച്ചാണ്.

ദൈവത്തെക്കുറിച്ചുള്ള അവബോധം വർദ്ധിക്കുന്നതനുസരിച്ചാണ് പാപത്തെക്കുറിച്ചുള്ള അവബോധവും വർദ്ധിക്കുക. ദൈവത്തിൽ നിന്നു വിഛേദിക്കപ്പെടുകയാണ് പാപത്തിന്റെ ഫലം. പിതാവുമായി നിരന്തരം ഗാഢ

മായ ഹൃദയ ഐക്യത്തിൽ കഴിയുന്ന പുത്രൻ ഇവിടെ മനുഷ്യകുലത്തിന്റെ പാപം മുഴുവൻ മനുഷ്യപ്രകൃതിയിൽ ഏറ്റെടുത്ത്, ദൈവത്തിൽ നിന്നുതന്നെ വിഛേദിക്കപ്പെട്ട വനായി പ്രത്യക്ഷപ്പെടുന്നു. ഈ അവബോധമാണ് "*എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?* (മത്താ 27, 46) എന്നു കുരിശിൽ കിടന്നു നിലവിളിക്കാൻ പ്രേരിപ്പിച്ചത്. ഈ ദുഃഖത്തിന്റെയും നില വിളിയുടെയും മധ്യത്തിലും പ്രത്യാശ കൈവെടിയാതെ പിതാവിന്റെ ഹിതത്തിന് യേശു സ്വയം സമർപ്പിച്ചു. "*എങ്കിലും എന്റെ ഹിതം പോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ*" (മത്താ 26, 39). അങ്ങനെ "*തിന്മനിറഞ്ഞ ഈ യുഗത്തിൽ നിന്ന് നമ്മെ മോചിപ്പിക്കേണ്ടതിന് നമ്മുടെ പിതാവായ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ തന്നെത്തന്നെ ബലിയർപ്പി ച്ചു*" (ഗലാ 1, 4).

എന്തുകൊണ്ടാണ് ഈ ബലിയർപ്പണം ആവശ്യ മായി വന്നത് എന്ന ചോദ്യം ന്യായമായും ഉന്നയിക്കപ്പെ ടാം. "*രക്തം ചിന്താതെ പാപമോചനമില്ല*" (ഹെബ്രാ 9, 22) എന്ന തിരുവചനം ഈ ചോദ്യത്തിനുത്തരം നല്കു ന്നു. ദൈവേഷ്ടത്തിനുപരി സ്വന്തം ഇഷ്ടം അനുസരി ക്കുകയും അങ്ങനെ ദൈവത്തിന്റെ സ്ഥാനത്തു സ്വയം പ്രതിഷ്ഠിക്കുകയം ചെയ്തതാണ് ആദിമനുഷ്യന്റെ പാപം. സകല പാപങ്ങളുടെയും കാതൽ ഇതുതന്നെ - ദൈവനി ഷേധം. അത് പരിഹരിക്കപ്പെടണമെങ്കിൽ ദൈവത്തെ വീണ്ടും നാഥനായി ഏറ്റുപറയണം. അതിന് "ഞാൻ" എന്ന ഭാവം മരിച്ചേ മതിയാകൂ. മൃഗങ്ങളുടെ രക്തം ചിന്തലി ലൂടെ ഇതാണ് മനുഷ്യൻ ചെയ്യാൻ വൃഥാ ശ്രമിച്ചത്. പാപാ വസ്ഥയിലിരിക്കുന്ന മനുഷ്യപ്രകൃതിക്ക് സമ്പൂർണ്ണമായ ഈ ആത്മസമർപ്പണം അസാധ്യമാണ്. അതിനാലത്രേ ദൈവംതന്നെ മനുഷ്യനായി അവതരിക്കുകയും സ്വന്തം

ശരീരം ബലിയായി അർപ്പിക്കുകയും ചെയ്തത്. ഇവിടെ ബലിയർപ്പകനും ബലിവസ്തുവും ഒരാൾതന്നെ. ഹെബ്രായർക്കുള്ള ലേഖനം മുഴുവൻ, പ്രത്യേകിച്ച് 8-10 അധ്യായങ്ങൾ, സ്വയം ബലിയായി അർപ്പിച്ച നിത്യപുരോഹിതനായ യേശുവിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ആ ലേഖനം സശ്രദ്ധം വായിച്ചാൽ ഇവിടെ ചുരുക്കി പറയാൻ ശ്രമിക്കുന്ന കാര്യങ്ങൾ കൂടുതൽ വ്യക്തമാകും.

നമ്മെ രക്ഷിക്കാൻ യേശു സ്വയം ബലിയായി അർപ്പിച്ചുവെന്ന് വി.പൗലോസിന്റെ ലേഖനങ്ങളിലും അനേകം തവണ ആവർത്തിക്കുന്നുണ്ട്. ഉദാഹരണത്തിന് രണ്ടു വാക്യങ്ങൾ ചുവടെ ചേർക്കുന്നു. "*അവൻ എല്ലാവർക്കുംവേണ്ടി മോചനമൂല്യമായി തന്നെത്തന്നെ നല്കി*" (1 തിമോ 2, 6). "*യേശുക്രിസ്തു എല്ലാ തിന്മകളിൽനിന്നും നമ്മെ മോചിപ്പിക്കുന്നതിനും സൽപ്രവൃത്തികൾ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ള ജനതയെ തനിക്കുവേണ്ടി ശുദ്ധീകരിക്കുന്നതിനുമായി നമ്മെപ്രതി തന്നെത്തന്നെ ബലിയർപ്പിച്ചു*" (തീത്തോ 2, 14). യേശുവിന്റെ കുരിശുമരണം പാപത്തിൽനിന്നു നമ്മെ രക്ഷിക്കുന്നതിനുവേണ്ടി അർപ്പിക്കപ്പെട്ട ബലിയായിരുന്നു എന്നതിൽ സംശയമില്ല. ആ ബലിയുടെ ലോകത്തിൽ എന്തു സംഭവിച്ചു, എന്താണ് ആ മഹാബലിയുടെ ഫലങ്ങൾ എന്ന് അടുത്തതായി കാണാൻ ശ്രമിക്കാം.

### d. യേശുവിന്റെ ബലിയുടെ ഫലങ്ങൾ

അതികഠിനമായ യാതനകൾക്കു മധ്യേ കുരിശിൽ മരിച്ച യേശുവിന്റെ ആത്മബലി പിതാവായ ദൈവം സ്വീകരിച്ചു; മരിച്ചു സംസ്കരിക്കപ്പെട്ടവനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചു. മനുഷ്യാവതാരവേളയിൽ മാറ്റിവച്ച ദൈവികമഹത്വം നല്കി അവനെ "*കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി*" (അപ്പ 2, 36). "*ദൈവം അവനെ അത്യധികം ഉയർത്തി, എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം അവ*

*നു നല്കി"* (ഫില 2, 9). ഉത്ഥാനത്തിനുശേഷം സ്വർഗ്ഗാരോപിതനായ യേശു പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി (മർക്കോ 16, 19). സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും തനിക്കു നല്കപ്പെട്ടു എന്ന് ഈ മഹത്വീകരണത്തെ യേശു തന്നെ വിശദീകരിച്ചു (മത്താ 28, 18).

മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ് വീണ്ടും ദൈവമഹത്വത്തിൽ പ്രവേശിച്ചത്. അതോടെ മനുഷ്യപ്രകൃതിതന്നെ നവീകരിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു. ദൈവവും മനുഷ്യനും തമ്മിൽ പാപംമൂലം സംജാതമായ അകല്ച പരിഹരിക്കപ്പെട്ടു. കാൽവരിയിൽ കുരിശിൽ നിന്നൊഴുകിയ ദൈവപുത്രന്റെ രക്തംവഴി നമുക്ക് പാപമോചനവും രക്ഷയും കൈവന്നു (എഫേ 1, 7). യേശുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ച ദൈവം അവനോടുകൂടെ നമ്മെയും ജീവിപ്പിക്കുകയും നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കുകയും ചെയ്തു (കൊളോ 2, 13). ആടിന്റെയും കാളയുടെയും രക്തത്തിന് സാധ്യമായിരുന്നത് യേശുവിന്റെ രക്തം നമുക്കു നേടിത്തന്നു. ദൈവഹിതമനുസരിച്ച് യേശുവിന്റെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതു വഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (ഹെബ്രാ 10, 10; 1 യോഹ 1, 7).

പാപംവഴി ലോകത്തിലേക്കു കടന്നുവന്ന മരണത്തിന്മേലുള്ള വിജയമായിരുന്നു യേശുവിന്റെ മരണവും ഉത്ഥാനവും. ഇനി മനുഷ്യന്റെ മേലുള്ള അന്തിമവാക്ക് മരണത്തിന്റേതല്ല, നിത്യജീവന്റേതാണ്. ശാരീരികമായി മനുഷ്യൻ മരിക്കുന്നെങ്കിലും മരിക്കാത്ത ആത്മാവ് അവനുണ്ട്. മരിച്ചവൻ വീണ്ടും ഉയിർപ്പിക്കപ്പെടും; പിന്നീട് ഒരിക്കലും മരണം ഉണ്ടാവുകയില്ല (യോഹ 6, 54; 11, 25; 1തെസ 4, 14; വെളി 21, 4). സകല ഭയങ്ങളിൽ നിന്നും മോചിപ്പിച്ച്,

മനുഷ്യന്റെ മുന്നിൽ അനശ്വരമായ പ്രത്യാശയുടെ പുതിയ ചക്രവാളങ്ങൾ വിരിയിക്കുന്നതാണ് യേശുവിന്റെ മരണവും ഉത്ഥാനവും. "*ദൈവം തന്റെ കാരുണ്യാതിരേകത്താൽ, യേശുക്രിസ്തുവിന്റെ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനംവഴി സജീവമായ പ്രത്യാശയിലേക്കും നിങ്ങൾക്കായി സ്വർഗ്ഗത്തിൽ കാത്തു സൂക്ഷിക്കപ്പെടുന്ന അക്ഷയവും ഒളിമങ്ങാത്തതുമായ അവകാശത്തിലേക്കും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു*" (പത്രോ 1, 4; 1 കോറി 2, 9).

മരണവും ഉത്ഥാനവും വഴി മഹത്വീകൃതനായ യേശുനാഥൻ പരിശുദ്ധാത്മാവിനെ നമ്മിലേക്കു വർഷിച്ചിരിക്കുന്നു (അപ്പ 2, 33). ആത്മാവിന്റെ ആഗമനത്തെക്കുറിച്ച് തന്റെ ഐഹിക ജീവിതകാലത്ത് യേശുക്രിസ്തു പലതവണ വാഗ്ദാനം ചെയ്തിരുന്നു (ലൂക്കാ 11, 13; യോഹ 14, 16; 16, 13). തന്റെ മഹത്വീകരണത്തിനുശേഷം മാത്രമേ ആത്മാവ് നല്കപ്പെടുകയുള്ളൂ എന്നും അവിടുന്ന് അനുസ്മരിപ്പിച്ചിരുന്നു (യോഹ 7, 37-39). ഉത്ഥിതന്റെ ദാനമായ പരിശുദ്ധാത്മാവാണ് നമ്മെ നിരന്തരം നവീകരിക്കുകയും ദൈവമക്കളും ദൈവികജീവന് അവകാശികളുമാക്കി രൂപാന്തരീകരിക്കുകയും ചെയ്യുന്നത് (റോമാ 8, 15).

യേശുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെട്ട നാം (വെളി 7, 14; എഫേ 5, 26) ദൈവത്തിന്റെ സ്വന്തം ജനമായിത്തീർന്നിരിക്കുന്നു. ഇനി നമ്മൾ അന്യരോ പരദേശികളോ അല്ല, വിശുദ്ധന്മാരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ് (എഫേ 2, 19). തന്റെ മരണവും ഉത്ഥാനവും വഴി യേശുക്രിസ്തു പുതിയൊരു മനുഷ്യസമൂഹത്തിനു രൂപം നല്കി. ദൈവത്തിൽ നിന്നകന്ന്, പാപത്തിന്റെ ദാസ്യത്തിൽ കഴിഞ്ഞിരുന്നവരെ ദൈവമക്കളുടെ കുടുംബമായി രൂപപ്പെടുത്തി.

കുരിശിൽ ഉയർത്തപ്പെട്ടവൻ സകല ജനതകളേയും തന്നിലേക്ക് ആകർഷിച്ചു (യോഹ 12, 32). വർണ്ണം, വർഗ്ഗം, ജാതി തുടങ്ങി മനുഷ്യനിർമ്മിതമായ സകല മതിൽക്കെട്ടുകളും തകർത്ത്, സ്വതന്ത്രരും പരസ്പരം സഹോദരങ്ങളുമായ ജനതയ്ക്ക് അവൻ രൂപം നല്കി (ഗലാ 3, 26-29). ഈ പുതിയ സമൂഹം ഒരു മനുഷ്യശരീരം പോലെയാണ്. ക്രിസ്തു ശിരസും മനുഷ്യർ അവയവങ്ങളുമായുള്ള ഒരു ശരീരം (എഫേ 1, 22; 2, 16; 4, 15; 1 കോറി 12, 13; റോമാ 12, 5).

ആദ്യമനുഷ്യന്റെ അനുസരണക്കേടുമൂലം വികലമാക്കപ്പെട്ട മനുഷ്യനിലെ ദൈവിക പ്രതിഛായ യേശു ക്രിസ്തു മരണം വരെയുള്ള തന്റെ അനുസരണം വഴി പുനഃസ്ഥാപിച്ചു; ശിഥിലീകരിക്കപ്പെട്ട ബന്ധങ്ങളെല്ലാം കൂടുതൽ മനോഹരമായി കൂട്ടിയിണക്കി. നഷ്ടപ്പെട്ടതിലേറെ അവൻ സകല മനുഷ്യർക്കുമായി നേടിയെടുത്തു. അങ്ങനെ അവൻ പിതാവിലേക്കു നയിക്കുന്ന വഴിയും, ദൈവത്തിന്റെ സ്വയം പ്രകാശനമാകുന്ന സത്യവും, ദൈവികജീവൻ സകലർക്കും പ്രദാനം ചെയ്യുന്ന ജീവന്റെ ഉറവിടവും ആയി. "*മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ, മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല.*" (അപ്പ 4, 12).

യേശുക്രിസ്തു തന്റെ മരണവും ഉത്ഥാനവും വഴി സകലമനുഷ്യർക്കുംവേണ്ടി നേടിയത് ഓരോരുത്തരും സ്വന്തമാക്കേണ്ടതുണ്ട്. അതിന് യേശുവിൽ വിശ്വസിക്കുകയും അവന്റെ പ്രബോധനങ്ങൾ അനുസരിക്കുകയും അവൻ നടന്ന കുരിശിന്റെ വഴിയേ നടക്കുകയും ചെയ്യണം. "*യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും*" (റോമാ 10, 9). കർത്താവായി ഏറ്റുപറ

യുന്നത് വെറും ഒരു അധരവ്യായാമം ആയാൽ പോരാ. അവന്റെ കല്പനകൾ അനുസരിച്ചുള്ള ജീവിതത്തിലൂടെ ഈ ഏറ്റുപറച്ചിൽ ആത്മാർത്ഥവും ഹൃദയത്തിൽനിന്നു വരുന്നതുമാണെന്ന് തെളിയിക്കണം.

# ഭാഗം II
# കുരിശിൽനിന്നു സുവിശേഷം

# 7. കുരിശിലെ നിലവിളി

*“യേശു ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു..അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിക്കുന്നതുകണ്ട് പറഞ്ഞു. “സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു”* (മർക്കോ 15, 37–39).

സാഹചര്യങ്ങൾക്കു നിരക്കാത്തതും പ്രത്യക്ഷത്തിൽ വിരോധാഭാസമെന്നു തോന്നാവുന്നതുമാണ് ശതാധിപന്റെ വിശ്വാസപ്രഖ്യാപനം. സ്വയം രാജാവായി പ്രഖ്യാപിച്ചുകൊണ്ട് റോമാസാമ്രാജ്യത്തിനെതിരേ കലാപത്തിനു നേതൃത്വം നല്കി എന്ന കുറ്റത്തിന് കുരിശിൽ തറച്ചുകൊന്നതാണ് യേശുവിനെ. വേദനയുടെയും നിരാശയുടെയും അടയാളമെന്നു തോന്നാവുന്ന വിധത്തിൽ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻ വെടിഞ്ഞ ആ കലാപകാരി സത്യമായും ദൈവപുത്രനായിരുന്നു എന്ന് വധശിക്ഷയ്ക്കു നേതൃത്വം നല്കിയ റോമൻ ശതാധിപൻ തന്നെ ഏറ്റു പറയുന്നത് തികച്ചും അസാധാരണം എന്നല്ല, അസംഭവ്യം എന്നേ പറയാനാവൂ.

മർക്കോസിന്റെ സുവിശേഷത്തിൽ മാത്രമാണ് ഇപ്രകാരമൊരു വിശ്വാസപ്രഖ്യാപനം രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിൽ സമാനമായൊരു വിശ്വാസപ്രഖ്യാനമുണ്ട്. എന്നാൽ അവിടെ ശതാധിപൻ മാത്രമല്ല, അവന്റെ കൂടെയുണ്ടായിരുന്നവരും വിശ്വാസപ്രഖ്യാപനത്തിൽ പങ്കുചേരുന്നു. വിശ്വാസപ്രഖ്യാപനത്തിന്റെ കാരണമാകട്ടെ, യേശുവിന്റെ മരണത്തോടനുബന്ധിച്ചുണ്ടായ സംഭവങ്ങളും അസാധാരണ പ്രതിഭാസങ്ങളുമായിരുന്നു എന്ന് സുവിശേഷകൻ എടുത്തു

കാട്ടുന്നുണ്ട്. ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ നിരപരാധിത്വമാണ് ശതാധിപന്റെ പ്രഖ്യാപനത്തിലുള്ളത്. അതും മരണം മാത്രമല്ല, മറ്റ് സംഭവങ്ങളും കണ്ടതിന്റെ പശ്ചാത്തലത്തിലാണ്.

യേശു മരിക്കുന്നതു കണ്ടതാണ് ശതാധിപന്റെ വിശ്വാസപ്രഖ്യാപനത്തിനു കാരണം എന്നു മർക്കോസു മാത്രമേ പറയുന്നുള്ളൂ. മറ്റു സുവിശേഷങ്ങളുമായി താരതമ്യം ചെയ്താൽ വളരെ ചുരുക്കമായി മാത്രമേ ദൈവപുത്രൻ എന്ന് യേശുവിനെ മർക്കോസ് വിശേഷിപ്പിക്കുന്നുള്ളൂ. തുടക്കത്തിൽ സുവിശേഷകൻതന്നെ ഈ വിശേഷണം നല്കുന്നു: *"ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (മർക്കോ 1, 1).* തുടർന്ന് മാമ്മോദീസായുടെ അവസരത്തിൽ സ്വർഗ്ഗത്തിൽ നിന്നു മുഴങ്ങിയ പിതാവിന്റെ ശബ്ദം യേശുവിനെ ദൈവപുത്രനായി ഏറ്റുപറയുന്നു (മർക്കോ 1, 11). രൂപാന്തരീകരണത്തിന്റെ അവസരത്തിലും പിതാവ് യേശുവിനെ ദൈവപുത്രനായി അവതരിപ്പിക്കുന്നുണ്ട് (മർക്കോ 9,7). യേശു ദൈവപുത്രനാണെന്ന് പിശാചിനും അറിയാം; എന്നാൽ പിശാചിന്റെ വിശ്വാസപ്രഖ്യാപനം യേശു അനുവദിക്കുന്നില്ല (മർക്കോ 1, 25:34). ഇവയ്ക്കു പുറമേ യേശുവിനെ ദൈവപുത്രൻ എന്ന് ഏറ്റുപറയുന്ന ഏകസംഭവമാണ് പഠനവിഷയം. അത് ആരാച്ചാരുടെ കർമ്മം നിർവ്വഹിച്ച റോമൻ ശതാധിപനാണെന്നത് തികച്ചും ആശ്ചര്യകരമായിതോന്നാം. എന്നാൽ ഈ വിശ്വാസപ്രഖ്യാപനത്തിന് സുവിശേഷത്തിന്റെ ഘടനയിൽത്തന്നെ വലിയ പ്രാധാന്യമാണ് സുവിശേഷകൻ നല്കിയിരിക്കുന്നത്.

ദൈവപുത്രനായ ക്രിസ്തുവിനെ പിതാവുതന്നെ അംഗീകരിക്കുകയും ശിഷ്യർക്കു വെളിപ്പെടുത്തുകയും ചെയ്തു. പൈശാചികശക്തികൾ അവനെ തിരിച്ചറിഞ്ഞ് അടിയറവു പറഞ്ഞു. എന്നാൽ യേശുവിനെ ദൈവപുത്ര

നായി ഏറ്റുപറയുന്ന ഏകമനുഷ്യവ്യക്തി വിജാതീയസൈനികനായ റോമൻ ശതാധിപനത്രേ. ഇവിടെ വലിയൊരു വൈരുധ്യവും അതിലും വലിയൊരു വെളിപാടും ദൃശ്യമാകുന്നു.

ശതാധിപനെ വിശ്വാസപ്രഖ്യാപനത്തിലേക്കു നയിച്ച രണ്ടു കാര്യങ്ങൾ സുവിശേഷകൻ എടുത്തു പറയുന്നുണ്ട്.

1. കുരിശിൻ ചുവട്ടിൽ ക്രൂശിതന് അഭിമുഖമായി നിന്നു.
2. അവൻ ഇപ്രകാരം മരിക്കുന്നതു കണ്ടു.

*നിന്നു, കണ്ടു* എന്ന രണ്ടു വാക്കുകളിൽ ഒരു ആശയപ്രപഞ്ചം ഒളിപ്പിച്ചുവച്ചിട്ടുണ്ട്. ശിഷ്യത്വത്തെ സംബന്ധിച്ച നിർണ്ണായകമായ പാഠങ്ങൾ ഇവിടെ സുവിശേഷകൻ എഴുതിച്ചേർത്തിരിക്കുന്നു.

കുരിശിൻ ചുവട്ടിൽ യേശുവിന് അഭിമുഖമായി നില്ക്കുന്നവനാണ് ശിഷ്യൻ. സുവിശേഷത്തിൽ മുഴുവൻ ഈ പാഠം നിറഞ്ഞു നില്ക്കുന്നു. ജോർദ്ദാനിൽവച്ച് ആത്മാഭിഷേകവും പിതാവിൽനിന്നു ദൗത്യവും സ്വീകരിച്ച യേശു മരുഭൂമിയിൽവച്ച് സാത്താനെ പരാജയപ്പെടുത്തിയതിനുശേഷം ആദ്യമേ ചെയ്തത് ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയായിരുന്നു (മർക്കോ 1, 16-20). ശിഷ്യന്മാരുടെ സാന്നിധ്യത്തിലല്ലാതെ യേശു ഒരു പ്രബോധനവും നല്കുന്നില്ല. ഒരത്ഭുതവും പ്രവർത്തിക്കുന്നുമില്ല. തന്നോടുകൂടെ ആയിരിക്കാൻ (മർക്കോ 3, 14) വേണ്ടിയാണ് പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുത്തത്. ശിഷ്യൻ ഗുരുവിന്റെ കൂടെ ആയിരിക്കണം, ഗുരുവിനെ അനുഗമിക്കണം, ഗുരുവിന്റെ ദൗത്യത്തിലും അനുഭവങ്ങളിലും പങ്കുചേരണം. ഗുരുവിനെ അനുഗമിക്കുന്നവനാണ് ശിഷ്യൻ. അനുഗമിക്കുകയെന്നാൽ കുരിശുമെടുത്ത് പിന്നാലെ പോവുകയാണെന്ന് ഗുരുനാഥൻ അവരെ പഠിപ്പിച്ചു. "*ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹി*

*ക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ*" (മർക്കോ 8, 34).

ഇപ്രകാരമൊരു ശിഷ്യത്വമില്ലാതെ യേശുവിനെ അറിയാനോ യേശുവിൽ വിശ്വസിക്കാനോ ആർക്കും കഴിയുകയില്ല. അത്ഭുതപ്രവർത്തനങ്ങൾ കണ്ട് യേശുവിനെ ക്രിസ്തുവായി ഏറ്റു പറയുന്നവരുണ്ട്. എന്നാൽ അങ്ങനെയൊരു വിശ്വാസപ്രഖ്യാപനം യേശു അംഗീകരിക്കുന്നില്ല; പ്രോത്സാഹിപ്പിക്കുന്നുമില്ല. തന്നെക്കുറിച്ച് ആരോടും പറയരുത് എന്നാണ് ഓരോ അത്ഭുതകരമായ രോഗശാന്തിക്കുംശേഷം യേശു നല്കുന്ന നിർദ്ദേശം (മർക്കോ 1, 44). പിശാചുക്കളുടെ വിശ്വാസപ്രഖ്യാപനവും യേശു അനുവദിക്കുന്നില്ല (മർക്കോ 1, 25. 34). താൻ ക്രിസ്തുവാണെന്ന കാര്യം ആരോടും പറയരുതെന്ന് ശിഷ്യന്മാർക്കും നിർദ്ദേശം നല്കുന്നു (മർക്കോ 8, 30). *മിശിഹാരഹസ്യം* (Messianic Secret) എന്ന സാങ്കേതിക നാമത്തിൽ അറിയപ്പെടുന്ന മർക്കോസിന്റെ ഈ രചനാ സങ്കേതത്തിന് ഒരു ലക്ഷ്യവും പരിധിയുമുണ്ട്.

രൂപാന്തരീകരണത്തിന്റെ മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ യേശു നല്കുന്ന നിർദ്ദേശത്തിൽ ലക്ഷ്യവും പരിധിയും വ്യക്തമാകുന്നു. "*അവർ കണ്ട കാര്യങ്ങൾ, മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർക്കുന്നതുവരെ ആരോടും പറയരുതെന്ന് മലയിൽ നിന്നിറങ്ങിപ്പോരുമ്പോൾ അവൻ അവരോടു കല്പിച്ചു*" (മർക്കോ 9, 9). യേശുവിന്റെ ഉത്ഥാനത്തിനുശേഷം മാത്രം പരസ്യമായി പ്രഘോഷിക്കേണ്ട ഒരു സത്യമാണ് യേശുവിന്റെ ദൈവപുത്രത്വം. പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും വഴിയാണ് യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം വെളിപ്പെടുക. യേശുവിനെ അറിയുകയും വിശ്വസിക്കുകയും ആ വിശ്വാസം ഏറ്റുപറയുകയും ചെയ്യണമെങ്കിൽ കുരി

ശിൻ ചുവടുവരെ അവനെ അനുഗമിക്കണം; കുരിശിൻ ചുവട്ടിലും പതറാതെ നില്ക്കണം; അവന്റെ മരണത്തിനു സാക്ഷിയാകണം.

ഇപ്രകാരമൊരു ശിഷ്യത്വവും സാക്ഷ്യവുമില്ലാത്ത വിശ്വാസപ്രഖ്യാപനം പിശാചുക്കളുടേതുപോലെ അർത്ഥ ശൂന്യത്വവും അപകടകരവുമാകാം. പിശാചുക്കൾ യേശു വിനെ ദൈവപുത്രനായി അറിയുകയും ഏറ്റുപറയുകയും ചെയ്യുന്നുണ്ടെങ്കിലും ആ അറിവ് അവർക്കു രക്ഷ നല്കു ന്നില്ല; അവരെ മാനസാന്തരത്തിലേക്കു നയിക്കുന്നുമില്ല. തന്നെയുമല്ല, യേശുവിനെ ക്രിസ്തുവായി പരസ്യപ്പെടു ത്തുന്നത് തെറ്റിധാരണകൾക്കും തെറ്റായ പ്രവർത്തന ങ്ങൾക്കും കരണമാവുകയും ചെയ്യാം. വിദേശീയാധിപ ത്യത്തിൽ നിന്നു മോചിപ്പിച്ച്, ഇസ്രായേലിനെ വലിയ സാമ്രാജ്യമാക്കി ഉയർത്തുന്ന മിശിഹാരാജാവിനെ കാത്തി രിക്കുകയായിരുന്നു ജനം മുഴുവൻ. ഇപ്രകാരമൊരു വിമോചകരാജാവായി യേശുവിനെ തെറ്റിധരിക്കാൻ പൈശാചികമായ വിശ്വാസപ്രഖ്യാപനം കാരണമാകാം. യേശുവിനെ രാജാവാക്കാൻ ജനങ്ങൾ നടത്തിയ ശ്രമ ത്തെക്കുറിച്ച് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 6, 14-15). ഈ പശ്ചാത്തലത്തിൽ മിശിഹാരഹസ്യം മാത്രമല്ല യേശുവിന്റെ ദൈവപുത്രത്വവും ശിഷ്യത്വവും തമ്മിലുള്ള ഗാഢമായ ബന്ധവും വ്യക്തമാകുന്നു.

കുരിശുമെടുത്ത് കൂടെ പോകാനും കുരിശിൻ ചുവട്ടിൽ നില്ക്കാനുമുള്ള വിളിയിൽ ശിഷ്യന്മാരെല്ലാം ദയനീയമായി പരാജയപ്പെട്ടു എന്ന് മർക്കോസ് എടുത്തു കാട്ടുന്നുണ്ട്. യേശുവിനെ ക്രിസ്തുവായി ഏറ്റുപറഞ്ഞ ശിഷ്യന്മാർ അവനെ കുരിശിന്റെ വഴിയിൽ നിന്നു പിന്തി രിപ്പിക്കാനാണ് ശ്രമിക്കുക (മർക്കോ 8, 32). കുരിശിനെയും മരണത്തെയുംക്കുറിച്ച് ഗുരു പഠിപ്പിക്കുമ്പോൾ ശിഷ്യർ അധികാരത്തെക്കുറിച്ച് തർക്കിക്കുന്നു (മർക്കോ 9, 34;

10, 37). പന്ത്രണ്ടുപേരിൽ ഒരുവൻ ഒറ്റിക്കൊടുത്തു. നിർണ്ണായകനിമിഷത്തിൽ എല്ലാവരും അവനെവിട്ട് ഓടിപ്പോയി (മർക്കോ 14, 45. 50). പിടിച്ചുനിർത്തി ചോദ്യം ചെയ്തപ്പോൾ "*ആ മനുഷ്യനെ ഞാൻ അറിയുകയില്ല*" (മർക്കോ 14, 71) എന്ന് ശിഷ്യപ്രധാനനായ പത്രോസ്തന്നെ തള്ളിപ്പറഞ്ഞു. ഇങ്ങനെ ശിഷ്യന്മാരെല്ലാം പരാജയപ്പെടുകയും അപ്പസ്തോലസമൂഹം തന്നെ ചിതറിപ്പോവുകയും ചെയ്തിടത്ത് വിജാതീയനായ റോമൻ ശതാധിപൻ ശിഷ്യത്വത്തിന്റെ ഉത്തമമാതൃകയായി കുരിശിൻ ചുവട്ടിൽ നിന്ന് തന്റെ വിശ്വാസം ഏറ്റുപറഞ്ഞു: "*സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു.*"

ശതാധിപൻ യേശുവിനെ കുരിശുമെടുത്ത് അനുഗമിച്ചില്ല; അവന്റെ പ്രബോധനങ്ങൾ കേൾക്കുകയോ അത്ഭുതങ്ങൾ കാണുകയോ ചെയ്തില്ല. പിന്നെ എന്താണ് അയാളെ ഇപ്രകാരമൊരു വിശ്വാസപ്രഖ്യാപനത്തിലേക്കു നയിച്ചത്? ഒരേ ഒരു കാര്യത്തിലാണ് മർക്കോസ് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. "*അവൻ ഇപ്രകാരം മരിക്കുന്നത് കണ്ട്*" (മർക്കോ 15, 39). എന്തായിരുന്നു ആ മരണത്തിന്റെ പ്രത്യേകത? "*യേശു ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു*" (മർക്കോ 15, 37) എന്ന് മർക്കോസ് ആ മരണത്തെ വിശേഷിപ്പിച്ചിരിക്കുന്നു. കുരിശിൽ തൂക്കപ്പെട്ട കുറ്റവാളി നിലവിളിച്ചുകൊണ്ടു മരിക്കുന്നത് വിശ്വാസത്തിലേക്കു നയിക്കാൻ മതിയായ അടയാളമാണോ? അല്ല എന്നു തോന്നിയതുകൊണ്ടാവാം മത്തായി മറ്റു ചില പ്രതിഭാസങ്ങളെ വിശ്വാസപ്രഖ്യാപനത്തിന് പശ്ചാത്തലമായി എടുത്തുകാട്ടിയത്.

യേശുവിന്റെ കുരിശുമരണം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുവിവരണങ്ങളിൽ നാലു സുവിശേഷങ്ങളും തമ്മിൽ ഐക്യവുമുണ്ട്. എന്നാൽ വിശദാംശങ്ങളിൽ ഏറെ വ്യത്യാസങ്ങളും

കാണാം. യേശുവിന്റെ മഹത്വീകരണമായിട്ടാണ് യോഹന്നാൻ കുരിശുമരണത്തെ കാണുന്നത്. കുരിശിൽ ഉയർത്തപ്പെടുക എന്ന പ്രയോഗത്തിലൂടെ ഇതു വ്യക്തമാക്കുന്നു (യോഹ 3, 15; 8, 28; 12, 32). പീഡാനുഭവചരിത്രത്തിലുട നീളം യേശുവിന്റെ രാജത്വവും മഹത്വവും ഉയർത്തിക്കാട്ടാൻ നാലാം സുവിശേഷകൻ ശ്രദ്ധിക്കുന്നു. അതിനാൽ കുരിശിൽ നിലവിളിയില്ല; സഭാസ്ഥാപനം, പരിശുദ്ധാത്മ ദാനം; ദൈവഹിതം പൂർത്തിയാക്കൽ എന്നിവയ്ക്കാണ് യോഹന്നാൻ പ്രാധാന്യം നല്കുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ നിരപരാധിത്വം, കാരുണ്യം, ക്ഷമിക്കുന്ന സ്നേഹം, വിജാതീയർക്കും ദരിദ്രർക്കും രക്ഷ മുതലായ പ്രമേയങ്ങൾക്കു പ്രാധാന്യം നല്കുന്നു. രക്ഷ പ്രാപിക്കുന്നവരുടെ പ്രതിനിധികളാണ് ‘‘നല്ല കള്ളനും” ശതാധിപനും. യേശുവിന്റെ മരണത്തെ പ്രവാചകന്റെ രക്തസാക്ഷിത്വമായി അവതരിപ്പിക്കുന്നതോടൊപ്പം പിതാവിന്റെ കരങ്ങളിലുള്ള ആത്മസമർപ്പണമായും ചിത്രീകരിക്കുന്നു. മത്തായിയാകട്ടെ, യേശുവിന്റെ മരണത്തെ ഒരു യുഗാന്ത്യസംഭവമായി അവതരിപ്പിക്കുന്നു. ഭൂമികുലുക്കം, അന്ധകാരം, മരിച്ചവരുടെ ഉയിർപ്പ് മുതലായവ അനുബന്ധമായി വിവരിച്ചുകൊണ്ട് യേശുവിന്റെ മരണത്തോടെ പഴയയുഗം അവസാനിക്കുകയും രക്ഷയുടെ പുതിയയുഗം പിറക്കുകയും ചെയ്യുന്നതായി പഠിപ്പിക്കുന്നു. ഇതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമാണ് മർക്കോസിന്റെ ചിത്രീകരണം.

മനുഷ്യന്റെ എല്ലാ ദുഃഖങ്ങളും വേദനകളും ഏറ്റെടുത്ത്, പീഡാനുഭവവും കുരിശുമരണവും വഴി മഹത്വത്തിലേക്കു പ്രവേശിക്കുന്ന മനുഷ്യപുത്രനാണ് ദൈവപുത്രനും ക്രിസ്തുവുമായ യേശു. ബലഹീനതയിലും സഹനത്തിലുമാണ് അവന്റെ ദൈവികത്വം വെളിപ്പെടുക. യേശുവിനെ ഏറ്റുപറയുകയും അനുഗമിക്കുകയും

ചെയ്യുന്നതിന്റെ പേരിൽ പീഡനങ്ങൾക്ക് ഇരയാകുന്ന ക്രിസ്തുവിശ്വാസികളുടെ മുമ്പിൽ മർക്കോസ് അവതരിപ്പിക്കുന്നത് തെറ്റിധരിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യപുത്രനെയാണ്. കുരിശുമരണത്തിന്റെ വിവരണത്തിലും ഈ പൊതുസ്വഭാവം നിലനില്ക്കുന്നു.

ക്രൂശിതനായ യേശുവിന്റെ രണ്ടു നിലവിളികൾ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്: *"ഒമ്പതാം മണിക്കൂറിൽ ആയപ്പോൾ യേശു ഉച്ചത്തിൽ നിലവിളിച്ചു: "ഏലോയ്, ഏലോയ് ലമാസ്ക്കത്താനീ"* (മർക്കോ 15, 34). പരിത്യക്തന്റെ വിലാപം എന്നു വിശേഷിപ്പിക്കാറുള്ള 22-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്യമാണിത്. മത്തായിയും ഈ നിലവിളി ഉദ്ധരിക്കുന്നുണ്ട് (മത്താ 27, 46). മർക്കോസ് *ഏലോയ്* എന്നും മത്തായി *ഏലി* എന്നും വിശേഷിപ്പിക്കുന്ന അഭിസംബോധനയുടെ അർത്ഥം ''എന്റെ ദൈവമേ'' എന്നത്രേ. എന്നാൽ ഏലിയാഹൂ എന്ന പേരിന്റെ ചുരുക്കെഴുത്തായ 'ഏലി'എന്നാണ് ശ്രോതാക്കൾ അതിനെ വ്യാഖ്യാനിച്ചത്. മരണാസന്നർ, അതും അകാരണമായി കൊല്ലപ്പെടുന്നവർ, വിളിച്ചപേക്ഷിക്കുമ്പോൾ സഹായിക്കാൻ ഏലിയാ വരും എന്ന വിശ്വാസം ഈ വ്യാഖ്യാനത്തിനു പിന്നിലുണ്ട്. എന്നാൽ ഒരു സഹായാഭ്യർത്ഥനയോ, നിരാശയിൽ നിന്നുയരുന്ന നിലവിളിയോ അല്ല, ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്നവന്റെ പ്രാർത്ഥനയാണ് 22-ാം സങ്കീർത്തനം. പ്രത്യക്ഷത്തിൽ ഉപേക്ഷിക്കപ്പെട്ടവനെങ്കിലും ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്താൽ മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനാണ് 22-ാം സങ്കീർത്തനത്തിലെ ഭക്തൻ. അതിനാൽ ആ സങ്കീർത്തനവാക്യം ഉരുവിടുന്ന യേശു, തീവ്രമായ സഹനത്തിനു മധ്യത്തിലും, ദൈവത്തിൽ പ്രത്യാശയർപ്പിക്കുകയും അത് പരസ്യമായി ഏറ്റുപറയുകയും ചെയ്യുന്നു.

ഇക്കാര്യത്തിൽ ആദ്യത്തെ രണ്ടു സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസമില്ല.

ലൂക്കാ സുവിശേഷകൻ ഈ സങ്കീർത്തനവാക്യം രേഖപ്പെടുത്തിയിട്ടില്ല. പകരം മറ്റൊന്നാണ് അവതരിപ്പിക്കുന്നത്. "*യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു*" (ലൂക്കാ 23, 46). ഇവിടെയും നിലവിളി നിരാശയുടെ അടയാളമല്ല, പ്രത്യാശയുടെയും ആത്മസമർപ്പണത്തിന്റെയും പ്രകടനമാണ്. ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ് മരണത്തോടനുബന്ധിച്ചുള്ള യേശുവിന്റെ നിലവിളി. അതിൽ വാക്കുകളില്ല. തന്നെയുമല്ല, *"നിലവിളിച്ചു"* എന്നു വിവർത്തനം ചെയ്യുന്ന മൂലഭാഷയിലെ വാക്കും വ്യത്യസ്തമാണ്.

*"ഉച്ചത്തിൽ നിലവിളിച്ചു"* എന്നത് ഒരു വ്യാഖ്യാനമാണ്. ആദ്യത്തെ നിലവിളിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ആർദ്രവും ദീനവുമായ ഒരു നിലവിളിയായി ഇതിനെ വ്യാഖ്യാനിക്കാൻ സാധ്യതയുണ്ട്. എന്നാൽ *"അവൻ വലിയ ശബ്ദം പുറപ്പെടുവിച്ചു"* എന്നാണ് മൂലഭാഷയിൽ. *"giving out a loud voice." 'A loud cry"* എന്ന് ചില വിവർത്തനങ്ങളിലും കാണാം. cry എന്നാൽ രോദനം എന്നുമാത്രമല്ല, അട്ടഹാസം എന്നും അർത്ഥമാകാം. ഇവിടെ രണ്ടു ചോദ്യങ്ങൾ പ്രസക്തമാകുന്നു. 1. എന്താണ് ഈ വലിയ ശബ്ദം കൊണ്ട് സുവിശേഷകൻ അർത്ഥമാക്കുന്നത്? 2. എങ്ങനെയാണ് ഈ ശബ്ദം ശതാധിപന് ഒരു അടയാളമായത്?

ശതാധിപൻ ആദ്യമായിട്ടായിരിക്കുകയില്ല കുരിശുമരണം കാണുന്നത്. അതിനാൽത്തന്നെ കുരിശിൽ മരിക്കുന്നവർ വലിയ ശബ്ദം പുറപ്പെടുവിക്കുന്നത് അസാധാരണമായി അനുഭവപ്പെട്ടതിൽ അത്ഭുതമില്ല. എണ്ണമറ്റ അടികളേറ്റ് ശരീരം മുഴുവൻ ഒറ്റവ്രണമായ മനുഷ്യൻ.

കൈത്തണ്ടകളിൽ അടിച്ചുകയറ്റിയ ആണികളിൽ മണിക്കൂറുകളായി തൂങ്ങിക്കിടന്നവൻ. രക്തമെല്ലാം വാർന്നുപോയി. തൊണ്ടവരണ്ട്, നാവ് അണ്ണാക്കിലൊട്ടി, ഒരുവാക്കുപോലും പറയാൻ പ്രയാസപ്പെടുന്ന മരണാസന്നൻ. ശരിക്കൊന്നു ശ്വസിക്കണമെങ്കിൽ ആണിയടിച്ചുനിർത്തിയിരിക്കുന്ന കാലുകളിൽ ബലം കൊടുത്ത് അല്പമൊന്നുയരണം. ശ്വാസം മുട്ടിയാണ് ക്രൂശിതൻ മരിക്കുക. ക്രൂശിതനിൽ നിന്നുയരുന്നത് കൂടിയാൽ അവ്യക്തമായ ഞരക്കം മാത്രമായിരിക്കും.

ഈ പശ്ചാത്തലത്തിൽ വേണം യേശുവിന്റെ ഉച്ചത്തിലുള്ള ശബ്ദത്തെ മനസിലാക്കാൻ. തന്റെ മുമ്പിൽ കുരിശിൽ തൂങ്ങിക്കിടക്കുന്നത് ഒരു സാധാരണ കുറ്റവാളിയല്ല; ഒരു മനുഷ്യനുമല്ല; അമാനുഷികശക്തിയുള്ള ആളാണ് എന്നു ശതാധിപൻ മനസ്സിലാക്കി. കാരണം ഒരു മനുഷ്യനും ഇപ്രകാരം വലിയൊരു ശബ്ദം പുറപ്പെടുവിക്കാൻ കഴിയുമായിരുന്നില്ല. ഉച്ചത്തിൽ ഉയർന്ന ശബ്ദമാണ് യേശുവിന്റെ മരണത്തിന്റെ പ്രത്യേകതയായി ശതാധിപൻ കണ്ടതും ദൈവപുത്രനായി യേശുവിനെ ഏറ്റുപറയുവാൻ പ്രേരിപ്പിച്ചതും. ഇതാണ് മർക്കോസിന്റെ വിവരണത്തിലെ ഒരു പ്രത്യേകത. എല്ലാവരും ബലഹീനതയും, പരാജയവും നിരാശയും കണ്ടിടത്ത് മർക്കോസ് ശക്തിയും വിജയവും മഹത്വവും ദർശിച്ചു. ഇതുതന്നെയാണ് കുരിശുമരണത്തിന്റെ അർത്ഥം. ഇതാണ് ശിഷ്യന്മാർ പിന്നീട് മനസിലാക്കിയതും പ്രഘോഷിച്ചതും (1 കോറി 1, 18-24).

ഉച്ചത്തിലുള്ള നിലവിളിക്ക് മറ്റൊരർത്ഥം കൂടിയുണ്ട്. ഇത് പരാജിതന്റെ നിലവിളിയല്ല, വിജയം വരിച്ചതിന്റെ ആഹ്ലാദാട്ടഹാസമാണ്. യുദ്ധം ജയിച്ച യോദ്ധാവിന്റെ, മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയവന്റെ, ദുഷ്കരമായ ദൗത്യം നിറവേറ്റിയവന്റെ ആഹ്ലാദപ്രകടനമാണ് ഈ

ഉച്ചത്തിലുള്ള നിലവിളി. അവിടെ ദുഃഖമില്ല; നിരാശയുമില്ല. ഞാൻ വിജയിച്ചിരിക്കുന്നു. അവസാനംവരെ പിതാവിന്റെ ഹിതത്തോടു പൂർണ്ണമായി സഹകരിച്ചു. മനുഷ്യരക്ഷയെന്ന ദൗത്യം നിറവേറ്റി. മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന പാപത്തിന്റെയും മരണത്തിന്റെയും തിന്മയുടെ സകലശക്തികളുടെയും മേൽ വിജയം വരിച്ചു. ഇപ്രകാരമൊരു വിജയവിളംബരമാണ് കുരിശിൽ നിന്നുയർന്നത്. വിജയം വിളിച്ചറിയിക്കുന്ന കതിനാവെടി പോലെ, പീരങ്കിയുടെ ഗർജ്ജനം പോലെ.

ആ വിജയാട്ടഹാസം ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടു. ഭൂമി ഞെട്ടിവിറച്ചു, പാറകൾ പിളർന്നു, സൂര്യന് ഭ്രമണ ഭ്രംശം സംഭവിച്ചു, നട്ടുച്ചക്ക് ഇരുട്ട് വ്യാപിച്ചു എന്നൊക്കെ അപ്പോകലിപ്റ്റിക് ശൈലിയിൽ മത്തായി സുവിശേഷകൻ ഈ മരണത്തിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നു. കുരിശിൽ നിന്നു മുഴങ്ങിയത് ദൈവത്തിന്റെ ശക്തമായ ശബ്ദമാണ്. ഭൂമിയെ കുലുക്കുന്ന, മലകളെ മറിക്കുന്ന, മരങ്ങളെ കട പുഴക്കുന്ന (സങ്കീ 29) ശബ്ദം. അനീതിയിലും അക്രമത്തിലും അടിയുറപ്പിച്ച അധർമ്മത്തിന്റെ സിംഹാസനങ്ങളെ തകിടം മറിക്കുന്ന, മരണസംസ്കാരത്തെ വേരോടെ പിഴുതെറിയുന്ന ദൈവത്തിന്റെ ശബ്ദമായി കുരിശിലെ നിലവിളിയെ ശതാധിപൻ തിരിച്ചറിഞ്ഞു. അങ്ങനെ സാമ്രാജ്യശക്തി ആരാച്ചാരാക്കി നിയമിച്ച ആ മനുഷ്യൻ യേശുവിന്റെ ആദ്യത്തെ ശിഷ്യനും വക്താവും യഥാർത്ഥ പ്രേഷിതനുമായി. ശതാധിപനെപ്പോലെ കുരിശിൻ ചുവട്ടിൽ ക്രൂശിതന് അഭിമുഖമായി നില്ക്കാനും അവന്റെ ശക്തമായ വലിയ ശബ്ദം ശ്രവിച്ചു വിശ്വസിക്കാനും ആ വിശ്വാസം ശതാധിപനെപ്പോലെ ഏറ്റു പറയാനും ദൈവം കൃപ ചെയ്യട്ടെ!.

# 8. "പിതാവേ, അവരോടു ക്ഷമിക്കണമേ....." (ലൂക്കാ 23, 34)

ക്രൂശിതനായ ഗുരു അരുളിയ ഏഴു തിരുമൊഴികൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മരണത്തിനു തൊട്ടുമുമ്പു പറയുന്ന വാക്കുകൾ മരിക്കാൻ പോകുന്ന ആളിന്റെ അന്തിമാഭിലാഷവും ഏറ്റം പ്രധാനപ്പെട്ട സന്ദേശവുമായി പരിഗണിക്കുക സർവ്വസാധാരണമാണല്ലോ. തന്റെ പിൻഗാമികൾ എന്നും ഓർമ്മയിൽ സൂക്ഷിക്കുകയും അനുസരിക്കുകയും ചെയ്യണം എന്ന് ഏറ്റം തീവ്രമായി ആഗ്രഹിക്കുന്ന കാര്യങ്ങളാവും ചാവരുളായി കൈമാറുക. ലോകത്തിന്റെ നെറുകയിൽ നാട്ടിയ കുരിശ് സമുന്നതമായ പ്രസംഗപീഠമായി; കുരിശിൽ നിന്നുരുവിട്ട അവസാനമൊഴികൾ ഏറ്റം പ്രധാനപ്പെട്ട പ്രസംഗവും. സീനായ് മലയും അഷ്ടഭാഗ്യങ്ങളുടെ മലയും *ഗോൽഗൊഥാ* എന്നു ഹീബ്രുവിലും *കാൽവരി* എന്ന് ലത്തീനിലും *ക്രാണിയോൺ* എന്നു ഗ്രീക്കിലും അറിയപ്പെടുന്ന മലയിലേക്ക് വിരൽ ചൂണ്ടുന്നു. "തലയോട്" എന്നാണ് പേരിനർത്ഥം. ലോകത്തിന്റെ ഉച്ചിയിൽ കുരിശു നാട്ടിയിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് ഈ പേര്. കുരിശിൽ നിന്നൊഴുകി രക്തം ലോകത്തെ മുഴുവൻ കഴുകി ശുദ്ധീകരിക്കുന്നു എന്ന് ഈ പ്രതീകത്തിലൂടെ സൂചിപ്പിക്കുകയുമാവാം.

കുരിശിലെ ഗുരുമൊഴികൾ നാലു സുവിശേഷങ്ങളും ഒരേ വിധത്തിലല്ല രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായിയും മർക്കോസും ഒരേ ഒരു വാക്യമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആ വാക്യമാകട്ടെ മറ്റു രണ്ടു സുവിശേ

ഷങ്ങളിൽ കാണുന്നുമില്ല. എന്നാൽ ലൂക്കായും യോഹന്നാനും മൂന്നു ഗുരുവചനങ്ങൾ വീതം രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ നാലു സുവിശേഷങ്ങളും ഒരുമിച്ചെടുക്കുമ്പോൾ ഏഴു ഗുരുമൊഴികൾ കിട്ടുന്നു. പൂർണ്ണതയുടെ സംഖ്യയാണ് ബൈബിളിൽ ഏഴ്. യേശുവിന്റെ പ്രബോധനങ്ങളുടെ രത്നചുരുക്കമായി ഈ തിരുമൊഴികളെ കരുതാനാവും. ഇവയിൽ ഏത് ആദ്യം, ഏതു പിന്നീട് അരുളിച്ചെയ്തു എന്നു കണ്ടുപിടിക്കുക എളുപ്പമല്ല; പ്രസക്തവുമല്ല. ഈ തിരുമൊഴികൾ നല്കുന്ന സന്ദേശം ഗ്രഹിക്കുകയാണ് പ്രധാനം. പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള കാലക്രമം അനുസരിച്ചാണ് ഗുരുമൊഴികൾ ഇവിടെ പഠനവിഷയമാക്കുന്നത്.

ലൂക്കാ സുവിശേഷകൻ കുരിശിൽ നിന്നുള്ള മൂന്നു ഗുരുമൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഒന്നും മൂന്നും മൊഴികൾ പിതാവിനു സമർപ്പിക്കുന്ന പ്രാർത്ഥനയാണ്; രണ്ടാമത്തേത് മരണാസന്നനായ ഒരുവനു നല്കുന്ന വാഗ്ദാനവും. ഇവയിൽ ആദ്യത്തെ ഗുരുമൊഴിയാണ് ഇവിടെ പഠനവിഷയം. യേശുവിനെ രണ്ടു കുറ്റവാളികൾക്കു മധ്യേ കുരിശിൽ തറച്ചു എന്നു പറഞ്ഞതിനു തൊട്ടുപിന്നാലെയാണ് ആദ്യത്തെ ഗുരുമൊഴി രേഖപ്പെടുത്തിയിരിക്കുന്നത്. അവസാനത്തേതാകട്ടെ മരണത്തിനു തൊട്ടുമുൻപും. രണ്ടും പ്രാർത്ഥനയാണ്; ദൈവത്തെ പിതാവേ (ആബ്ബാ) എന്ന് അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രാർത്ഥന. ഗുരുമൊഴികളുടെ ഈ ക്രമീകരണത്തിലൂടെ യേശുവിന്റെ കുരിശുമരണത്തെ പിതാവിനു സമർപ്പിക്കുന്ന പ്രാർത്ഥനയായി, അഥവാ ബലിയായി, സുവിശേഷകൻ അവതരിപ്പിക്കുന്നു. സ്വന്തം ജീവൻ ബലിയായി അർപ്പിക്കുന്ന നിത്യപുരോഹിതനായ യേശുവിന്റെ പുരോഹിതപ്രാർത്ഥനയാണിത്.

യേശുവിന്റെ ജീവിതത്തെ മുഴുവൻ ഒരു പ്രാർത്ഥ

നയായിട്ടാണ് ലൂക്കാ ചിത്രീകരിക്കുന്നതെന്നു തോന്നും. പരസ്യജീവിതത്തിന് ഒരുക്കമായി ആത്മാഭിഷേകം സ്വീകരിക്കുന്നത് ജോർദ്ദാനിലെ സ്നാനത്തിനുശേഷം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് (ലൂക്കാ 3, 21). സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് രാത്രി മുഴുവൻ യേശു പ്രാർത്ഥനയിൽ ചിലവഴിച്ചിരുന്നു (ലൂക്കാ 6, 12; 9, 18–28). പീഡാനുഭവത്തിന്റെ തുടക്കത്തിൽ നാം കാണുന്നത് *"തീവ്രവേദനയിൽ മുഴുകി തീക്ഷ്ണമായി പ്രാർത്ഥിക്കുന്ന"* (ലൂക്കാ 22, 44) യേശുവിനെയാണ്. കുരിശിൽ ഈ പ്രാർത്ഥന ഏറ്റം തീവ്രമാകുന്നു.

കുരിശിൽ തറയ്ക്കപ്പെട്ട ഒരു വ്യക്തിയിൽനിന്ന് സാധാരണഗതിയിൽ ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയാത്തതായിരുന്നു യേശുവിന്റെ തിരുവചനങ്ങൾ. യേശു ഒരു സാധാരണ മനുഷ്യൻമാത്രം ആയിരുന്നില്ലല്ലോ! കുരിശിൽ തറയ്ക്കപ്പെടുന്ന വ്യക്തികൾ അതികഠോരമായ വേദനയാണനുഭവിക്കുക. അതിനാൽ ക്രൂശിതരിൽ നിന്നുയരുന്നത് നിലവിളികളും ശാപവർഷവുമായിരിക്കും. എല്ലാവരെയും വെറുക്കുകയും ശപിക്കുകയും താഴെ നിൽക്കുന്നവരെ തുപ്പുകയും ചെയ്യുന്ന കുറ്റവാളികളെ നിശബ്ദരാക്കാൻവേണ്ടി പലപ്പോഴും അവരുടെ നാവ് മുറിച്ചുകളയുമായിരുന്നു. എന്നാൽ എത്രവ്യത്യസ്തമാണ് ഈ ക്രൂശിതന്റെ പ്രതികരണം! ശാപമില്ല, ക്രോധമില്ല, പ്രതികാരച്ചിന്തയോ നിരാശയോ ഇല്ല. ചിന്ത മുഴുവൻ രണ്ടു ധ്രുവങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. പിതാവിലും തന്റെ മരണത്തിനു കാരണക്കാരായവരിലും.

പിതാവേ, ആബ്ബാ, എന്നു വിളിച്ചുകൊണ്ട് ശിശുസഹജമായ സ്നേഹത്തോടെ, വിശ്വാസത്തോടെ, സ്വാതന്ത്ര്യത്തോടെ, യേശു ദൈവത്തിലേക്കു തിരിയുന്നു. അവിടെയാണ് തന്റെ ജീവന്റെ കേന്ദ്രം; എല്ലാ തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഉറവിടം. അതികഠിന

മായ വേദനകൾക്കു നടുവിലും അവിടുത്തെ മനസ്സ് ശാന്ത മാണ്, പ്രാർത്ഥനാനിരതമാണ്. *''പിതാവേ അവരോടു ക്ഷമിക്കണമേ, എന്തെന്നാൽ അവർ ചെയ്യുന്നതെന്താണെന്ന് അവർ അറിയുന്നില്ല''* (ലൂക്കാ 23, 34). നിരുപാധികമായ ക്ഷമയ്ക്കു വേണ്ടിയാണ് യേശു പിതാവിനോടു പ്രാർത്ഥിക്കുന്നത്. അതു തനിക്കു വേണ്ടിയല്ല, തനിക്കെതിരേ അതിക്രമങ്ങൾ ചെയ്യുന്നവർക്കുവേണ്ടിയാണ്. *"ശത്രുക്കളെ സ്നേഹിക്കുവിൻ.... ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ"* (ലൂക്കാ 6, 27-28) എന്നു പഠിപ്പിച്ച യേശു സ്വന്തം പ്രവൃത്തിയിലൂടെ മാതൃക നല്കുന്നു.

*"അവർ"* എന്നതുകൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത്? ആരോടു ക്ഷമിക്കണം എന്നാണ് യേശു പ്രാർത്ഥിക്കുന്നത്? തന്നെ കുരിശിൽ തറയ്ക്കുകയും ചുറ്റിലും നിന്ന് പരിഹസിക്കുകയും ശപിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത് എന്ന് സാഹചര്യത്തിൽനിന്ന് തോന്നാം. എന്നാൽ അവർ മാത്രമല്ല, ദൈവത്തിന്റെ ക്ഷമ ആവശ്യമുള്ള സകല പാപികളും ഇവിടെ യേശുവിന്റെ പ്രാർത്ഥനയിൽ ഉൾപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്, തന്റെ ജീവരക്തം പരിഹാരബലിയായി സമർപ്പിച്ചുകൊണ്ട് നടത്തുന്ന ഈ പുരോഹിതപ്രാർത്ഥന (ഹെബ്രാ 5, 5-10; 9, 12-15; 10, 10)യിൽനിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല.

ക്ഷമ ചോദിക്കുന്നതിന് യേശു ഒരു ന്യായം ഉന്നയിക്കുന്നുണ്ട്. "അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല". മൂലഭാഷയിലെ "കാരണം," "എന്തെന്നാൽ" എന്നൊക്കെ അർത്ഥമുള്ള "ഗാർ" എന്ന പദം വിവർത്തനത്തിൽ വിട്ടുകളഞ്ഞിട്ടുണ്ട്. യാചനയും അതിന് ഉപോദ്ബലകമായ കാരണവും തമ്മിലുള്ള ബന്ധം പ്രത്യേകം

ഒരു പദമില്ലാതെ തന്നെ വ്യക്തമായതിനാലാവും വിട്ടുകളഞ്ഞിരിക്കുന്നത്. എന്നാലും യേശു എടുത്തു കാട്ടുന്ന കാര്യ-കാരണബന്ധത്തിന് ഊന്നൽ നല്കാൻ ഈ പദം ഉപകരിക്കും.

അവർ അറിയുന്നില്ല എന്ന വിശദീകരണം പ്രത്യക്ഷത്തിൽ ഒരു ഭംഗി വാക്കായേ തോന്നൂ. കുരിശിൽ തറച്ച പടയാളികൾ, താഴെനിന്നു പരിഹസിക്കുന്ന നേതാക്കൾ, നിരപരാധൻ എന്നു തെളിഞ്ഞിട്ടും എതിരാളികളെ പ്രീതിപ്പെടുത്താൻവേണ്ടി വധശിക്ഷ വിധിച്ച പീലാത്തോസ്, ദൈവദൂഷകൻ എന്നു മുദ്രകുത്തി മരണത്തിന് ഏല്പിച്ചുകൊടുത്ത സാൻഹെദ്രൻ സംഘാംഗങ്ങൾ - ഇവരെല്ലാം അറിയാതെയാണ് ചെയ്തതെന്നു പറയാനാവുമോ? അസൂയ നിമിത്തമാണ് യഹൂദനേതാക്കൾ യേശുവിനെ റോമൻ അധികാരിക്കു കൈമാറിയത് എന്നു സുവിശേഷങ്ങൾ പ്രത്യേകം എടുത്തു പറയുന്നുണ്ട്, (മത്താ 27, 18; മർക്കോ 15, 10). ആരും കുറ്റവിമുക്തരല്ല; തങ്ങളുടേതായ തീരുമാനങ്ങളുടെയും ചെയ്തികളുടെയും ഉത്തരവാദിത്വത്തിൽനിന്ന് ആർക്കും ഒഴിഞ്ഞുമാറാൻ കഴിയുകയുമില്ല. *"ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല"* (മത്താ 27, 24) എന്നു പറഞ്ഞ് പീലാത്തോസ് കൈകഴുകിയപ്പോൾ ആ രക്തത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായി ഏറ്റെടുത്തവരാണവർ (മത്താ 27, 25).

എന്നാൽ ഭംഗിവാക്കു പറയുന്നവനല്ല യേശു. സത്യം തന്നെ ആയവൻ പറയുന്നത് നൂറുശതമാനവും സത്യമാണ്. കൂടുതൽ ആഴത്തിൽ അപഗ്രഥിച്ചാൽ യേശു പറയുന്നതിന്റെ അർത്ഥം വ്യക്തമാകും. തങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ ഭീകരത അവർ പൂർണ്ണമായി മനസ്സിലാക്കിയിരുന്നു എന്നു കരുതാനാവില്ല. യേശുവിനെ ദൈവദൂഷകനായി വിധിച്ചവരുടെ ദൈവസങ്കല്പം പരിമിതമായിരുന്നു. പരമ്പരാഗതമായി സ്വീകരിച്ച്, ആദരിച്ചുപോന്ന

ഏകദൈവ വിശ്വാസം അനുസരിച്ച് യേശുവിന്റെ ദൈവ തുല്യത അംഗീകരിക്കാൻ അവർക്കു കഴിയുമായിരുന്നി ല്ല. വിശ്വാസത്തിൽ ഇടർച്ചവരുത്തി, സമൂഹത്തിൽ പിളർപ്പുണ്ടാക്കി, ജനത്തെ വഴിതെറ്റിക്കുന്ന വ്യാജപ്രവാ ചകനായേ യേശുവിനെ അവർക്കു കാണാൻ കഴിയുമാ യിരുന്നുള്ളൂ. നിയമപ്രകാരം അവർ വധശിക്ഷ വിധിച്ചു. അതേസമയം അവർ അറിഞ്ഞില്ല ദൈവത്തെയാണ് ദൈവദൂഷകൻ എന്നു വിധിക്കുന്നതെന്ന്; ജീവന്റെ നാഥ നെയാണ് മരണത്തിന് ഏല്പിച്ചുകൊടുക്കുന്നതെന്ന്. തങ്ങ ളുടെ തീരുമാനത്തിലെ തെറ്റും ചെയ്തികളുടെ കാഠി ന്യവും അവർ അറിഞ്ഞിരുന്നില്ല. മറ്റെല്ലാവരെയും സംബ ന്ധിച്ചും ഇതുതന്നെ പറയാനാവും.

അജ്ഞത നിമിത്തമാണ് അവർ യേശുവിനെ തിരസ്കരിച്ചതും വധിച്ചതും എന്ന് ആവർത്തിച്ചു പറയു ന്നുണ്ട് (അപ്പ 3, 17; 13, 27). ഇന്നും എന്നും ഇതുതന്നെ യല്ലേ സംഭവിക്കുക? ചെയ്യുന്ന പ്രവൃത്തിയുടെ യഥാർത്ഥ സ്വഭാവം പൂർണ്ണമായും മനസ്സിലാക്കിയിരുന്നെ ങ്കിൽ പാപം ചെയ്യുമായിരുന്നില്ല. "*നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു*" (യോഹ 16, 2) എന്ന ഗുരു മൊഴി ഈ സത്യം വിളിച്ചറിയിക്കുന്നു. വ്യത്യസ്തമായ വിശ്വാസം വച്ചുപുലർത്തുന്നവരെ ദൈവശത്രുക്ക ളായിക്കണ്ട് ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്ന മതതീവ്ര വാദികൾ, എതിർപാർട്ടിയിൽപെട്ടവരെ തങ്ങൾക്കും നാടിനും ഭീഷണിയായി കരുതി നശിപ്പിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ ഭീകരർ തുടങ്ങി എല്ലാതലങ്ങളിലും ഈ അജ്ഞത നിലനില്ക്കുന്നു. നിരീശ്വരത്വവും അധാർമ്മിക തയും പ്രചരിപ്പിക്കുന്ന നേതാക്കൾ അറിയുന്നുണ്ടോ തങ്ങളുടെ പ്രവൃത്തികൾ വരുത്തിവയ്ക്കുന്ന വിനകളുടെ ഭീകരത! ഗർഭഛിദ്രവും ദയാവധവും മാത്രമല്ല, സാധി

ക്കുമായിരുന്നിട്ടും അവശർക്കു സഹായം നിഷേധിക്കുമ്പോൾ സംഭവിക്കുന്ന പട്ടിണി മരണത്തിന് ഞാനും ഉത്തരവാദിയാകുന്നു എന്ന കാര്യം ഞാൻ അറിയാതെ പോകുന്നു. ഞാൻ വെറുക്കുകയും ദ്രോഹിക്കുകയും അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന മനുഷ്യർ ദൈവത്തിന്റെ മുഖം വഹിക്കുന്ന അവിടുത്തെ മക്കളും എന്റെ സഹോദരങ്ങളാണെന്നും ഞാൻ അറിയുന്നില്ല.

അവർ അറിയുന്നില്ല എന്ന യേശുവിന്റെ ന്യായീകരണം നമുക്കു പ്രത്യാശ നല്കുന്നു; എന്നാൽ അജ്ഞതയിൽ തുടരാൻ അത് പ്രോത്സാഹനമാകരുത്. തന്നെയുമല്ല, യേശു പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാൻ കഴിയണം. എന്നെ എതിർക്കുകയും ദ്രോഹിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന, ഞാൻ ശത്രുക്കളായി കരുതുന്നവരും അറിവില്ലാതെയാണ് ചെയ്യുന്നതെന്നും അവരോട് ക്ഷമിക്കണമെന്നും പ്രാർത്ഥിക്കാൻ നമുക്കു കഴിയണം, ഒറ്റപ്പെട്ട വ്യക്തികൾ എന്ന രീതിയിൽ മാത്രമല്ല, സമൂഹമെന്ന നിലയിലും. ഇവിടെയാണ് ക്രൈസ്തവികതയുടെ തനിമ പ്രകടമാകുന്നത്. ആരെയും വെറുക്കാതിരിക്കുക; പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക; ശപിക്കുന്നവരെ അനുഗ്രഹിക്കുക. ഇതാണ് ക്രൂശിതൻ നല്കുന്ന ആദ്യപാഠം. ഇതാണ് ദൈവം നമ്മോടുചെയ്യുന്നത്; ഇതാണ് യേശു കാട്ടിത്തരുന്ന മാതൃക. ആദ്യരക്തസാക്ഷിയായ സ്റ്റീഫൻ ഈ പാഠം ശരിക്കും പഠിച്ചിരുന്നു. അതുകൊണ്ടാണ് തന്നെ കല്ലെറിഞ്ഞവർക്കുവേണ്ടി *"കർത്താവേ ഈ പാപം അവരുടെമേൽ ആരോപിക്കരുത്"* (അപ്പ 7, 60) എന്നു പ്രാർത്ഥിക്കാൻ കഴിഞ്ഞത്.

എന്നാൽ ഇതു മാത്രമല്ല. ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല എന്ന ഗുരുമൊഴി അവരുടെ പാപം മാത്രമല്ല സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ ആകമാ

നമായ രക്ഷാപദ്ധതിയിൽ അവർക്കെല്ലാം ഒരു സ്ഥാനമുണ്ട്. ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിൽ അറിയാതെ അവരും പങ്കുചേരുന്നു, ജോസഫിനെ അടിമയാക്കി വിറ്റ സഹോദരന്മാർ ദൈവത്തിന്റെ പദ്ധതിയിൽ പങ്കുകാരായതുപോലെ (ഉൽപ 45, 4-5). ഇത് തെററിന്റെ വ്യക്തിപരമായ ഉത്തരവാദിത്വം എടുത്തുമാറ്റുന്നില്ല; അതേസമയം സംഭവിക്കുന്ന എല്ലാ കാര്യങ്ങൾക്കും ആഴമേറിയ ഒരു പുതിയ മാനം നല്കുന്നു. ഇതിൽനിന്ന് രണ്ട് ഉൾക്കാഴ്ചകൾ ലഭിക്കുന്നു.

1. ചെയ്തുപോയ പാപങ്ങളെക്കുറിച്ച് അനുതപിക്കുമ്പോഴും നിരാശയിൽ വീണുപോകാതെ ദൈവകൃപയിൽ ആശ്രയിക്കുക. ദൈവികപദ്ധതയിൽ എന്റെ പാപങ്ങൾക്കും സ്ഥാനമുണ്ടെന്ന് ബോദ്ധ്യപ്പെട്ട് കഴിഞ്ഞ കാലങ്ങളെ മറന്ന്, പ്രത്യാശയോടെ മുന്നോട്ടുപോവുക.

2. എനിക്ക് മറ്റുള്ളവരിൽനിന്ന് അനുഭവിക്കേണ്ടിവരുന്ന ദ്രോഹങ്ങളും ദൈവം അനുവദിച്ചവയാണെന്നും അവയ്ക്കും രക്ഷണീയമായ പ്രാധാന്യമുണ്ടെന്നും വിശ്വസിക്കുക. അതിനാൽ ആരെയും വെറുക്കാതെ ആരെയും വിധിക്കാതെ, എല്ലാം നന്മക്കായി പരിണമിപ്പിക്കുന്ന ദൈവത്തിൽ ആശ്രയിക്കുക. യേശുവിന്റെ പുരോഹിത പ്രാർത്ഥന എനിക്കും ലോകം മുഴുവനും പാപമോചനം നല്കുന്നു. ആ പ്രാർത്ഥനയിലും മോചനത്തിലും പങ്കുചേരുക!

# 9. "ഇന്ന് പറുദീസായിൽ" (ലൂക്കാ 23, 43)

ചോദിച്ചതിലും പ്രതീക്ഷിച്ചതിലും വളരെ കൂടുതലാണ് കുരിശിൽ മരിക്കുന്ന ആ കുറ്റവാളിക്കു കിട്ടിയത്. *"സത്യമായി ഞാൻ നിന്നോടു പറയുന്നു: നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും"* (ലൂക്കാ 23, 43). യേശുവിന്റെ കുരിശിന് ഇരുവശത്തുമായി കുരിശിൽ തറയ്ക്കപ്പെട്ട രണ്ടു കുറ്റവാളികൾ. കള്ളന്മാരെന്നോ കവർച്ചക്കാരെന്നോ ലൂക്കാ പറയുന്നില്ല. എന്തായിരുന്നു അവരുടെ കുറ്റം എന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അവർക്കു ലഭിച്ച ശിക്ഷയും ശിക്ഷയുടെ സാഹചര്യങ്ങളും പരിഗണിക്കുമ്പോൾ ബറാബാസിനെപ്പോലെ, സെലട്ട് എന്നറിയപ്പെട്ടിരുന്ന തീവ്രവാദി സംഘടനയിലെ അംഗങ്ങളായിരുന്നു അവർ എന്ന് അനുമാനിക്കാം.

റോമൻ ആധിപത്യത്തിൽനിന്ന് ഇസ്രായേലിനെ മോചിപ്പിക്കാൻ മിശിഹാ വരും എന്ന് അവർ പ്രതീക്ഷിച്ചിരുന്നു. മിശിഹായുടെ വരവിനും ഇസ്രായേലിന്റെ മോചനത്തിനും വഴിയൊരുക്കാൻ വേണ്ടി സായുധസമരവും ഒളിപ്പോരുകളും നടത്തിയിരുന്ന തീവ്രവാദികൾ. അവരുടെ നേതാവായിട്ടാണ് പീലാത്തോസ് യേശുവിനെ കണ്ടതും വധശിക്ഷ വിധിച്ചതും. കുരിശിൽ കിടക്കുന്ന യേശുവിനെതിരേ തൊടുത്തുവിട്ട വെല്ലുവിളികളും ശാപങ്ങളും എല്ലാം ഈ ഒരു വീക്ഷണത്തിൽ നിന്നായിരുന്നു. പടയാളികളും മതനേതാക്കളും വഴിപോക്കരും കൂടെ ക്രൂശിക്കപ്പെട്ടവരും എല്ലാം യേശുവിനെ പരിഹസിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു എന്ന് സുവിശേഷകന്മാർ പൊതുവേ സാക്ഷ്യപ്പെടുത്തുമ്പോൾ വ്യത്യസ്തമായ ഒരു സ്വരം ലൂക്കാ മാത്രം രേഖപ്പെടുത്തുന്നു.

കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളികളിൽ ഒരുവൻ അപരനെ ശകാരിച്ചുകൊണ്ടു പറഞ്ഞു: *“നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? .... നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതി ഫലം നമുക്കു ലഭിച്ചിരിക്കുന്നു.”* (ലൂക്കാ 23, 40-41). സ്വന്തം തെറ്റിനെക്കുറിച്ചു വ്യക്തമായ അവബോധം അയാൾക്കു ണ്ട്. ലഭിച്ച ശിക്ഷ താൻ അർഹിക്കുന്നതാണെന്ന് അംഗീ കരിക്കുകയും ചെയ്യുന്നു. മാത്രമല്ല, മരണത്തിനപ്പുറത്ത് ഇനിയും ദൈവത്തിൽനിന്ന് ശിക്ഷ ലഭിച്ചേക്കാം എന്നും അയാൾ ഭയക്കുന്നു. യഥാർത്ഥമായ പാപബോധത്തി ന്റെയും പശ്ചാത്താപത്തിന്റെയും മാതൃകയാണയാൾ.

ഈ അവബോധത്തിൽ നിന്ന് തങ്ങളോടൊപ്പം ക്രൂശിക്കപ്പെട്ടിരിക്കുന്ന യേശുവിലേക്ക് അയാൾ ശ്രദ്ധ തിരിക്കുന്നു. *“ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല”* (ലൂക്കാ 23, 41) എന്ന പ്രഖ്യാപനം ചുറ്റിലും ഉയരുന്ന പരിഹാസ ങ്ങൾക്കും ആരോപണങ്ങൾക്കും എതിരേ ഒറ്റപ്പെട്ട ശബ്ദ മാണ്. മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്ന ശതാധി പന്റെ വിശ്വാസപ്രഖ്യാപനത്തോട് ഇതിനു സാമ്യമുണ്ട്. യേശുവിന്റെ നിരപരാധിത്വത്തിൽ ഒതുങ്ങി നില്ക്കുന്നില്ല ഈ ക്രൂശിതന്റെ പ്രഖ്യാപനം. തുടർന്നുള്ള പ്രാർത്ഥന യാണ് ഏറെ ശ്രദ്ധേയം. *“യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ!”* (ലൂക്കാ 23, 42).

സാഹചര്യങ്ങൾക്കു കടകവിരുദ്ധമാണ് ഈ യാചന. കുറ്റവാളിയായി കുരിശിൽ തറയ്ക്കപ്പെട്ട്, നിസ്സ ഹായനായി മരിക്കാൻ പോകുന്നവൻ, വെല്ലുവിളികൾ സ്വീകരിച്ച് കുരിശിൽ നിന്നിറങ്ങിയില്ല. പ്രത്യക്ഷത്തിൽ അസാധാരണമായി ഒന്നും അയാളിലില്ല. എന്നിട്ടും അയാളെ രക്ഷകനും ക്രിസ്തുവും ആയി ഏറ്റുപറയുക മാത്രമല്ല, രാജാവും വിധിയാളനുമായി മടങ്ങിവരുമെന്ന വിശ്വാസം പ്രഖ്യാപിക്കുകയും അതോടൊപ്പം കരുണ

യ്ക്കായി യാചിക്കുകയും ചെയ്യുന്നു. യഹൂദരുടെ ഇട യിൽ നിലവിലിരുന്ന വിശ്വാസം അനുസരിച്ച് ലോകാവ സാനത്തിലാണ് ദൈവരാജ്യം പ്രത്യക്ഷമാവുക. അതോടെ അന്തിമവിധിയും ഉണ്ടാകും. വിധിയാളനായി വരാനിരി ക്കുന്ന മനുഷ്യപുത്രനും (ദാനി 7, 13-14) രാജാവുമായി യേശുവിനെ ഏറ്റു പറയുന്നു. നേതാക്കന്മാർ തിരസ്കരി ക്കുകയും ശിഷ്യന്മാർ പോലും ഓടിയൊളിക്കുകയും ചെയ്തപ്പോൾ ഈ "നല്ല കള്ളൻ" യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു.

അയാളുടെ പ്രതീക്ഷയും യാചനകളും വ്യർത്ഥ മായില്ല. *"സത്യമായി ഞാൻ നിന്നോടു പറയുന്നു"* എന്ന മുഖവുര ദൈവികമായ അധികാരത്തെ സൂചിപ്പിക്കുന്നു. *"ആമ്മേൻ"* എന്ന മൂലപദമാണ് *"സത്യമായി"* എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. മാറ്റമില്ലാത്ത ഒരു ദൈവി കതീരുമാനമാണിത്. യേശുവിനെ വരാനിരുന്ന മിശിഹായും മനുഷ്യപുത്രനുമായി വിശ്വസിച്ച് യാചിച്ചവന്റെ മുമ്പിൽ യേശു തന്റെ ദൈവികത വെളിപ്പെടുത്തുന്നു. സുവിശേ ഷങ്ങളിൽ ഉടനീളം കാണുന്നതാണ് യേശുവിന്റെ ദൈവി കാധികാരം വെളിവാക്കുന്ന ഈ പദപ്രയോഗം. യേശു വിന്റെ മറുപടിയിലെ മൂന്നു വാക്കുകളും സവിശേഷ ശ്രദ്ധയർഹിക്കുന്നു.

1. **പറുദീസാ** രാജ്യത്തിൽ വരുമ്പോൾ ഓർമ്മിക്കണം എന്നു യാചിച്ചവന് യേശു വാഗ്ദാനം ചെയ്യുന്നത് പറുദീ സായാണ്. *"പയ്രിദേസാ"* (paridesa) എന്ന പുരാതന പേർഷ്യൻ വാക്കിൽ നിന്നാണ് പറുദീസാ എന്ന വാക്കിന്റെ ഉത്ഭവം. ഹീബ്രു, അരമായ, ഗ്രീക്ക് ഭാഷകളിലൊക്കെ വലിയ വ്യത്യാസങ്ങളില്ലാതെ ഈ പദം ഉപയോഗിക്കപ്പെ ടുന്നു, paradise എന്ന് ഇംഗ്ലീഷിലും. ചുറ്റിലും മതിലുകെട്ടി സുരക്ഷിതമാക്കിയ തോട്ടം, അഥവാ ഉദ്യാനം എന്നാണ് വാക്കിന് അർത്ഥം. മുഖ്യമായും രാജാവിന്റെ ഉദ്യാനത്തെ

സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചിരുന്നത്. ഉൽപ്പത്തി 2-3 അധ്യായങ്ങളിൽ ആദ്യമനുഷ്യനെ പാർപ്പിച്ച സ്ഥലത്തെ ഹെബ്രായഭാഷയിൽ തോട്ടം എന്നർത്ഥമുള്ള *"ഗൻ"* എന്നു വിളിക്കുന്നു. ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ *"പാരാദെയ്സോസ്"* (paradeisos) എന്നായി. ഇവിടെ നിന്നാണ് പറുദീസായെക്കുറിച്ചുള്ള കാഴ്ചപ്പാട് വളർന്നു വികസിച്ചത്. ഒരു കുറവുമില്ലാത്ത സമൃദ്ധിയുടെയും സന്തോഷത്തിന്റെയും സ്ഥലം എന്ന ആശയം നിലവിൽ വന്നു. മനുഷ്യൻ ദൈവത്തോടൊന്നിച്ചായിരിക്കുന്ന അവസ്ഥയെയാണ് ഇത് സൂചിപ്പിക്കുന്നത്.

വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതുവരെ മനുഷ്യൻ ദൈവത്തോടൊന്നിച്ച് പറുദീസായിലായിരുന്നു. കല്പന ലംഘിച്ചപ്പോഴാണ് ദൈവത്തിന്റെ കാലൊച്ച കേട്ട മനുഷ്യൻ ഭയന്ന് ഒളിക്കുന്നത് (ഉൽപ 3, 8). അങ്ങനെ നഷ്ടപ്പെട്ട പറുദീസ, അഥവാ ദൈവത്തോടൊന്നിച്ചുള്ള സഹവാസം, യുഗാന്ത്യത്തിൽ വീണ്ടും ലഭിക്കും എന്ന് ജനം പ്രതീക്ഷിച്ചിരുന്നു. ഈ പ്രതീക്ഷയുടെ പശ്ചാത്തലത്തിൽ യേശുവിന്റെ വാഗ്ദാനം മനസ്സിലാക്കാം. മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ട പറുദീസായിലേക്ക് യേശു പ്രവേശനം വാഗ്ദാനം ചെയ്യുന്നു. *അങ്ങയുടെ രാജ്യം* എന്ന നല്ല കള്ളന്റെ യാചന *"പറുദീസാ"* എന്ന് വ്യാഖ്യാനിക്കുന്നു.
**2. എന്നോടുകൂടെ** എവിടെയാണ്, എന്താണ് പറുദീസാ എന്ന് യേശുതന്നെ ഈ വിശേഷണത്തിലൂടെ വിശദീകരിക്കുന്നു. പറുദീസാ എന്നത് ഏതെങ്കിലും ഒരു പ്രത്യേക സ്ഥലം എന്നതിനേക്കാൾ ഒരു അവസ്ഥയാണ്, യേശുവിനോടുകൂടെ ആയിരിക്കുന്ന അവസ്ഥ. മരണത്തോടെ ശരീരത്തോടു വിടപറയുന്ന മനുഷ്യൻ സ്ഥലകാലങ്ങൾക്ക് അതീതനായിത്തീരുന്നു. ഇവിടെ രണ്ടവസ്ഥകളേ സാധ്യമായുള്ളൂ. ഒന്നുകിൽ ദൈവത്തോടുകൂടെ, അല്ലെ

ങ്കിൽ ദൈവത്തിൽ നിന്നകലെ. ദൈവത്തോടുകൂടെ ആയിരിക്കുന്ന അവസ്ഥയെ പറുദീസാ എന്നും ദൈവത്തിൽ നിന്ന് വിച്ഛേദിക്കപ്പെടുന്നതിനെ നരകം എന്നും വിളിക്കുന്നു. എന്നേക്കും ദൈവത്തോടുകൂടെ ആയിരിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. പറുദീസായിൽ ആയിരിക്കുക എന്നാൽ തന്റെ ദൈവനിശ്ചിതമായ ലക്ഷ്യത്തിൽ എത്തുക എന്നർത്ഥം. മനുഷ്യാത്മാവിന്റെ ഏറ്റം തീവ്രമായ അഭിലാഷമാണിത്: *"എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം അതാണ് കൂടുതൽ ശ്രേഷ്ഠം"* (ഫിലി 1, 23). അതിനാൽ പറുദീസായിലായിരിക്കുക എന്നും ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്നും പറയുന്നത് ഒരേ കാര്യം തന്നെയാണ്; രണ്ടു പദപ്രയോഗങ്ങളും പരസ്പരം വിശദീകരിക്കുന്നു.

3. **ഇന്ന്** ദൈവരാജ്യത്തിന്റെ സംസ്ഥാപനം, ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ വരവ്, മരിച്ചവരുടെ പുനരുത്ഥാനം, വിധി ഇതെല്ലാം ലോകാവസാനത്തിൽ അഥവാ യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന യാഥാർത്ഥ്യങ്ങളാണ് എന്ന് യഹൂദർ പൊതുവേ വിശ്വസിച്ചിരുന്നു. ഈ വിശ്വാസമാണ് കുറ്റവാളിയുടെ പ്രാർത്ഥനയിൽ പ്രതിഫലിച്ചത്. എന്നാൽ യേശു കൊടുക്കുന്ന മറുപടിയിൽ ഈ വിശ്വാസത്തിന് ചില തിരുത്തലുകൾ വരുത്തുന്നു. രക്ഷയും ദൈവരാജ്യാനുഭവവും ലഭിക്കാൻ വേണ്ടി ലോകാവസാനംവരെ കാത്തിരിക്കേണ്ടതില്ല. അത് ഇന്ന്, ഇപ്പോൾത്തന്നെ ലഭ്യമാണ്. മരണത്തോടെ ദൈവികസാന്നിധ്യത്തിലേക്കു പ്രവേശനം വാഗ്ദാനം ചെയ്യുന്നതാണ് ഈ ഗുരുമൊഴി.

ന്യായമായ ശിക്ഷ ഏറ്റുവാങ്ങി കുരിശിൽ മരിക്കുന്ന ഒരു കുറ്റവാളിക്ക് മരണനിമിഷത്തിൽത്തന്നെ പറുദീസാ വാഗ്ദാനം ചെയ്യുന്ന ഗുരുമൊഴി സവിശേഷമായ

ചില ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

1. ഈ ശരീരത്തിൽ ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം മാനസാന്തരപ്പെടാൻ സാധിക്കും. ഒരിക്കലും വൈകിപ്പോയി എന്നു കരുതരുത്. മരണമാണ് ജീവിതത്തിന്റെമേൽ വിധി പ്രസ്താവിക്കുന്ന നിമിഷം. 2. വിശ്വാസത്തോടെ യേശുവിലേക്കു തിരിഞ്ഞു പ്രാർത്ഥിക്കുന്നവനെ ഒരിക്കലും യേശു കൈവിടുകയില്ല. പശ്ചാത്താപിച്ചു തിരിച്ചു വരുന്ന പാപിയെ മുൻകാല പാപങ്ങളുടെ പേരിൽ വിചാരണ ചെയ്യുന്നുമില്ല. അനേകം ഉപമകളിലൂടെയും ഉദാഹരണങ്ങളിലൂടെയും യേശു തന്നെ പഠിപ്പിച്ച ഈ സത്യം അവസാനം കുരിശിലെ തിരുമൊഴിയിലൂടെ ഉറപ്പിക്കുന്നു. 3. പൂർണ്ണഹൃദയത്തോടെ യേശുവിലേക്കു തിരിയുന്ന നിമിഷമാണ് രക്ഷയുടെ "ഇന്ന്". കടന്നുവരുന്ന യേശുവിനെ സ്വീകരിക്കാനായി ഹൃദയകവാടങ്ങൾ തുറക്കുമ്പോൾ രക്ഷയുടെ അനുഭവം, അഥവാ പറുദീസാനുഭവം ലഭിക്കുന്നു. 4. സ്വന്തം മരണത്തിലൂടെ മരണത്തെ പരാജയപ്പെടുത്തി ജീവനിലേക്കു പ്രവേശിച്ച യേശുവാണ് പറുദീസാ വാഗ്ദാനം ചെയ്യുന്നത്. മരണാസന്നനായ കുറ്റവാളിയുടെ പ്രാർത്ഥനയും അതിന് യേശു നല്കിയ മറുപടിയും ക്രിസ്തുവിശ്വാസിക്ക് പ്രത്യാശയുടെ ഉറവിടവും പ്രവർത്തനത്തിനു മാതൃകയുമായി നിലകൊള്ളുന്നു. *"ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും"* എന്ന ഗുരുമൊഴി മരണാവസരത്തിൽ കേൾക്കാൻ നാഥൻ കൃപ നല്കട്ടെ.

യേശുവിനൊടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ട കുറ്റവാളികളെക്കുറിച്ചും അവരിൽ ഒരാളുടെ മാനസാന്തരത്തെക്കുറിച്ചും അനേകം ഐതിഹ്യങ്ങളുണ്ട്. തസ്കര സംഘത്തിൽപ്പെട്ടവരായും കൊള്ളത്തലവന്മാരായും തീവ്രവാദി സംഘടനാംഗങ്ങളായും ഇവരെ ചിത്രീകരിക്കാറുണ്ട്. മാനസാന്തരപ്പെട്ടവന് ദീസ്മാസ്, ദേമാസ്, ദുമാ

സ്ക്കസ് എന്നിങ്ങനെ പല പേരുകൾ നല്കപ്പെടാറുണ്ട്.

ഐതിഹ്യങ്ങളിൽ ഒന്ന് സവിശേഷ ശ്രദ്ധയർഹിക്കുന്നു. ഈജിപ്തിലേക്ക് ഒളിച്ചോടിയ തിരുക്കുടുംബം കൊള്ളസംഘത്തിന്റെ കയ്യിൽ അകപ്പെട്ടു. എല്ലാം പിടിച്ചുപറിച്ച്, മൂവരെയും കൊന്നുകളയാൻ തീരുമാനമെടുക്കുമ്പോൾ സംഘത്തലവന്റെ യുവാവായ മകൻ ദീസ്മാസ് കരയുന്ന കുഞ്ഞിൽ ആകൃഷ്ടനായി. ഉള്ളിൽ അനുകമ്പ ഉറവെടുത്ത അയാൾ അവരെ വെറുതെ വിടാൻ പിതാവിനെ നിർബ്ബന്ധിച്ചു. കൂടെ കുഞ്ഞിനോട് ഒരു വാക്കും: *"ശിശുക്കളിൽ ഏറ്റം അനുഗൃഹീതനായവനേ, എന്നെങ്കിലും ഒരിക്കൽ നിന്റെ കരുണയ്ക്കായി എനിക്കു യാചിക്കേണ്ടി വന്നാൽ അന്ന് എന്നെയും ഇപ്പോഴത്തെ ഈ മണിക്കൂറിനെയും നീ മറക്കരുത്."* കുരിശിലെ യാചനയെ മുന്നിൽ കണ്ടു രചിച്ചതാണെങ്കിലും തികച്ചും അർത്ഥവത്തായ ഒരു പ്രാർത്ഥന.

എന്തുകൊണ്ട് ഒരേ ജീവിതം നയിക്കുകയും ഒരേ ശിക്ഷയനുഭവിക്കുകയും ചെയ്ത രണ്ടു പേരിൽ ഒരാൾ മാത്രം മാനസാന്തരപ്പെട്ടു എന്ന ചോദ്യത്തിന് ഉത്തരം നല്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മുകളിൽ വിവരിച്ച ഐതിഹ്യം. ഒരാൾ മാത്രമേ വിശ്വസിച്ചുള്ളൂ എന്നതാവാം ബൈബിളിന്റെ പൊതുകാഴ്ചപ്പാടിലുള്ള വിശദീകരണം (ഹെബ്രാ 11, 6). വിശ്വാസം പുതിയ കാഴ്ചയും കാഴ്ചപ്പാടുകളും നല്കുന്നു. മരണത്തിനപ്പുറമൊരു ജീവിതത്തിലേക്ക് കണ്ണുയർത്തുന്നതും കൈപിടിച്ചു നടത്തുന്നതും വിശ്വാസമാണ്. വിശ്വാസമുണ്ടെങ്കിലേ കുരിശിൽ മരിക്കുന്നവനെ ജീവന്റെ നാഥനായി കാണാനും രക്ഷയുടെ വാഗ്ദാനം കേൾക്കാനും കഴിയൂ.

# 10 "സ്ത്രീയേ ഇതാ നിന്റെ മകൻ" (യോഹ 19, 26)

*"യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ ഇതാ നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീക രിച്ചു"* (യോഹ 19, 26-7).

കുരിശിൻ ചുവട്ടിൽ നില്കുന്ന വിധവയായ അമ്മ യുടെ ഭാവി സുരക്ഷിതത്വം ഉറപ്പുവരുത്താൻ വേണ്ടി ശിഷ്യനെ ഏല്പിച്ചു കൊടുക്കുകയാണ് ഈ സംഭവത്തി ലൂടെ എന്നു കരുതുന്ന അനേകം ബൈബിൾ വ്യാഖ്യാ താക്കളുണ്ട്; മറിയത്തിന് യേശു അല്ലാതെ വേറെ മക്കളി ല്ലായിരുന്നു എന്നതിനു തെളിവായി ഈ സംഭവം എടു ത്തുകാട്ടുന്നവരുമുണ്ട്. എന്നാൽ ഇതാണോ ഈ വിവര ണത്തിന്റെ മുഖ്യലക്ഷ്യം? വാക്കുകൾ അളന്നുതൂക്കി ഉപ യോഗിക്കുകയും സംഭവങ്ങൾ കണിശമായ ക്രമത്തിൽ ചിട്ടപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്യുന്ന യോഹ ന്നാന്റെ സുവിശേഷത്തിൽ ഈ സംഭവത്തിനും വാക്കു കൾക്കും കൂടുതൽ ആഴമേറിയ അർത്ഥമുണ്ട് എന്നതിൽ സംശയമില്ല. സുവിശേഷത്തിന്റെ ഘടനയിലും സുവി ശേഷം അവതരിപ്പിക്കുന്ന പ്രമേയങ്ങളിലും ഇവയ്ക്കുള്ള സ്ഥാനം അങ്ങനെ ഒരു സൂചനയാണ് നല്കുന്നത്.

യേശുവിന്റെ ഐഹികജീവിതത്തിലെ അവസാ നത്തെ പ്രവൃത്തിയാണിത്. *"ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു"* എന്നതിനു തൊട്ടുപിന്നാലെ വരുന്ന വാക്യം ശ്രദ്ധിക്കുക: *"അനന്തരം എല്ലാം നിറ വേറിക്കഴിഞ്ഞുവെന്നറിഞ്ഞ് ...."* (യോഹ 19, 28). ദൈവം

തന്നെ ഏല്പിച്ച രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിലെ അവസാനത്തെ പ്രവൃത്തി ആയിരുന്നു ഇത്. കുരിശുമരണത്തിന്റെ വിവരണം അവതരിപ്പിച്ചിരിക്കുന്ന രീതിയിൽ നിന്ന് ഈ സംഭവത്തിന്റെ പ്രാധാന്യം സുവിശേഷകൻ വ്യക്തമാക്കുന്നു.

യേശുവിനെ ക്രൂശിക്കുന്നതു മുതൽ ശരീരം കുരിശിൽ നിന്നിറക്കി കല്ലറയിൽ സംസ്കരിക്കുന്നതുവരെയുള്ള സംഭവങ്ങളെ ഏഴു ഭാഗമായി തിരിച്ച് അവതരിപ്പിച്ചിരിക്കുന്നു

1. യേശുവിനെ കുരിശിൽ തറയ്ക്കുന്നു 19, 17-19
2. കുരിശിൻ മുകളിലെ ശീർഷകം 19, 20-22
3. തുന്നലില്ലാത്ത മേലങ്കി 19, 23-24
4. **അമ്മയും മകനും** 19, 25-27
5. ദാഹം - ആത്മസമർപ്പണം 19, 28-30
6. പാർശ്വത്തിൽ നിന്ന് രക്തവും ജലവും 19, 31-37
7. കുരിശിൽ നിന്നിറക്കി സംസ്ക്കരിക്കുന്നു 19, 38-42

കുരിശുമരണവുമായി ബന്ധപ്പെട്ട സംഭവപരമ്പരയുടെ കേന്ദ്രത്തിലാണ് അമ്മയെയും ശിഷ്യനെയും കുറിച്ചുള്ള പരാമർശം രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാം പൂർത്തിയാക്കിയ യേശുവിന്റെ അവസാനത്തെ പ്രവൃത്തി എന്ന രീതിയിലും ഇതിന് അതുല്യ പ്രാധാന്യമുണ്ട്.

ഘടനാപരമായി മാത്രമല്ല അവതരിപ്പിക്കുന്ന പ്രമേയത്തിന്റെ കാര്യത്തിലും ഈ പ്രാധാന്യം ദൃശ്യമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ രണ്ടുതവണ മാത്രമേ യേശുവിന്റെ അമ്മ പ്രത്യക്ഷപ്പെടുന്നുള്ളൂ. രണ്ടും നിർണ്ണായക പ്രാധാന്യമുള്ള നിമിഷങ്ങളിൽ. കാനായിലെ കല്യാണവിരുന്നിലാണ് അമ്മ ആദ്യമായി രംഗത്തു വരുന്നത്. അത് യേശുവിനെ കുരിശിലൂടെ വെളിപ്പെടുന്ന മഹത്വത്തിലേ

ക്കുള്ള പാതയിൽ യാത്രയാക്കാൻ വേണ്ടി ആയിരുന്നു. *"എന്റെ സമയം ഇനിയും ആയിട്ടില്ല"* (യോഹ 2, 4) എന്നു പറഞ്ഞ മകൻ അമ്മയുടെ വാക്കനുസരിച്ച് അത്ഭുതം പ്രവർത്തിക്കുകയും അങ്ങനെ മഹത്വം വെളിപ്പെടുന്ന അട യാളങ്ങൾ ആരംഭിക്കുകയും ചെയ്തു (യോഹ 2, 11). കാനായിൽവച്ചു സൂചിപ്പിച്ച സമയം (മണിക്കൂർ) ഇപ്പോൾ കാൽവരിയിൽ വന്നു ചേർന്നിരിക്കുന്നു. കാനാ വിരൽ ചൂണ്ടിയത് കാൽവരിയിലേക്കാണ്. കാനാ തുടക്കമെങ്കിൽ കാൽവരി പൂർത്തീകരണമാണ്. രണ്ടിടത്തും യേശു അമ്മയെ "സ്ത്രീയേ" എന്ന് വിളിക്കുകയും ചെയ്യുന്നു. അതിനാൽ സംഭവത്തിന്റെയും സംഭാഷണത്തിന്റെയും ആഴമേറിയ അർത്ഥത്തെക്കുറിച്ച് സംശയത്തിനു പഴുതി ല്ല. എന്നാൽ, എന്താണ് ഈ ആഴമേറിയ അർത്ഥം?

"സ്ത്രീയേ" എന്ന അഭിസംബോധന തള്ളിപ്പറ യുന്നതിന്റെ അടയാളമോ ആദരവിന്റെ മാത്രം സൂച നയോ അല്ല എന്ന് കാനായിലെ സംഭവം അപഗ്രഥിച്ചാൽ മനസ്സിലാകും. മനുഷ്യരക്ഷയെ സംബന്ധിച്ചുള്ള ആദ്യ പ്രവചനത്തിലേക്കാണ് ഈ അഭിസംബോധന ശ്രദ്ധ ക്ഷണിക്കുന്നത്. *"നീയും സ്ത്രീയും തമ്മിലും.... ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും."* (ഉൽപ്പ 3, 15). ഹവ്വാ എന്ന ആദ്യ സ്ത്രീയിലൂടെ മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമത്തത്തിലാഴ്ത്തിയ തിന്മയുടെ ശക്തിയെ സ്ത്രീയുടെ തന്നെ മകൻ പരാജയപ്പെടുത്തും, മനുഷ്യന് ആത്യന്തികമായ മോചനം നല്കും എന്ന പ്രവ ചനം പൂർത്തിയാകുന്ന നിമിഷമാണ് കുരിശുമരണം. *"തല യോട്"* എന്നർത്ഥമുള്ള ഗാഗുൽത്തായിൽ ഉയർത്തിയ കുരിശ് സർപ്പത്തിന്റെ തല തകർത്തു. അതേസമയം സർപ്പം അവന്റെ കുതികാലിൽ പരിക്കേല്പിക്കുകയും ചെയ്തു. സ്ത്രീയുടെ സന്തതിയായ മിശിഹായുടെ കുരിശു മരണത്തിലൂടെ പ്രവചനത്തിന്റെ രണ്ടു ഭാഗ

ങ്ങളും പൂർത്തിയായി.

ഈ പൂർത്തീകരണത്തെ സൂചിപ്പിക്കാനാണ് യേശു തന്റെ അമ്മയെ *സ്ത്രീയേ* എന്നു വിളിക്കുന്നത്. അതിലൂടെ മാനുഷികമായ രകതബന്ധത്തിനപ്പുറത്തേക്ക് അമ്മയെ ഉയർത്തുന്നു. "അമ്മേ" എന്നു വിളിച്ചാൽ കിട്ടാത്ത ഒരർത്ഥം "സ്ത്രീയേ" എന്ന വിളിക്കുണ്ട്. ദൈവ ത്തിന്റെ പദ്ധതിയിൽ മനുഷ്യകുലത്തിന് തിന്മയിൽ നിന്ന് മോചനം നല്കാൻ മനുഷ്യനായി അവതരിച്ച് കുരിശിൽ മരിച്ച ദൈവപുത്രന്റെ മാതാവാണവൾ. ആദ്യഹവ്വായുടെ തെറ്റു തിരുത്തിയ പുതിയ ഹവ്വാ. *"ജീവ നുള്ളവരുടെയെല്ലാം മാതാവ്"* (ഉൽപ്പ 3, 20) എന്നു ബൈബിൾ വിശേഷിപ്പിക്കുന്ന ഹവ്വാ മരണത്തിനധീന രായ മക്കൾക്കാണ് ജന്മം നല്കുന്നത്. എന്നാൽ പുതിയ ഹവ്വായാകട്ടെ, നിത്യജീവനിലേക്ക് ജനിക്കുന്ന പുതിയ മനു ഷ്യരുടെ മാതാവാകുന്നു.

*"ഇതാ നിന്റെ മകൻ"* എന്ന ഗുരുമൊഴി ആരെയാ ണുദ്ദേശിക്കുക? കുരിശിൻ ചുവട്ടിൽ നില്ക്കുന്ന ശിഷ്യനെയാണെന്നു നിസ്സംശയം പറയാം. അതുകൊണ്ടു തന്നെയാണ് തന്റെ അമ്മയുടെ സംരക്ഷണമാണ് യേശു ഉന്നം വയ്ക്കുന്നതെന്ന് പലരും വ്യഖ്യാനിക്കുന്നത്. എന്നാൽ ആരാണ് ഇയാൾ? സുവിശേഷകൻ അയാളുടെ പേരു പറയുന്നില്ല. സെബദിപുത്രനായ യോഹന്നാനായി രുന്നു അത് എന്ന് പാരമ്പര്യം പഠിപ്പിക്കുന്നു. സുവിശേഷം നല്കുന്ന സൂചനയും അതുതന്നെ. എന്നാൽ *"യേശു സ്നേഹിക്കുന്ന ശിഷ്യൻ"* എന്നു മാത്രമാണ് സുവിശേ ഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്തുകൊണ്ട് യേശു അയാളെ പേരു ചൊല്ലി വിളിക്കുന്നില്ല? അമ്മയെ "സ്ത്രീയേ" എന്നു വിളിച്ചതിനു സമാനമായ ഒരു കാരണം ഇവിടെയും ഉണ്ടാകും.

"യോഹന്നാൻ" എന്നു പറഞ്ഞാൽ അത് ഒറ്റപ്പെട്ട

വ്യക്തിയിൽ ഒതുങ്ങും. ഇവിടെ യേശു സ്നേഹിച്ച ശിഷ്യൻ വലിയൊരു പ്രതീകമാണ്. ശിഷ്യസമൂഹത്തിന്റെ മുഴുവൻ പ്രതീകവും പ്രതിനിധിയുമാണ് ഈ ശിഷ്യൻ. *"ഇതാ നിന്റെ മകൻ, ഇതാ നിന്റെ അമ്മ"* എന്ന പ്രഖ്യാപനത്തിലൂടെ ഒരു പുതിയ കുടുംബത്തിന് യേശു രൂപം നല്കുന്നു; ഒരു പുതിയ പിറവിയ്ക്ക് സാക്ഷ്യം നല്കുന്നു. യേശുവിന്റെ സഭയുടെ പിറവിയാണ് ഇവിടെ സംഭവിക്കുന്നത്. ആ സഭ രക്തബന്ധത്തിനുപരി, യേശുവിലുള്ള വിശ്വാസത്തിൽ ഊന്നിനില്ക്കുന്ന, പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റുന്ന, ഒരു കുടുംബമാണ്. മറിയവും യോഹന്നാനും ആ കുടുംബത്തിലെ അംഗങ്ങളാണ്, അമ്മയും മകനുംപോലെ. യേശുവിന്റെ അമ്മ സഭയാകുന്ന കുടുംബത്തിന്റെ അമ്മയായി മാറുന്നു; സഭാസമൂഹം മുഴുവൻ അമ്മയുടെ മക്കളും.

സഭയെ യേശുവിന്റെ മൗതികശരീരവും യേശുവിനെ ആ ശരീരത്തിന്റെ ശിരസ്സുമായി കാണുന്ന ഒരു കാഴ്ചപ്പാടുണ്ട് (കൊളോ 1, 18). ബേത്ലെഹെമിലെ കാലിത്തൊഴുത്തിൽവച്ച് ശിരസ്സായ യേശുവിനു ജന്മം നല്കിയവൾ കാൽവരിയിൽവച്ച് ശരീരമാകുന്ന സഭയുടെ അമ്മയാകുന്നു. രണ്ടു സ്ഥലങ്ങളും തമ്മിൽ വെറും ഏഴു കിലോമീറ്റർ ദൂരമേയുള്ളൂ എന്നതും ശ്രദ്ധേയമത്രേ. *"തന്റെ ആദ്യജാതനെ പ്രസവിച്ചു"* (ലൂക്കാ 2, 6) എന്ന പ്രസ്താവനയിൽ അന്തർലീനമായിരുന്ന ഒരു സൂചന ഇപ്പോൾ യാഥാർത്ഥ്യമാകുന്നു. ആദ്യജാതനുശേഷം അസംഖ്യം മക്കൾക്ക് അവൾ അമ്മയായി, ശാരീരികമായിട്ടല്ല, ആത്മീയമായി. ഇത് കത്തോലിക്കാസഭയുടെ കണ്ടുപിടുത്തമല്ല, കുരിശിൽവച്ച് യേശു തന്നെ വെളിപ്പെടുത്തിയതും സുവിശേഷകൻ അസന്ദിഗ്ദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നതുമായ സത്യമാണ്.

യേശുവിന്റെ തിരുവചനത്തിനു ശിഷ്യന്റെ മറുപ

ടിയും സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. *“അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു”* (യോഹ 19, 27). യോഹന്നാന് ജറുസലേമിൽ ഒരു വീടുണ്ടായിരുന്നെന്നും മരണത്തിനുപോലും കാത്തുനില്ക്കാതെ, അമ്മയെയുംകൂട്ടി ആ വീട്ടിലേക്കു പോയി എന്നും വ്യാഖ്യാനിക്കുന്ന ബൈബിൾ പണ്ഡിതന്മാരുണ്ട്. തികച്ചും ബാലിശമെന്നേ ഈ വ്യാഖ്യാനത്തെ വിശേഷിപ്പിക്കാനാവൂ. രണ്ടു കാര്യങ്ങളാണ് ഇവിടെ ശ്രദ്ധേയം.

***1. അപ്പോൾ മുതൽ:*** അത് ഒരു പുതിയ തുടക്കത്തെ സൂചിപ്പിക്കുന്നു. *“ആ മണിക്കൂർ മുതൽ”* എന്നാണ് ഗ്രീക്കു മൂലം. “മണിക്കൂർ” എന്ന വാക്കിന് യോഹന്നാൻ നല്കുന്ന ദൈവശാസ്ത്രപരമായ പ്രാധാന്യം ആവർത്തിക്കേണ്ടതില്ല. യേശുവിന്റെ മഹത്വീകരണമാണ് “മണിക്കൂർ” എന്ന പദം സൂചിപ്പിക്കുന്നത്. യേശുവിന്റെ മരണത്തോടെ സംജാതമാകുന്ന സഭയുടെ പിറവിയെയും സഭാംഗങ്ങൾ തമ്മിലുള്ള പുതിയ ബന്ധത്തെയും ഇതു സൂചിപ്പിക്കുന്നു.

***2. സ്വന്തം ഭവനം:***... വീട്, എന്ന ഒരു ഭൗതിക യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നതല്ല ഈ പദം *“താ ഈദിയാ”* എന്ന ഗ്രീക്കു പദത്തിന് *‘‘തന്റേതായവ”* എന്നാണ് വ്യാചാർത്ഥം. ഒരു വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നതല്ല ഈ പദം സൂചിപ്പിക്കുന്ന യാഥാർത്ഥ്യം. അതിനപ്പുറത്തുള്ള ബന്ധത്തിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. ശിഷ്യൻ അവളെ തന്റേതായി, തന്റെ കുടുംബത്തിന്റെ, ബന്ധങ്ങളുടെ ഭാഗമായി സ്വീകരിച്ചു. ഇവിടെ ഏക മകൻ മരിച്ച ഒരു വിധവയ്ക്കു നല്കുന്ന സംരക്ഷണമല്ല പ്രതിപാദ്യം. മറിച്ച് യേശുവിന്റെ അമ്മയെ സ്വന്തം അമ്മയായി സ്വീകരിക്കുന്ന, ശിഷ്യസമൂഹമാകുന്ന സഭാകുടുംബത്തിന്റെ തുടക്കമാണ് വെളിപ്പെടുന്നത്. ഇത് യേശുവിന്റെ അന്തിമാഭിലാഷമായിരുന്നു; അവസാനത്തെ

പ്രവൃത്തിയുമായിരുന്നു. സഭാസ്ഥാപനത്തോടെ രക്ഷാകരമായ പ്രവൃത്തി പൂർത്തിയായി. അതുകൊണ്ടാണ് ഇതിനു തൊട്ടു പിന്നാലെ *“എല്ലാം നിറവേറിക്കഴിഞ്ഞു എന്നറിഞ്ഞു”* (യോഹ 19, 20) എന്നു സുവിശേഷകൻ രേഖപ്പെടുത്തുന്നത്.

യേശു തന്റെ അമ്മയെ സഭയുടെ മാതാവായും സഭാസമൂഹത്തെ ആ അമ്മയുടെ മക്കളായും വെളിപ്പെടുത്തുന്നു എന്നതുകൊണ്ട് മറിയം സഭയുടെ ഭാഗമല്ല എന്നു വരുന്നില്ല. മറ്റെല്ലാ മനുഷ്യരെയും പോലെ രക്ഷ ആവശ്യമുള്ള ഒരു മനുഷ്യവ്യക്തിയാണ് മറിയം. ആ രക്ഷ അവൾക്കു യേശുവിന്റെ യോഗ്യതകളെ പരിഗണിച്ച് മുൻകൂറായി ലഭിച്ചു എന്നു മാത്രമാണ് അമലോത്ഭവം എന്ന വിശ്വാസസത്യത്തിലൂടെ സഭ പഠിപ്പിക്കുന്നത്. *തിരുസ്സഭാമാതാവ്* എന്നു മറിയത്തെ വിശേഷിപ്പിക്കുമ്പോഴും മറിയം സഭയുടെ ഭാഗമാണെന്ന കാര്യം മറക്കുന്നില്ല.

കാനായിൽവച്ച് മറിയത്തിന്റെ യാചന സ്വീകരിച്ചുകൊണ്ട് അവളെ മധ്യസ്ഥയായി അംഗീകരിച്ച യേശു കുരിശിൽവച്ച് സഭാസമൂഹത്തിന്റെ അമ്മയായി കല്പിച്ചു നല്കുന്നു. മാതാവും മധ്യസ്ഥയും എന്ന ഈ രണ്ടു ദൗത്യങ്ങൾ യേശു തന്നെയാണ് മറിയത്തിനു നല്കിയത്. മറിയത്തെ അമ്മയായി പ്രിയശിഷ്യന് ഏല്പിച്ചു കൊടുക്കുകയും ശിഷ്യൻ അവളെ അമ്മയായി സ്വീകരിക്കുകയും ചെയ്യുന്നതോടെ സഭ സംസ്ഥാപിതമായി. യേശുവിന്റെ ഭൂമിയിലെ ദൗത്യം പൂർത്തിയായി. അതിനാൽ പരിശുദ്ധ കന്യകാമറിയത്തെ മാതാവും മധ്യസ്ഥയുമായി സ്വീകരിച്ച് ആദരിക്കുന്നവർ യേശുവിന്റെ തന്നെ കല്പന അനുസരിക്കുന്നു, ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഹിതം അനുവർത്തിക്കുകയും ചെയ്യുന്നു.

# 11.“എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു?” (മർക്കോ 15, 34)

മനസ്സിലാക്കാൻ ഏറെ വിഷമം എന്നല്ല, അസാധ്യം എന്നുതന്നെ പറയാവുന്ന ഒരു ഗുരുമൊഴിയാണ് മരണത്തിനുമുമ്പുള്ള യേശുവിന്റെ അവസാനത്തെ വാക്കുകളായി ആദ്യത്തെ രണ്ടു സുവിശേഷകന്മാർ അവതരിപ്പിച്ചിരിക്കുന്നത്. ആ സുവിശേഷങ്ങളിൽ കുരിശിൽ കിടന്ന് യേശു ഉച്ചരിച്ച ഏക തിരുമൊഴിയുമാണിത്. ഇതിനുശേഷം ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു എന്ന പ്രസ്താവനയേ നല്കുന്നുള്ളൂ. ലൂക്കായും യോഹന്നാനും ഈ ഗുരുമൊഴി രേഖപ്പെടുത്തിയിട്ടില്ല. എന്താണ് ഈ തിരുവചനത്തിന്റെ അർത്ഥം?

ദൈവം തന്നെ കൈവിട്ടിരിക്കുന്നു എന്ന അവബോധം ഉണർത്തിയ നിരാശയാണോ ഈ ഗുരുമൊഴിയിൽ പ്രതിധ്വനിക്കുന്നത്? ദൈവപുത്രൻ നിരാശപ്പെടുകയോ? നിരാശനായി കുരിശിൽ മരിച്ച വ്യക്തി എങ്ങനെ രക്ഷകനാകും? യേശുവിന്റെ മാതൃഭാഷയിൽ ഈ നിലവിളി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ യേശു പറഞ്ഞതാണ് ഈ വാക്കുകൾ എന്നതിൽ സംശയമില്ല. മാതൃഭാഷയായ അരമായയിൽ രേഖപ്പെടുത്തിയിരിക്കുന്ന വളരെ ചുരുക്കം വാക്കുകളിൽ ഒന്നാണിത്. അതിനാൽത്തന്നെ വിശദമായ പഠനവും ആഴമേറിയ പരിചിന്തനവും ആവശ്യമായി വരുന്നു.

ഗദ്സെമെനിലെ പ്രാർത്ഥനയോടെയാണ് പീഡാനുഭവവിവരണം ആരംഭിക്കുന്നത്. അതികഠിനമായ മാനസികസംഘർഷവും വേദനയും അനുഭവിച്ച യേശു ദൈവത്തെ വിളിച്ചു കേണപേക്ഷിച്ചു *“ആബ്ബാ, പിതാവേ,*

*എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിത മല്ല, അങ്ങേഹിതം മാത്രം"* (മർക്കോ 14, 36). ശിശു സഹ ജമായ സ്നേഹവും അടുപ്പവും വിശ്വാസവും പ്രകടമാ ക്കുന്ന *"ആബ്ബാ"* എന്ന അഭിസംബോധനാ രൂപമാണ് യേശു ആ പ്രാർത്ഥനയിൽ ഉപയോഗിച്ചത്. അങ്ങനെ തന്നെ ആയിരുന്നു യേശുവിന്റെ എല്ലാ പ്രാർത്ഥനകളും. എന്നാൽ ഇവിടെ പതിവിനു വിപരീതമായ *"എന്റെ ദൈവമേ"* എന്നാണ് ദൈവത്തെ വിളിക്കുന്നത്. പിതാ വിന്റെ തിരുഹിതത്തിന് എപ്പോഴും പൂർണ്ണമായി വഴങ്ങി യിരുന്ന, തിരുഹിതം നിറവേറ്റുക തന്റെ ഭക്ഷണമായി കരു തിയിരുന്ന, യേശു എന്തേ ഇപ്പോൾ ഇങ്ങനെ പ്രാർത്ഥി ക്കുന്നു? ഹൃദയത്തിന്റെ അഗാധത്തിൽ നിന്നുയർന്നുവ രുന്ന വലിയൊരു വിലാപമാണ് ഈ പ്രാർത്ഥന: *"എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ ഉപേക്ഷിച്ചത് എന്തു കൊണ്ട്?"* (മർക്കോ 15, 34; മത്താ 27, 46).

യേശു യഥാർത്ഥത്തിൽ വിലപിക്കുകയല്ല, പരി ത്യക്തന്റെ വിലാപം എന്നു വിശേഷിപ്പിക്കാറുള്ള 22-ാം സങ്കീർത്തനം ആലപിക്കുകയായിരുന്നു എന്ന് ഈ ചോദ്യ ങ്ങൾക്ക് ഉത്തരമായി പറയാറുണ്ട്. ആ സങ്കീർത്തന ത്തിന്റെ ആദ്യവാക്യമാണിത്. സങ്കീർത്തകൻ അനുഭവി ക്കുന്ന പീഡനവും പരിഹാസവും ഭയവും ഏകാന്ത തയുമെല്ലാം തുടർന്ന് വിവരിക്കുന്നുണ്ട്. എന്നാൽ സങ്കീർത്തനത്തിന്റെ രണ്ടാംഭാഗം (22, 22-31) ദൈവം നല്കുന്ന സംരക്ഷണവും അതിനു സങ്കീർത്തകൻ അർപ്പി ക്കുന്ന കൃതജ്ഞതാപ്രകടനവും വിവരിക്കുന്നു. അതി നാൽ ഈ സങ്കീർത്തനം ഉരുവിട്ടുകൊണ്ട് യേശു ദൈവ ത്തിലുള്ള തന്റെ വിശ്വാസവും ദൈവം രക്ഷിക്കും എന്ന പ്രത്യാശയും ഏറ്റു പറയുകയായിരുന്നു എന്ന് ബൈബിൾ വ്യാഖ്യാനങ്ങൾ അഭിപ്രായപ്പെടുന്നു. പഴയനിയമത്തിലെ ഏതെങ്കിലും ഒരു വാക്യം പുതിയ നിയമത്തിൽ ഉദ്ധരിച്ചു

കാണുമ്പോൾ ആ വാക്യം മാത്രമല്ല, അതുമായി ബന്ധപ്പെട്ട ബൈബിൾ ഭാഗം മുഴുവൻ പരിഗണിക്കണം എന്ന ഒരു പൊതു തത്ത്വമുണ്ട്. അതിനാൽ ഒന്നാം വാക്യം ഉച്ചത്തിൽ ഉരുവിട്ടയാൾ ബാക്കിയും തുടർന്നു പ്രാർത്ഥിച്ചു എന്നു കരുതാൻ ന്യായമുണ്ട്.

ഈ വ്യാഖ്യാനവും വിശദീകരണവും സ്വീകരിക്കുമ്പോഴും ഈ ഗുരുമൊഴി അഗാധമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിലാപമായിരുന്നു എന്ന് അംഗീകരിക്കാതെ വയ്യാ. സങ്കീർത്തനത്തിലെ പല വിവരണങ്ങളും അക്ഷരാർത്ഥത്തിൽ യേശുവിൽ നിറവേറിക്കഴിഞ്ഞു. *"മനുഷ്യർക്കു നിന്ദാപാത്രവും ജനത്തിനു പരിഹാസവിഷയവുമായി"* (സങ്കീ 22, 6-7); *ശത്രുക്കൾ അവനുചുറ്റും നിരന്നു* (2, 12: 16); *അവന്റെ കൈകാലുകൾ കുത്തിത്തുളച്ചു* (22, 16); *വസ്ത്രങ്ങൾ പങ്കിട്ടെടുത്തു; അങ്കിക്കായി നറുക്കിട്ടു* (22, 18) എല്ലാം നഷ്ടപ്പെട്ടവനായിട്ടാണ് യേശു കുരിശിൽ തൂങ്ങിക്കിടക്കുന്നത്.

അവന് ആത്മാഭിമാനം നഷ്ടപ്പെട്ടു. സുഹൃത്തുക്കളുടെയും ശത്രുക്കളുടെയും മുമ്പിൽവച്ച് അവന്റെ വസ്ത്രം ഉരിഞ്ഞുമാറ്റി. ശക്തനായ പ്രവാചകൻ, അത്ഭുതപ്രവർത്തകൻ, അനിഷേധ്യനായ ഗുരു, വരാനിരുന്ന മിശിഹാ, ദാവീദിന്റെ പുത്രനായ രാജാവ് എന്നൊക്കെ അറിയപ്പെട്ടിരുന്ന, ആയിരങ്ങൾ ആർപ്പുവിളിയോടെ അനുഗമിച്ച അവൻ ഇപ്പോൾ ഏകനായി, സകല വിശ്വസനീയതയും നഷ്ടപ്പെട്ട്, കുരിശിൽത്തൂങ്ങുന്നു. അവന് സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. കൈകാലുകൾ കുരിശിൽ തറച്ചു. ഇറങ്ങിവരാൻ വെല്ലുവിളിച്ചിട്ടും അനങ്ങാൻപോലും കഴിയുന്നില്ല. അതികഠിനമായ ശാരീരികവേദനയെക്കാൾ ഭീകരമായിരുന്നു ഈ പരിത്യക്തതയും നിസ്സഹായതയും ബലഹീനതയും ഏല്പിച്ച മാനസികവേദന. തന്നോടുകൂടെ നില്ക്കും എന്നു കരുതിയിരുന്ന സുഹൃത്തുക്കൾ അധി

കപങ്കും ഓടിയൊളിച്ചു. അടുത്തു നിസ്സഹായരായി നോക്കിനില്ക്കുന്ന ചുരുക്കം പേർ വേദന വർദ്ധിപ്പിക്കുന്നതേയുള്ളൂ. എന്നാൽ ഇതിനേക്കാൾ ആയിരം മടങ്ങു വലുതാണ് പിതാവിന്റെ നിശ്ശബ്ദത ഏല്പിച്ച മാനസികാഘാതം.

ഗദ്സെമെനിയിൽവച്ച് മുട്ടിപ്പായി പ്രാർത്ഥിച്ചെങ്കിലും പാനപാത്രം എടുത്തു മാറ്റിയില്ല. അത് മട്ടുവരെ കുടിച്ചുതീർക്കണം എന്ന പിതാവിന്റെ ഹിതം നിറവേറ്റാൻ യേശു തയ്യാറായി. എന്നാൽ അവിടെ സഹായവും ശക്തിയുമായി ദൂതൻ പ്രത്യക്ഷപ്പെട്ടു, പിതാവിന്റെ സാന്നിധ്യം അനുഭവവേദ്യമാക്കിയായിരുന്നു. എന്നാൽ കുരിശിൽ, പരിഹാസങ്ങൾക്കു മധ്യത്തിൽ പിതാവിന്റെ ശബ്ദം കേൾക്കാനോ സാന്നിധ്യം അനുഭവിക്കാനോ കഴിയാതെ പോകുന്നു എന്നതാണ് അഗാധമായ ദുഃഖത്തിന്റെ അടിസ്ഥാനകാരണം. കുരിശിൻ ചുവട്ടിൽനിന്ന മതനേതാക്കൾ ഉയർത്തിയ പരഹാസം ഈ ദുഃഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതായിരുന്നു: *"ഇവൻ ദൈവത്തിൽ ആശ്രയിച്ചു. വേണമെങ്കിൽ ദൈവം ഇവനെ രക്ഷിക്കട്ടെ. ഞാൻ ദൈവപുത്രനാണ് എന്നാണല്ലോ അവൻ പറഞ്ഞിരുന്നത്"* (മത്താ 27, 43). താൻ നാളിതുവരെ പറയുകയും പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തതെല്ലാം നുണയായിരുന്നു എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് കുരിശിലെ യേശുവിന്റെ നിസ്സഹായതയും പിതാവിന്റെ മൗനവും. ഇത് സഹനത്തിന്റെ കൂടുതൽ ആഴമേറിയ ഒരു തലത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

തന്നെ സഹായിക്കാനായി, കുരിശിൽ നിന്നു മോചിപ്പിക്കാനായി പിതാവ് ഇറങ്ങിവന്നില്ല എന്നതല്ല നിലവിളിയിൽ മുഴങ്ങുന്ന യേശുവിന്റെ വിലാപം. *"നീ എന്നെ ഉപേക്ഷിച്ചതെന്തുകൊണ്ട്?"* ദൈവം തന്നെ കൈവിട്ടിരിക്കുന്നു എന്ന അവബോധം യേശുവിന് താങ്ങാവുന്നതി

നപ്പുറമായിരുന്നു. ആരെല്ലാം വെറുത്താലും എതിർത്താലും കൈവിട്ടാലും പിതാവു തന്റെ കൂടെയുണ്ടാവും എന്നതായിരുന്നു ജീവശ്വാസത്തേക്കാൾ പ്രധാനമായ യേശുവിന്റെ വിശ്വാസം. ആ സാന്നിധ്യം കൂടാതെ ഒരു നിമിഷംപോലും ജീവിക്കാനാവില്ല. എന്നാൽ ഇവിടെ, പിതാവു തന്നെ കൈവിട്ടിരിക്കുന്നു എന്ന അതിഭീകരമായ അവബോധമാണ് യേശുവിന്റെ മാനുഷിക മനസ്സാക്ഷിയിലേക്കു കിനിഞ്ഞിറങ്ങുന്നത്. ഇത് പാപാവസ്ഥയാണ്; പാപിയുടെ യഥാർത്ഥ അവബോധമാണ്.

ഇതുവരെ കണ്ടതും അനുഭവിച്ചതുമായ സഹനങ്ങളെല്ലാം ശാരീരികവും മാനസികവുമായ തലങ്ങളിലായിരുന്നു. അവിടെയെല്ലാം പിതാവിന്റെ സജീവസാന്നിദ്ധ്യം യേശുവിനു ശക്തി പകർന്നിരുന്നു. എന്നാൽ ഇപ്പോൾ സഹനം ആത്മാവിന്റെ തലത്തിലേക്കു പ്രവേശിക്കുന്നു. തന്റെ എല്ലാമായ, ജീവന്റെ ഉറവിടവും അസ്ഥിത്വത്തിന്റെ നിദാനവുമായ, പിതാവ് തന്നെ ഉപേക്ഷിച്ചിരിക്കുന്നു എന്ന അവബോധം അതിന്റെ സകല ഭീകരതയോടുംകൂടെ യേശുവിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളെ പിടിച്ചുലച്ചു. ദൈവത്തിൽ നിന്നകറ്റപ്പെടുക, ദൈവത്താൽ ഉപേക്ഷിക്കപ്പെടുക. അതു നരകമല്ലാതെ മറ്റൊന്നുമല്ല. നരകത്തിന്റെ വക്കിൽ നില്ക്കുന്ന അനുഭവമാണ് യേശുവിന്റെ നിലവിളിയിൽ മുഴങ്ങുന്നത്.

ഇതുവരെ വിളിച്ചിരുന്നതുപോലെ ദൈവത്തെ *"ആബ്ബാ"* എന്നു വിളിക്കാൻ ഈ മാനസികാവസ്ഥയിൽ സാധിക്കുന്നില്ല. *എന്റെ ദൈവമേ,* എന്നു മറ്റെല്ലാ മനുഷ്യരെയും പോലെ യേശുവും വിളിച്ചു കരയുന്നു. പാപം ഒന്നും ചെയ്യാതിരുന്നിട്ടും പാപിയുടേതായ അനുഭവം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ, തീവ്രതയിൽ യേശുവിനുണ്ടായി. *"ക്രിസ്തു നമ്മെപ്രതി ശപിക്കപ്പെട്ടവനായിത്തീർന്നു"* (ഗലാ 3, 13); *''പാപം അറിയാത്തവനെ ദൈവം*

*നമുക്കുവേണ്ടി പാപമാക്കി"* (2 കോറി 5, 21) എന്നൊക്ക വി. പൗലോസ് ഈ അനുഭവത്തെ വ്യാഖ്യാനിക്കുന്നു. *"ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"* (യോഹ 1, 29) എന്ന സ്നാപകവചനങ്ങൾ ഇവിടെ പൂർത്തിയാവുന്നു. പാപപരിഹാരദിനത്തിൽ ജന ത്തിന്റെ പാപം മുഴുവൻ ഏറ്റുവാങ്ങി മരുഭൂമിയിലേക്കു പോകുന്ന ബലിയാടിലൂടെ പ്രതീകാത്മകമായി അവതരി പ്പിച്ചിരുന്നത് കുരിശിൽ കിടക്കുന്ന യേശുവിൽ യാഥാർത്ഥ്യമായിത്തീരുന്നു. *"നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി"* (ഏശ 53, 6) എന്ന സഹനദാസനെക്കുറിച്ചുള്ള പ്രവചനവും (ഏശ 52, 13 –53, 12) ഇവിടെ പൂർത്തിയാകുന്നു.

മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപം, ലോക ത്തിന്റെ പാപം, അതിന്റെ സകല ഭീകരതയോടുംകൂടെ യേശു ഏറ്റെടുത്തതിന്റെ ഫലമാണ് ദൈവത്തിൽനിന്നും അകറ്റപ്പെട്ടിരിക്കുന്നു എന്ന ഈ അവബോധം. യേശു കടന്നുപോയ ഏറ്റം വലിയ സഹനവും ഇതുതന്നെയാ ണ്. ആത്മാവിൽ അന്ധകാരം വ്യാപിക്കുന്ന നിമിഷം, തനിക്കു ദൈവത്തെ നഷ്ടപ്പെട്ടു എന്ന അവബോധം. ഈ അവസ്ഥയുടെ പ്രതിഫലനമാണോ നട്ടുച്ചയ്ക്ക് സൂര്യൻ അസ്തമിച്ചു എന്ന് സുവിശേഷകൻ രേഖപ്പെടു ത്തുന്നത്? യേശു ബേത്‌ലെഹെമിൽ ജനിച്ചത് അർദ്ധരാ ത്രിയ്ക്കായിരുന്നു. അന്ന് രക്ഷകനെ പ്രതീക്ഷിച്ചിരുന്നവർ പാതിരാവിൽ പ്രകാശം കണ്ടു. ഇവിടെ ഗാഗുൽത്തായിൽ നട്ടുച്ചയ്ക്ക് പ്രകാശം കെട്ടുപോകുന്നു; ഭൂമി മുഴുവൻ അന്ധകാരത്തിലാണ്ടുപോകുന്നു. ജീവന്റെ നാഥനെ കുരി ശിൽ തറച്ചവർ ലോകത്തിന്റെ പ്രകാശം കുത്തിക്കെടു ത്തുകയായിരുന്നു. ആഴമളക്കാനാവാത്തത്ര അഗാധമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗുരുമൊഴിയിൽ ദൈവത്തെ നഷ്ടപ്പെട്ട ഒരു ലോകത്തിന്റെ മുഴുവൻ നില

വിളി പ്രതിധ്വനിക്കുന്നു.

പാപത്തിന്റെ ഫലവും പാപിയുടെ അവസ്ഥയും അതിന്റെ പൂർണ്ണതയിൽ യേശു അനുഭവിച്ചു. ഇനി അവൻ അനുഭവിക്കാത്തതായ ഒരു വേദനയില്ല; ദുഃഖവുമില്ല. ദൈവത്തെപ്പോലും നഷ്ടപ്പെടുന്ന അനുഭവത്തിലൂടെ അവൻ കടന്നുപോയി. ഇതിലൂടെയാണ് ലോകത്തിന്റെ പാപം പരിഹരിക്കപ്പെടുന്നത്, മനുഷ്യവർഗ്ഗത്തിനു രക്ഷ ലഭ്യമാകുന്നത്. *''അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി"* (ഏശ 53, 5). *"അവനിൽ നാം എല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിനുവേണ്ടി"* (2 കോറി 5, 21)യാണ് അവനെ പാപമാക്കിയത്. കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പിതാവിന്റെ മുമ്പിൽ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ച *"അവന്റെ ദൈവഭയംമൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി"* (ഹെബ്രാ 5, 7-8). *"അവൻ പീഡ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കുമല്ലോ"* (ഹെബ്രാ 2, 18).

പ്രത്യക്ഷത്തിൽ നിരാശന്റെ നിലവിളിയായി തോന്നുമെങ്കിലും യേശു ദൈവത്തിലുള്ള വിശ്വാസവും പ്രത്യാശയും കൈവെടിയുന്നില്ല എന്ന് ഈ പ്രാർത്ഥനതന്നെ വെളിപ്പെടുത്തുന്നു. "എന്റെ ദൈവമേ" എന്ന ആവർത്തിച്ചുള്ള വിളിതന്നെ അതിനു തെളിവാണ്. ദൈവം തന്നെ കൈവിട്ടു എന്ന് സാഹചര്യങ്ങളിൽ നിന്നു തോന്നിയാലും താൻ ദൈവത്തിന്റെ കൈവിടുകയില്ല എന്ന പ്രഖ്യാപനമാണിത്; നിലയില്ലാക്കയത്തിൽ മുങ്ങിത്താഴുന്നവൻ തനിക്കു കിട്ടിയിരിക്കുന്ന അവസാനത്തെ പിടിവള്ളിയിൽ അള്ളിപ്പിടിക്കുന്നതുപോലെ. ഇത് ഒരു വിശ്വാ

സിയുടെ പ്രാർത്ഥനയാണ്; എല്ലാ സാഹചര്യങ്ങളും തനിക്കെതിരാകുമ്പോഴും, ദൈവംപോലും കൈവിട്ടു എന്നു തോന്നുമ്പോഴും, നിരാശയിൽ വീഴാൻ വിസമ്മതിക്കുന്ന വീരോചിതമായ വിശ്വാസത്തിന്റെ ശക്തമായ പ്രഖ്യാപനം.

ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ മനുഷ്യാവതാരവേളയിൽ സ്വയം ശൂന്യവൽക്കരിച്ചവൻ (ഫിലി 2, 6-9) മനുഷ്യന്റെ സകല പാപങ്ങളും ദുഃഖങ്ങളും ഏറ്റെടുത്തു. അവയെല്ലാം കുരിശിൽ തറച്ച് മനുഷ്യന് മോചനം നല്കിയതിന്റെ വ്യക്തമായ ഒരു പ്രഖ്യാപനമാണ് ഈ നിലവിളി. ദൈവിക സാന്നിദ്ധ്യത്തിൽനിന്ന് അകറ്റപ്പെട്ടു എന്ന അവബോധത്തിലൂടെ കടന്നുപോയവൻ ദൈവത്തിലുള്ള പിടിവിടാതെ കാത്തു. നരകകവാടത്തിലെത്തിയവൻ അവിടെനിന്ന് പിതൃസന്നിധിയിലേക്കു വീണ്ടും പ്രവേശിച്ചു. പാതാളങ്ങളിലിറങ്ങി, അവിടെനിന്ന് സ്വർഗ്ഗത്തിലേക്കു കരേറി എന്ന വിശ്വാസ പ്രഖ്യാപനത്തിൽ ഈ ഗുരുമൊഴിയുടെയും അർത്ഥം കണ്ടെത്താൻ കഴിയും.

ഇനി പൂർണ്ണബോധ്യത്തോടെ നമുക്കും പറയാം, ഞാൻ തനിച്ചല്ല. ഒരു സാഹചര്യത്തിലും ഞാൻ ഏകനല്ല. യേശുവിനറിയാത്ത, യേശു അനുഭവിച്ചിട്ടില്ലാത്ത ഒരു ദുഃഖവും നഷ്ടവും എനിക്കില്ല. ദൈവംപോലും കൈവിട്ടു എന്നു തോന്നുമ്പോഴും ഈ ഗുരുമൊഴി എനിക്കുറപ്പു നല്കും, ദൈവം കൈവിടുകയില്ല. എന്റെ പാപങ്ങൾ ഏറ്റെടുത്ത്, എനിക്കുവേണ്ടി പാപമായവൻ, എന്റെ ദുഃഖങ്ങൾ ഏറ്റെടുത്ത് എനിക്കു രക്ഷ നല്കിയ യേശു കൂടെയുണ്ട്, എന്നേക്കും. ഈ വിശ്വാസം പ്രത്യാശയുടെ ഉറവിടമാകണം.

# 12. "എനിക്കു ദാഹിക്കുന്നു" (യോഹ 19, 28)

കുരിശിൽ മരിക്കുന്നവർ അനുഭവിക്കുന്ന വലിയ സഹനങ്ങളിൽ ഒന്നാണ് ദാഹം. യേശുവിനെ സംബന്ധിച്ചിടത്തോളം ഈ ദാഹം ഏറ്റം അസഹനീയമാകാൻ സാധ്യത ഏറെയുണ്ട്. തലേ രാത്രിയിലത്തെ അത്താഴത്തിനുശേഷം ഭക്ഷണമോ പാനീയമോ ഇല്ല. ഗദ്സെമെൻ തോട്ടത്തിൽവച്ച് രക്തം വിയർത്തത് അതികഠിനമായ സഹനത്തിന്റെ തുടക്കം മാത്രമായിരുന്നു. പീലാത്തോസിന്റെ കല്പനപ്രകാരം ഏറ്റ ചമ്മട്ടിയടി ശരീരം മുഴുവൻ ഒറ്റവ്രണമാക്കിത്തീർത്തു; രക്തം ഏറെ വാർന്നുപോകാൻ കാരണമായി.

റോമാക്കാർ ഉപയോഗിച്ചിരുന്ന ചമ്മട്ടി സാധാരണ ചാട്ടയല്ല. കുറുവടിയിൽ ഘടിപ്പിച്ച അഞ്ചുതോൽ വാറുകൾ. അവയുടെ അറ്റത്ത് എല്ലിൻ കഷണങ്ങളോ ലോഹക്കട്ടകളോ കെട്ടിയിരിക്കും. ഒരു തവണ അടിക്കുമ്പോൾ ആഴമേറിയ അഞ്ചു മുറിവുകളാവും ശരീരത്തിലുണ്ടാവുക. കുരിശുചുമന്നുകൊണ്ടുള്ള ക്ലേശപൂർണ്ണമായ യാത്രയ്ക്കുശേഷം കുരിശിൽ തറച്ചതോടെ ശരീരത്തിൽ രക്തം അധികം അവശേഷിച്ചിട്ടുണ്ടാവില്ല. കൈത്തണ്ടയിലും പാദത്തിലും അടിച്ചിറക്കിയ വലിയ ആണികൾ ധമനികളും സിരകളും മുറിച്ചു, നാഡിഞരമ്പുകൾ പൊട്ടി; പേശികൾ വലിഞ്ഞുമുറുകി. രക്തം വാർന്നുപോയ ശരീരത്തിൽ ചുട്ടുപൊള്ളുന്ന പനി. ഈ സാഹചര്യത്തിൽ അനുഭവിക്കുന്ന ദാഹം തീർച്ചയായും ദുഃസ്സഹമായിരിക്കും. *"എനിക്കു ദാഹിക്കുന്നു"* എന്ന തിരുവചനം ഒരു സ്വാഭാവികാനുഭവമാണെന്നതിൽ സംശയമില്ല. എന്നാൽ അതു മാത്രമായിരുന്നോ ഈ ഗുരുമൊഴി രേഖപ്പെടുത്താൻ സുവിശേ

ഷകനെ പ്രേരിപ്പിച്ച കാരണം?

ദാഹിക്കുന്നവർക്ക് ജീവജലത്തിന്റെ ഉറവയും അരുവിയും വാഗ്ദാനം ചെയ്തവന് ഇപ്പോൾ ദാഹിക്കുന്നു എന്നു പറയുന്നതിൽ വൈരുധ്യം തോന്നാം. അതിനാൽ എന്തിനുവേണ്ടിയാണ് ഗുരുവിനു ദാഹിക്കുന്നത്, എന്താണ് ഈ തിരുവചനത്തിന്റെ അർത്ഥം എന്ന് ആഴത്തിൽ അന്വേഷിക്കണം. ശാരീരികമായ ദാഹം ദുഃസഹമായി അനുഭവപ്പെടുന്നുണ്ടെങ്കിലും അതിനേക്കാൾ പ്രാധാന്യമുള്ള എന്തോ ഒന്ന് ഈ ഗുരുമൊഴിയിലുണ്ട്.

*"എനിക്കു കുടിക്കാൻ തരൂ"* (യോഹ 4, 7) എന്ന യാചനയുമായി തുടങ്ങിയ സംഭാഷണത്തിന്റെ ഒടുവിൽ ദാഹജലത്തിന്റെ കാര്യം എല്ലാവരും മറന്നു. വെള്ളം കോരാൻ വന്നവൾ കുടം കിണറ്റുകരയിൽവച്ച് ഗ്രാമത്തിലേക്കോടി. തന്റെ ദാഹത്തെക്കുറിച്ച് യേശു പിന്നെ ഒന്നും പറയുന്നില്ല. ഭക്ഷണവുമായി ശിഷ്യന്മാർ മടങ്ങിവന്നപ്പോൾ ഗുരുവിനു വിശപ്പില്ല; ഭക്ഷണവും വേണ്ടാ. *"നിങ്ങൾ അറിയാത്ത ഒരു ഭക്ഷണം എനിക്കുണ്ട്"* (യോഹ 4, 32). സിക്കാറിലെ യാക്കോബിന്റെ കിണറ്റിൻ കരയിൽ വച്ചനുഭവിച്ച വിശപ്പും ദാഹവും പോലെ എന്തോ ഒന്ന് ഈ ഗുരുമൊഴിയിൽ പ്രതിധ്വനിക്കുന്നുണ്ട്.

എനിക്കു ദാഹിക്കുന്നു എന്ന വചനത്തിന് ആമുഖമായി സുവിശേഷകൻ പറയുന്ന കാര്യം ശ്രദ്ധേയമാണ്. *"അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞുവെന്നറിഞ്ഞ്, തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടി യേശു പറഞ്ഞു"* (യോഹ 19, 28). തിരുവെഴുത്തു പൂർത്തിയാക്കുക എന്നതാണ് ഈ ഗുരുമൊഴിയുടെ ലക്ഷ്യം എന്ന് സുവിശേഷകൻ ഊന്നിപ്പറയുന്നു. പക്ഷേ ഇവിടെയും ഒരു വൈരുധ്യം ദൃശ്യമാകുന്നു. എല്ലാം പൂർത്തിയായിക്കഴിഞ്ഞു എന്നറിഞ്ഞവൻ പിന്നെ എന്തു പൂർത്തീകരണമാണ് ഇനിയും തേടുന്നത്? അതോടൊപ്പം ഏതു തിരുവെഴുത്തു പൂർത്തി

യാക്കാൻ വേണ്ടിയാണ്  ഈ ഗുരുമൊഴി എന്നും കണ്ടെത്തണം.

*"എനിക്കു ദാഹിക്കുന്നു"* എന്ന ഒരു വചനം അതുപോലെ ബൈബിളിൽ വേറൊരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഈ വചനത്തിന്റെ അർത്ഥവും സാഹചര്യവും ധ്വനിയുമെല്ലാം പരിഗണിച്ചാലേ സുവിശേഷകൻ സൂചിപ്പിക്കുന്ന ബൈബിൾ വാക്യം ഏതെന്നു കണ്ടെത്താനാവൂ. എനിക്കു ദാഹിക്കുന്നു എന്ന വചനത്തിനുശേഷം നീർപ്പഞ്ഞിയിൽ കുതിർത്തുകൊടുത്ത വിനാഗിരി യേശു സ്വീകരിച്ചു. തുടർന്ന് എല്ലാം പൂർത്തിയായി എന്നു പറഞ്ഞുകൊണ്ട് ജീവൻ വെടിഞ്ഞു. മരണത്തിനുമുമ്പ് ചെയ്ത അവസാനത്തെ പ്രവൃത്തി വിനാഗിരി സ്വീകരിക്കുകയായിരുന്നു. അതിനാൽ ദാഹവും വിനാഗിരിയുമായി ബന്ധപ്പെട്ട ഒരു തിരുവചനത്തിന്റെ പൂർത്തീകരണമാണ് ഇവിടെ വിവരിക്കുന്നത് എന്നു ബൈബിൾ വ്യാഖ്യാതക്കൾ അഭിപ്രായപ്പെടുന്നു.

രണ്ടു ബൈബിൾ വാക്യങ്ങളാണ് പൊതുവേ ചൂണ്ടിക്കാണിക്കാറുള്ളത്. പീഡാനുഭവ വിവരണത്തിൽ 22-ാം സങ്കീർത്തനത്തിന്റെ സ്വാധീനം അനിഷേധ്യമാംവിധം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ദാഹത്തെ സംബന്ധിക്കുന്ന വാക്യം ആ സങ്കീർത്തനത്തിലാണ് പൊതുവേ അന്വേഷിക്കുക. *"എന്റെ അണ്ണാക്ക് ഓടിന്റെ കഷണം പോലെ വരണ്ടിരിക്കുന്നു; എന്റെ നാവ് അണ്ണാക്കിൽ ഒട്ടിയിരിക്കുന്നു"* (സങ്കീ 22, 15). അതിരൂക്ഷമായ ദാഹത്തിന്റെ ഈ ചിത്രീകരണമായിരിക്കാം ഗുരുമൊഴിയിൽ സൂചിപ്പിക്കുന്നതെന്നു കരുതുന്നവരുണ്ട്. എന്നാൽ ഇവിടെ ദാഹശമനത്തിനായി എന്തെങ്കിലും കൊടുക്കുന്നതിനെക്കുറിച്ച് സൂചനയില്ലാത്തതിനാൽ ഇതു സ്വീകാര്യമല്ല എന്നു കരുതുന്നവരുമുണ്ട്.

*''ഭക്ഷണമായി അവർ എനിക്കു വിഷം തന്നു. ദാഹ*

*ത്തിന് അവർ എനിക്കു വിനാഗിരി തന്നു"* (69, 21) എന്ന സങ്കീർത്തനവചനം കൂടുതൽ സ്വീകാര്യമായി കരുതുന്ന വരാണ് ഭൂരിഭാഗം വ്യാഖ്യാതാക്കളും. ഒരു പക്ഷേ ഈ രണ്ടു സങ്കീർത്തനവാക്യങ്ങളും ഒരുമിച്ചെടുക്കുകയാവും തിരുവെഴുത്തിന്റെ പൂർത്തീകരണത്തെക്കുറിച്ചുള്ള പരാ മർശം മനസ്സിലാക്കാൻ കൂടുതൽ സഹായകം. നീർപ്പ ഞ്ഞിയിൽ കുതിർത്ത വിനാഗിരി സ്വീകരിച്ചതോടെ തിരു വെഴുത്തു പൂർത്തിയായി എന്നു പറയുന്നതുകൊണ്ട് വെറും ശാരീരികമായ ദാഹം മാത്രമായിരുന്നു ഇവിടെ വീക്ഷിക്കുന്നത് എന്നർത്ഥമില്ല. ചുണ്ടും നാവും നനഞ്ഞ തുകൊണ്ടുമാത്രം ദാഹം തീരില്ലല്ലോ? അതിനാൽ എന്താണ് ഈ ദാഹമെന്നും എങ്ങനെയാണ് ദാഹശമന മുണ്ടാകുന്നതെന്നും അന്വേഷിക്കണം.

*"എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കു കയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം"* (യോഹ 4, 34) എന്ന തിരുവചനം ഈ ചോദ്യ ത്തിന് ഉത്തരം ലഭിക്കാനുള്ള വഴി കാട്ടുന്നു. *"ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമ യമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു"* (യോഹ 13, 1). മഹത്വത്തിന്റെ പുസ്തകം എന്ന റിയപ്പെടുന്ന സുവിശേഷത്തിന്റെ രണ്ടാംഭാഗം യേശു വിന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തെക്കുറിച്ച് വ്യക്തമായ സൂചന നല്കുന്നുണ്ട്. പിതാവിന്റെയടു ക്കൽനിന്ന് ഇറങ്ങിവന്ന് മാംസം ധരിച്ച ദൈവവചനം തന്റെ ദൗത്യം പൂർത്തിയാക്കുന്നത് പിതാവിന്റെയടുക്കൽ തിരിച്ചെത്തുമ്പോഴാണ്. അതു മരണം വഴിയേ സംഭവി ക്കൂ. തന്റെ അമ്മയെ ശിഷ്യന് അമ്മയായും ശിഷ്യനെ അമ്മയ്ക്കു മകനായും നല്കിയതിലൂടെ ഒരു കുടുംബ മായി സഭയെ സ്ഥാപിച്ചു. അതോടെ പിതാവു തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കി. ഇനി അവശേഷിക്കു

ന്നത് ഒന്നുമാത്രം. മരണംവഴി പിതാവിന്റെയടുക്കൽ തിരി ച്ചെത്തുക. അതിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹമല്ലേ "എനിക്കു ദാഹിക്കുന്നു" എന്ന തിരുമൊഴിയിലൂടെ പ്രക ടമാക്കുക?

യേശുവിന്റെ വാക്കുകൾ തെറ്റിധരിക്കപ്പെ ടുന്നതായി എല്ലാ സുവിശേഷങ്ങളും രേഖപ്പെടുത്തിയി ട്ടുണ്ട്. "ഏലീ, ഏലീ" എന്ന് ദൈവത്തെ വിളിച്ചപേക്ഷി ച്ചത് ഏലിയായെ വിളിക്കുന്നതായി കേൾവിക്കാർ കരു തി. തെറ്റിധാരണ എന്ന പ്രമേയം യോഹന്നാനാണ് ഏറ്റം കൂടുതൽ ഉപയോഗിച്ചിട്ടുള്ളത്. ആത്മാവിലുള്ള പുതുജ ന്മത്തെക്കുറിച്ചു പറഞ്ഞത് മാതാവിന്റെ ഉദരത്തിൽനിന്ന് വീണ്ടും പുറത്തുവരുന്നതായി നിക്കോദേമോസ് തെറ്റിധ രിച്ചു (യോഹ 3, 4). പരിശുദ്ധാത്മാവാകുന്ന ഉറവയെക്കു റിച്ചു പറഞ്ഞത് വറ്റാത്ത ഭൗതിക ജലമായി സമറിയാക്കാരി വ്യാഖ്യാനിച്ചു (യോഹ 4, 15). ഇതുപോലെ ഒരു തെറ്റിധാ രണയല്ലേ വിനാഗിരിയിൽ നീർപ്പഞ്ഞി കുതിർത്ത് യേശു വിനു കുടിക്കാൻ കൊടുക്കുന്ന പടയാളികൾ പ്രകടമാ ക്കുന്നത്?

യേശുവിന്റെ ദാഹം വീഞ്ഞോ വിനാഗിരിയോ വെള്ളമോ കൊണ്ടു ശമിപ്പിക്കാവുന്നതല്ല. അവൻ ദാഹി ക്കുന്നത് കുടിക്കാൻ വേണ്ടിയല്ല, കൊടുക്കാൻ വേണ്ടിയാണ്. ലോകത്തിന്റെ ജീവനുവേണ്ടി സ്വന്തം ശരീരം അപ്പമായി നല്കാൻ (യോഹ 6, 51), നിത്യജീവ നിലേക്കു നിർഗ്ഗളിക്കുന്ന അരുവിയായ പരിശുദ്ധാത്മാ വിനെ നല്കാൻ (യോഹ 4, 14; 7, 37-39) വേണ്ടിയാണ് യേശു ദാഹിക്കുന്നത്. ആത്മീയമായ ഈ ഭക്ഷണവും കുടിനീരും നല്കണമെങ്കിൽ യേശു മരിക്കണം. വിഭജി ക്കപ്പെടുന്ന ശരീരവും ചിന്തപ്പെടുന്ന രക്തവുമാണ് നിത്യ ജീവന്റെ അപ്പവും പാനീയവുമായി മാറുന്നത്. *"ആത്മാവ് അതുവരെയും നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ*

*യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല"* (യോഹ 7,39).

യേശുവിന്റെ മരണത്തെ സൂചിപ്പിക്കാൻ യോഹന്നാൻ ഉപയോഗിക്കുന്ന പദം പ്രത്യേക ശ്രദ്ധയർഹിക്കുന്നു: *''അവൻ തലചായിച്ച് ആത്മാവിനെ സമർപ്പിച്ചു"* (യോഹ 19, 30). പിതാവിന്റെ കൈകളിൽ ജീവൻ സമർപ്പിച്ചു എന്നാണ് വ്യംഗ്യം. എന്നാൽ *"പാരെദോക്കെൻ"* എന്ന ഗ്രീക്കുമൂലപദത്തിന് *ഏല്പിച്ചുകൊടുക്കുക* എന്നാണ് അർത്ഥം. ജീവൻ വെടിയുക എന്നതിലുപരി, തന്നിൽ നിരന്തരം പ്രവർത്തിച്ചിരുന്ന ദൈവത്തിന്റെ ആത്മാവിനെ തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കുമായി ഏല്പിച്ചുകൊടുക്കുന്നതിന്റെ ഒരു സൂചനയും ഈ പദത്തിലുണ്ടാവാം. കുത്തിത്തുറക്കപ്പെട്ട യേശുവിന്റെ പാർശ്വത്തിൽ നിന്നൊഴുകിയ രക്തവും വെള്ളവും ആത്മാവിനെ നല്കുന്നതിന്റെ അടയാളമായി യോഹന്നാൻ വ്യാഖ്യാനിക്കുന്നുണ്ട് (യോഹ 7, 38-39).

യേശുവിന്റെ ദാഹം ആത്യന്തികമായി ആത്മാവിനെ നല്കാനുള്ള ദാഹമാണ്. കാരണം ആത്മാവാണ് ജീവൻ നല്കുന്നത് (യോഹ 6, 63). ആത്മാവിനെ നല്കുന്നതിലൂടെയാണ് യേശുവിന്റെ രക്ഷാകരദൗത്യം പൂർത്തിയാകുന്നത്. പരിശുദ്ധാത്മാവ് സഹായകനായി ശിഷ്യരോടൊത്തു വസിക്കും (യോഹ 14, 16-26). അവരെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും (യോഹ 16, 13). ഈ അർത്ഥത്തിലാണ് യേശു 'ആത്മാക്കൾക്കുവേണ്ടി ദാഹിക്കുന്നു' എന്നു പറയുക. ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹം എന്നാൽ മനുഷ്യർക്കു രക്ഷ നല്കാനുള്ള തീവ്രമായ ആഗ്രഹം എന്നർത്ഥം. ആരും നഷ്ടപ്പെടാതെ, എല്ലാവരും നിത്യജീവൻ പ്രാപിച്ച് പിതാവിനോടൊന്നിച്ചായിരിക്കണം എന്ന ഉൽക്കടമായ ആഗ്രഹമല്ലേ "എനിക്കു ദാഹിക്കുന്നു" എന്ന തിരുമൊഴിയിലൂടെ ഗുരു

നാഥൻ വിളിച്ചു പറയുന്നത്? അവന് ഇന്നും ദാഹിക്കുന്നുണ്ട്. ഒരു മനുഷ്യനെങ്കിലും ദൈവികജീവനിൽ നിന്നകന്ന്, പിതൃഭവനത്തിലെത്താതെ അലയുന്നിടത്തോളം കാലം ഈ ദാഹം ഉണ്ടായിരിക്കും. നീർപ്പഞ്ഞിയിൽ വിനാഗിരി ഒഴിച്ചല്ല, ആത്മാക്കളെ ദൈവസന്നിധിയിലേക്കുയർത്തിയാണ് ഈ ദാഹം ശമിപ്പിക്കാൻ കഴിയുക.

# 13. "എല്ലാം പൂർത്തിയായിരിക്കുന്നു" (യോഹ 19, 30)

മരണത്തിനുമുമ്പുള്ള യേശുവിന്റെ അവസാനത്തെ തിരുമൊഴി ഒറ്റവാക്കിൽ ഒതുങ്ങി. ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻ വെടിഞ്ഞു എന്നു മത്തായിയും മർക്കോസും രേഖപ്പെടുത്തുന്നതിനു സമാന്തരമായി യോഹന്നാനും ലൂക്കായും രണ്ടു വ്യത്യസ്ത ഗുരുമൊഴികൾ അവതരിപ്പിക്കുന്നു. കുരിശിൽവച്ച് യേശു അവസാനമായി ഉച്ചരിച്ച വാക്കായിട്ടാണ് യോഹന്നാൻ ഈ ഗുരുമൊഴി അവതരിപ്പിക്കുന്നത്. ഈ തിരുവചനത്തിന്റെ ആഴവും വ്യാപ്തിയും മനസ്സിലാക്കാൻ മൂലപദവും ഈ വചനത്തിന്റെ സാഹചര്യവും മനസ്സിലാക്കണം.

*"യേശു വിനാഗിരി സ്വീകരിച്ചിട്ട് പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തലചായിച്ച് ആത്മാവിനെ സമർപ്പിച്ചു"* (യോഹ 19, 30). എല്ലാം പൂർത്തിയായിരിക്കുന്നു എന്ന് വിവർത്തനം ചെയ്യുന്നത് *"തെതെലെസ്തായി"* (tetelestai) എന്ന ഗ്രീക്കു വാക്കാണ്. *"അവസാനം"* എന്നും *"ലക്ഷ്യം"* എന്നും അർത്ഥമുള്ള *"തേലോസ്"* (telos) എന്ന നാമവുമായി ബന്ധപ്പെട്ട "തെലെയോ" (teleo) എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. ഇതിനെ "അവസാനിച്ചു"; "തീർന്നു" എന്നും "പൂർത്തിയായി" എന്നും വിവർത്തനം ചെയ്യാം. തന്റെ അതികഠിനവും ദുഃസഹവുമായ പീഡനങ്ങളെല്ലാം അവസാനിച്ചു എന്ന ആശ്വാസവും സംതൃപ്തിയുമാണോ ഈ ഗുരുമൊഴിയിലൂടെ പ്രകടമാകുന്നത്? അവസാനിച്ചു, തീർന്നു എന്നൊക്കെ വിവർത്തനം ചെയ്താൽ ഈ അർത്ഥമാകും ലഭിക്കുക.

എന്നാൽ ഗുരുമൊഴിയുടെ അർത്ഥം അതല്ല

എന്നു വ്യക്തം. ആരെങ്കിലും തന്റെമേൽ കെട്ടിവച്ച ഭാരമായിരുന്നില്ല, യേശു സ്വമേധയാ ഏറ്റെടുത്തതായിരുന്നു പീഡാസഹനവും മരണവും. അതിനുവേണ്ടിയാണ് താൻ ഈ ലോകത്തിലേക്ക് വന്നിരിക്കുന്നത് എന്ന് യേശു പല തവണ പറയുകയുണ്ടായി (യോഹ 7, 28; 8, 42; 9, 39; 10, 10; 12, 27). അതിനാലാണ് പി.ഒ.സി. ബൈബിളിൽ *"എല്ലാം പൂർത്തിയായിരിക്കുന്നു"* എന്ന് ഈ തിരുവചനം വിവർത്തനം ചെയ്തിരിക്കുന്നത്. സഹനം തീർന്നതിലുള്ള ആശ്വാസമല്ല, തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കിയതിലുള്ള സംതൃപ്തിയും സന്തോഷവുമാണ് ഈ തിരുവചനത്തിൽ മുഴങ്ങുന്നത്.

പിതാവിന്റെ ഹിതത്തിനു വിരുദ്ധമായി, സ്വന്തം താൽപര്യങ്ങളും തീരുമാനവുമനുസരിച്ച് പ്രവർത്തിക്കാനുള്ള പ്രലോഭനങ്ങൾ യേശുവിന് നിരന്തരം നേരിടേണ്ടി വന്നു. പരസ്യജീവിതത്തിന്റെ തുടക്കത്തിൽ മരുഭൂമിയിൽ വച്ചുണ്ടായ പ്രലോഭനം ഉദാഹരണമാണ്. നീ ദൈവപുത്രനാണെങ്കിൽ കല്ലുകളെ അപ്പമാക്കൂ, ഗോപുരമുകളിൽ നിന്നു ചാടി ദൈവപുത്രസ്ഥാനം തെളിയിക്കൂ, എന്നിങ്ങനെയുള്ള വെല്ലുവിളികളും ലോകത്തിന്റെമേൽ ആധിപത്യം സ്ഥാപിക്കാനായി ദൈവത്തെ തള്ളിപ്പറയാനുള്ള ആഹ്വാനങ്ങളും യേശു അഭിമുഖീകരിച്ചിരുന്നു (മത്താ 4, 1-11).

സമ്പത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തിന്റെയും കുറുക്കുവഴികൾ ഉപേക്ഷിച്ച്, മനുഷ്യരക്ഷയ്ക്കുവേണ്ടി കുരിശിന്റെ വഴി സ്വീകരിച്ചവനാണ് യേശു. ആ വഴിയിൽനിന്നു പിന്തിരിയാൻ ശിഷ്യന്മാർപോലും അവനെ പ്രേരിപ്പിച്ചു (മത്താ 16, 22). പ്രലോഭനങ്ങൾ ഉയർത്തിയ ആന്തരികസംഘർഷം ഗദ്സെമെനിയിൽ അത്യന്തം രൂക്ഷമായി. *"എന്റെ ഹിതമല്ല, നിന്റെ ഹിതം"* എന്ന തിരുമൊഴിയിൽ യേശുവിന്റെ മാനുഷിക ഇച്ഛാശക്തിയും പിതാവിന്റെ ഹിതവും തമ്മിലുള്ള സംഘട്ടനം

ഏറ്റം വ്യക്തമാകുന്നു.

കുരിശിൽവച്ചാണ് ഈ പ്രലോഭനം ഏറ്റം ശക്ത മായത്. ഇറങ്ങിവരുക, ഞങ്ങൾ വിശ്വസിക്കാം എന്ന് താഴെ നിന്നവർ വെല്ലുവിളിച്ചു. പിതാവുപോലും കൈവിട്ടു എന്ന തോന്നലുണ്ടായി. എന്നാലും ഒരു നിമിഷംപോലും യേശു പതറിയില്ല. താൻ എടുത്ത തീരുമാനത്തെക്കുറിച്ച് മറിച്ചു ചിന്തിച്ചുമില്ല. അവസാനംവരെ ഉറച്ചുനിന്നു. പിതാവു തന്നെ ഏല്പിച്ച ദൗത്യം അതിന്റെ അവസാനം വരെ നിറവേറ്റി. ഈ സംതൃപ്തിയാണ് *പൂർത്തിയായിരി ക്കുന്നു* എന്ന ഉദ്ഘോഷണത്തിൽ പ്രതിധ്വനിക്കുന്നത്.

പ്രവാചകന്മാർ വഴി ദൈവം മുൻകൂട്ടി അറിയി ച്ചതും പ്രതീകങ്ങളിലൂടെ അവതരിപ്പിച്ചതുമായ രക്ഷകനെ സംബന്ധിച്ച സകലതും യേശുവിൽ പൂർത്തിയായി. *തെതെലെസ്തായ്* എന്നത് ഒരു കർമ്മിണിപ്രയോഗമാണ്. തന്നെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതികൾ എല്ലാം പൂർത്തിയാക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ ഉദ്ഘോഷ ണത്തിന്റെ ധ്വനി. യഥാർത്ഥത്തിൽ പിതാവു തന്നെയാണ് പ്രവചനങ്ങൾ പൂർത്തീകരിക്കുന്നത് എന്ന് യേശു ഏറ്റു പറയുകയായിരുന്നു. പിതാവിന്റെ ഹിതത്തിനു പൂർണ്ണ മായി വിധേയപ്പെട്ട് പുത്രൻ ചെയ്യുന്നതെല്ലാം പിതാവിന്റെ പ്രവൃത്തിയാണ് (യോഹ 14, 10).

തന്നെ ഏല്പിച്ച ദൗത്യം വിജയപ്രദമായി പൂർത്തി യാക്കി. പാനപാത്രം മട്ടുവരെ കുടിച്ചുതീർത്തു (യോഹ 18, 11). *"പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അനു സരണം അഭ്യസിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറ വിടമായി"* (ഹെബ്രാ 5, 8-9) *എല്ലാം പൂർത്തിയാക്കപ്പെട്ടു* എന്ന തിരുമൊഴിക്കുശേഷം സംഭവിക്കുന്നത് യേശുവിന്റെ മരണമാണ്. അതും സ്വതന്ത്രമായ യേശുവിന്റെ ഒരു പ്രവൃ ത്തിയായി സുവിശേഷകൻ ചിത്രീകരിക്കുന്നു. *"അവൻ*

*തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു"* യോഹ 19,30).

പുറമെ നിന്നു നോക്കുമ്പോൾ യേശുവിന്റെ മരണം ക്രൂരമായ ഒരു കൊലപാതകമായിരുന്നു. യഹൂദ മതാധികാരികളും റോമൻ രാഷ്ട്രീയാധികാരിയും ഒരുമിച്ച്, നിരപരാധനെന്നു പലവട്ടം തെളിയിക്കപ്പെട്ടവനെ മനഃപൂർവ്വം കുരിശിലേറ്റിയതാണ്. ലോകത്തിന്റെ പാപം അതിന്റെ സകല ഭീകരതയോടും കൂടെ പ്രത്യക്ഷമായൊരു സംഭവമായിരുന്നു യേശുവിന്റെ കുരിശുമരണം. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അടുത്തു പരിശോധിക്കുമ്പോൾ അത് ലോകത്തിനു രക്ഷ നല്കിയ, ലോകത്തിന്റെ പാപം നീക്കിയ, മഹാ ബലി ആയിരുന്നുവെന്നു കാണാം. യേശു തന്നെ ഇതു വ്യക്തമാക്കിയിട്ടുണ്ട്. *"തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽനിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസാ സമർപ്പിക്കുകയാണ്"* (യോഹ 10, 17-18).

ഈ ബലിയിലേക്കാണ് പഴയനിയമം മുഴുവൻ വിരൽ ചൂണ്ടിയത്; ഈ ബലിക്കുവേണ്ടിയാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്; ഈ ബലിയിലൂടെയാണ് മനുഷ്യവർഗ്ഗം മുഴുവൻ ദൈവത്തോട് വീണ്ടും രമ്യതയിലായത്. *എനിക്കു ദാഹിക്കുന്നു* എന്നു പറഞ്ഞ യേശുവിന് നീർപ്പഞ്ഞിയിൽ വിനാഗിരി നിറച്ചു പടയാളികൾ കുടിക്കാൻ കൊടുത്തത് ഹീസോപ്പുചെടിയുടെ തണ്ടിൽ വച്ചാണ് (യോഹ 19, 29). ഈജിപ്തിൽ വച്ചാഘോഷിച്ച പെസഹാബലിയുമായി ബന്ധപ്പെട്ടാണ് ഹീസോപ്പുചെടിയെക്കുറിച്ച് ബൈബിളിൽ ആദ്യമായി പരാമർശിക്കുന്നത് (പുറ 12, 22). പെസഹാക്കുഞ്ഞാടിന്റെ രക്തം ഹീസോപ്പുതണ്ടുകൊണ്ട് കട്ടിളക്കാലുകളിലും മേല്പടിയിലും തളിക്കണം. സംഹാരദൂതനിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമായിരുന്നു അത്; അതേസമയം വരാനിരുന്ന വലിയ

രക്ഷണീയ കർമ്മത്തിന്റെ ഒരു പ്രതീകവുമായിരുന്നു. കുരിശുമരണസമയത്ത് ഹീസോപ്പുചെടിയെക്കുറിച്ചു പരാമർശിക്കുന്നതിലൂടെ സുവിശേഷകൻ യേശുവിനെ പെസഹാക്കുഞ്ഞാടായി ചിത്രീകരിക്കുകയാണ്. ദേവാലയത്തിൽ പെസഹാക്കുഞ്ഞാടിനെ കൊല്ലാൻ തുടങ്ങുന്ന സമയത്താണ് പീലാത്തോസ് യേശുവിനെ മരണത്തിനു വിധിച്ചത് എന്ന് യോഹന്നാൻ എടുത്തു പറയുന്നുണ്ട് (യോ 19, 14).

യേശുവിന്റെ മരണത്തിലൂടെ ലോകത്തിന്റെ പാപം പരഹരിക്കപ്പെട്ടു. ദൈവത്തോടുള്ള ബന്ധം പുനഃസ്ഥാപിക്കപ്പെട്ടു. ആദിപാപംമൂലം അടയ്ക്കപ്പെട്ട പറുദീസായുട വാതിൽ തുറന്നു. മനുഷ്യന് രക്ഷയുടെയും നിത്യജീവന്റെയും വഴിതുറന്നു. *"തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു"* എന്നു പറയുന്നതിലൂടെ മരണവും യേശുവിന്റെ സ്വതന്ത്രമായ ഒരു പ്രവൃത്തിയായിരുന്നു എന്ന് സൂചിപ്പിക്കുന്നു. മരണത്തിന്റെ ഫലമായി തലകുനിയുകയില്ല, തലയണയിൽ തലവയ്ക്കുന്നതുപോലെ യേശു തലചായ്ക്കുന്നു; തുടർന്നു ചെയ്യുന്നത് ആത്മാവിനെ സമർപ്പിക്കുകയാണ്. യേശുവിന്റെ മരണം വഴിയുള്ള മഹത്വീകരണത്തിലൂടെ മാത്രം നല്കപ്പെടാനിരുന്ന പരിശുദ്ധാത്മാവിനെ (യോഹ 7, 39) നല്കി എന്ന ഒരു സൂചനയും ഇവിടെ കാണാം. അങ്ങനെ മനുഷ്യരക്ഷയെ സംബന്ധിച്ച ദൈവികപദ്ധതി മുഴുവൻ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ ജീവിതം സമാപിക്കുന്നത്. ഇത് ഒരു വിജയാട്ടഹാസം പോലെയാണ്. മത്തായിയും മർക്കോസും ഉച്ചത്തിലുള്ള നിലവിളിയായി ചിത്രീകരിച്ച വിജയം യോഹന്നാൻ രക്ഷയുടെ പൂർത്തീകരണമായി അവതരിപ്പിക്കുന്നു.

ദൈവഹിതം മുഴുവനായും പൂർത്തിയാക്കിയ

യേശു നമുക്ക് വലിയൊരു മാതൃകയും നല്കുന്നുണ്ട്. ജീവിതത്തിന്റെ വിജയവും പരാജയവും അളക്കാനുള്ള മാനദണ്ഡം നമ്മെ സംബന്ധിച്ച ദൈവികപദ്ധതി എപ്രകാരം നാം പൂർത്തിയാക്കുന്നു എന്നതായിരിക്കും. *"ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു"* (2 തിമോ 4, 7) എന്ന വി. പൗലോസിന്റെ വാക്കുകൾ ഈ മാതൃക പൂർണ്ണമായി അനുസരിച്ചതിന്റെ ഉദാഹരണമാണ്. എളുപ്പമാർഗ്ഗങ്ങൾ പിന്തുടരാനുള്ള പ്രലോഭനങ്ങളിൽ വീഴാതെ, വിളിച്ചവനോട് പൂർണ്ണമായി വിശ്വസ്തത പുലർത്താൻ ഈ ഗുരുമൊഴി നമ്മെ പ്രേരിപ്പിക്കുന്നു. ശിഷ്യത്വത്തിന്റെ വഴി കുരിശിന്റെ വഴിയാണ്. ലോകം വച്ചുനീട്ടുന്ന നൈമിഷിക നേട്ടങ്ങളിലും സുഖങ്ങളിലും മയങ്ങിയോ, പീഡനങ്ങളെ ഭയന്നോ, ലക്ഷ്യം മറക്കാതിരിക്കാനും വഴി തെറ്റാതിരിക്കാനും ഗുരുനാഥന്റെ അവസാനവാക്കു നമുക്കു പ്രചോദനമാകണം. എന്നെ സംബന്ധിച്ച ദൈവഹിതം എന്നിൽ പൂർത്തിയാക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ജീവൻ സമർപ്പിക്കാൻ കഴിയുന്നവൻ ഭാഗ്യവാൻ!

# 14. "പിതാവേ അങ്ങയുടെ കരങ്ങളിൽ..." (ലൂക്കാ 23, 46)

*"അപ്പോൾ ഏകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒമ്പതാം മണിക്കൂർവരെ ഭൂമിയിൽ മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. ദേവാലയത്തിലെ തിരശ്ശീല നടുവേ കീറി. യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു"* (ലൂക്കാ 23, 44-46).

കുരിശിൽ നിന്നുള്ള യേശുവിന്റെ ഏഴാമത്തേതും അവസാനത്തേതുമായ തിരുവചനമാണ് ഇവിടെ പഠനവിഷയം. ബൈബിളിന്റെ കാഴ്ചപ്പാടിൽ ഏഴ് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാണ്. യേശുവിന്റെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും പ്രബോധനങ്ങളുടെയും എല്ലാം സാരസംഗ്രഹവും ഉപസംഹാരവുമായി ഈ തിരുമൊഴിയെ കാണാനാവും. യേശു ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു എന്ന് ആദ്യത്തെ രണ്ടു സുവിശേഷകർ രേഖപ്പെടുത്തി. നാലാമത്തെ സുവിശേഷത്തിൽ "പൂർത്തിയാക്കപ്പെട്ടിരിക്കുന്നു" എന്ന ഒറ്റവാക്കാണ് യേശുവിന്റെ അന്ത്യശ്വാസമായി അവതരിപ്പിച്ചിരിക്കുന്നത്. ലൂക്കായാകട്ടെ, ഉച്ചത്തിലുള്ള നിലവിളിയോട് ഏതാനും വാക്കുകൾ കൂട്ടിച്ചേർത്തിരിക്കുന്നു. പിതാവിനു സമർപ്പിക്കുന്ന ഒരു പ്രാർത്ഥനയാണ് ഈ വാക്കുകൾ. അങ്ങനെ യേശുവിന്റെ നിലവിളിയുടെ അർത്ഥവും വ്യാപ്തിയും ലൂക്കാ വ്യക്തമാക്കുന്നു.

ഗുരുമൊഴി അപഗ്രഥിക്കുന്നതിനുമുമ്പേ അത് അവതരിപ്പിച്ചിരിക്കുന്ന സാഹചര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

ജറുസലേം ദേവാലയത്തിൽ പെസഹാക്കുഞ്ഞാടിനെ കൊല്ലാൻ തുടങ്ങുന്ന സമയമാണ് ആറാം മണിക്കൂർ, അഥവാ ഉച്ചയ്ക്ക് 12 മണി. ഈ സമയത്താണ് യോഹന്നാന്റെ സുവിശേഷപ്രകാരം പീലാത്തോസ് യേശുവിനെ മരണത്തിനു വിധിച്ചത്. എന്നാൽ സമാന്തരസുവിശേഷങ്ങൾ മൂന്നും യേശുവിനെ കുരിശിൽ തറച്ചത് ആറാം മണിക്കൂറിലാണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും നാലു സുവിശേഷങ്ങളും ഒരു കാര്യമാണ് എടുത്തുകാട്ടാൻ ശ്രമിക്കുന്നത്: യേശുവാണ് യഥാർത്ഥ പെസഹാക്കുഞ്ഞാട്.

യേശുവിന്റെ മരണത്തിനും അവസാനത്തെ ഗുരുമൊഴിക്കും മുമ്പായി ലൂക്കാ രണ്ട് അത്ഭുതപ്രതിഭാസങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. സൂര്യൻ ഇരുണ്ട്, ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചതാണ് ആദ്യത്തേത്. മത്തായിയും മർക്കോസും ഈ പ്രതിഭാസം ഇതുപോലെതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നട്ടുച്ചയ്ക്ക് സൂര്യൻ അസ്തമിക്കുകയും ഭൂമിയിലെങ്ങും അന്ധകാരം വ്യാപിക്കുകയും ചെയ്തതിന് അനേകം ധ്വനികളുണ്ട്. പഴയനിയമത്തിൽ പല തവണ സൂചിപ്പിട്ടുള്ള ഒന്നാണിത്. ദുഷ്ടന്മാരുടെ മേൽ ദൈവം നടപ്പാക്കുന്ന നീതിവിധിയുടെ ഭാഗമായിട്ടാണ് ജോബിന്റെ പുസ്തകത്തിൽ ഇതിനെ കാണുന്നത്. *"പകൽസമയത്ത് അവരെ ഇരുൾ മൂടുന്നു; മധ്യാഹ്നത്തിൽ രാത്രിയിലെന്നപോലെ അവർ തപ്പിത്തടയുന്നു"* (ജോബ് 5, 14). യേശുവിനെ വധിച്ചത് ദുഷ്ടതയുടെ പാരമ്യമായിരുന്നു; ലോകത്തിന്റെ പ്രകാശമായവനെ തിരസ്കരിച്ചവർ അന്ധകാരത്തിൽ ആണ്ടുപോകുന്നു എന്ന ഒരു സൂചനയാവും ഇതിൽ നിന്നു ലഭിക്കുക. ജറെ 13, 16; 15, 9; എസെ 32, 7; ആമോ 5, 8; 8, 9 മുതലായ തിരുവചനങ്ങളും മധ്യാഹ്നത്തിലെ അന്ധകാരത്തെ അവതരിപ്പിക്കുന്നു. യേശുവിന്റെ മരണം തിന്മയുടെ മേലുള്ള വിധിപ്രസ്താവമാണ്.

*“ഇപ്പോഴാണ് ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും”* (യോഹ 12, 31) എന്ന ഗുരുമൊഴി ഇക്കാര്യം മുൻകൂട്ടി അറിയിച്ചിരുന്നു.

യേശുവിന്റെ മരണം തിന്മയുടെ ആധിപത്യത്തിന് അന്ത്യം കുറിക്കുന്നു. പാപത്തിൽ ആണ്ടുപോയ ഒരു യുഗം - പഴയയുഗം - അവസാനിക്കുകയും രക്ഷയുടെ പുതുയുഗം പിറക്കുകയും ചെയ്യുന്നത് കുരിശുമരണത്തോടെയാണ്. ഈ സത്യം സൂചിപ്പിക്കുന്നതാണ് ദേവാലയത്തിലെ തിരശ്ശീല രണ്ടായി കീറിയത്. പ്രധാന പുരോഹിതന്, അതും ആണ്ടിൽ ഒരു തവണ മാത്രം, പ്രവേശനം അനുവദിച്ചിരുന്ന അതിവിശുദ്ധസ്ഥലത്തെ ദേവാലയത്തിന്റെ ഇതര ഭാഗങ്ങളിൽനിന്നും വേർതിരിക്കുന്നതാണ് തിരശ്ശീല. അതു കീറിയതോടെ അതിവിശുദ്ധ സ്ഥലം എല്ലാവർക്കും ദൃശ്യമായി. ദൈവസന്നിധിയിലേക്ക് എല്ലാവർക്കും പ്രവേശനം ലഭിച്ചിരിക്കുന്നു എന്നതിന്റെ പ്രതീകമാണ് ഈ തിരശ്ശീല കീറൽ. യഥാർത്ഥ പ്രധാന പുരോഹിതനായ യേശു ദൈവസന്നിധിയിലേക്ക് മരണമാകുന്ന ആത്മബലിയിലൂടെ പ്രവേശിക്കുന്നു എന്നും ഇതിൽ സൂചനയുണ്ട് (ഹെബ്രാ 9, 11-12). യേശുവിന്റെ മരണത്തിനുശേഷം തിരശ്ശീല കീറി എന്ന് മത്തായിയും മർക്കോസും രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ മരണത്തിന്റെ അർത്ഥം വ്യക്തമാക്കുന്ന ഈ രണ്ടു സംഭവങ്ങൾ ഒരുമിച്ച് അവതരിപ്പിച്ചതിനുശേഷമാണ് പഠനവിഷയമായ ഗുരുമൊഴി രേഖപ്പെടുത്തിയിരിക്കുന്നത്.

യേശുവിന്റെ അവസാനത്തെ തിരുവചനം ഒരു പ്രാർത്ഥനയായിരുന്നു. എല്ലാവരും ഉപേക്ഷിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന, ഒറ്റപ്പെട്ടുപോയ ഒരു വ്യക്തി ദൈവത്തിൽ പ്രത്യാശയർപ്പിച്ചു പ്രാർത്ഥിക്കുകയും തന്റെ വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്ന 31-ാം സങ്കീർത്തനത്തിൽ നിന്ന് ഒരു വാക്യം ഉദ്ധരിച്ചുകൊ

ണ്ടാണ് യേശു പ്രാർത്ഥിക്കുന്നത്. ദേവാലയത്തിലും സിനഗോഗുകളിലും പതിവായി ഉപയോഗിച്ചിരുന്നതാണ് ഈ സങ്കീർത്തനം. മാത്രമല്ല, രാത്രിയിൽ ഉറങ്ങാൻ പോകുന്നതിനുമുമ്പ് പ്രാർത്ഥിക്കാൻ മാതാപിതാക്കൾ മക്കൾക്കു പ്രത്യേകം ചൊല്ലിക്കൊടുത്തിരുന്നതാണ് യേശു അവസാനമായി ഉച്ചരിച്ച തിരുവചനം. *"അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു."*

നട്ടുച്ചയ്ക്ക് സൂര്യൻ അസ്തമിക്കുകയും ഭൂമിയിൽ എങ്ങും അന്ധകാരം വ്യാപിക്കുകയും ചെയ്യുമ്പോൾ ഉരുവിടാൻ ഏറ്റം ഉത്തമമായ പ്രാർത്ഥനയാണിത്. ഒരു പക്ഷേ ഓരോ രാത്രിയിലും ഉറങ്ങുന്നതിനുമുമ്പ് യേശുവും ഈ പ്രാർത്ഥന ഉരുവിട്ടിരിക്കാം, സ്വന്തം അമ്മയിൽ നിന്നു പഠിച്ച പ്രാർത്ഥന. സങ്കീർത്തനവാക്യത്തോട് "പിതാവേ" എന്ന അഭിസംബോധന യേശു കൂട്ടിച്ചേർത്തു എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. രാത്രി വിശ്രമത്തിനായി ഉറങ്ങുന്ന കുഞ്ഞിനെപ്പോലെ യേശു തൃക്കരങ്ങളിൽ തന്റെ ആത്മാവിനെ സമർപ്പിക്കുന്നു. മരണം അവസാനമല്ല, വിശ്രമമാണ്; പിതാവിന്റെ കരങ്ങളിലുള്ള വിശ്രമം. ഇവിടെ ഭയമില്ല, നിരാശയുമില്ല, അചഞ്ചലമായ വിശ്വാസവും അതിരില്ലാത്ത ആശ്രയവും മാത്രം. *"എന്റെ ദൈവമേ"* എന്ന നിലവിളിയിൽ അന്തർലീനമായിരുന്ന വിശ്വാസം ഇവിടെ വ്യക്തമാകുന്നു. പിതാവിന്റെ കരങ്ങളിൽ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ടാണ് യേശു ജീവൻ വെടിയുന്നത്.

ലോകത്തിന്റെ പാപം മുഴുവൻ ഏറ്റെടുത്തവൻ പാപത്തെ അതിന്റെ സർവ്വ ഭീകരതയോടുംകൂടെ സ്വന്തം ശരീരത്തിൽ അനുഭവിച്ചു. ധൂർത്തപുത്രന്റെ കഥയിലൂടെ അവതരിപ്പിച്ച പാപിയുടെ അനുഭവം യേശു സ്വന്തമാക്കി. പാപത്തിന്റെ പടുകുഴിയിൽ നിന്നെഴുന്നേറ്റ് പിതാവിന്റെ ഭവനത്തിലേക്കു യാത്രചെയ്ത ധൂർത്തപുത്രനെപ്പോലെ

ഇപ്പോൾ, ലോകത്തെ മുഴുവൻ ദൈവത്തോടു രമ്യപ്പെടുത്തിയ പുത്രൻ പിതൃസന്നിധിയിലേക്കു പ്രവേശിക്കുകയായി. ദൈവത്തിൽ നിന്നുവന്നവൻ തന്റെ ഉറവിടമായ പിതാവിലേക്കു മടങ്ങുന്നു.

സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ ഗുരുമൊഴി പിതാവുമായി ബന്ധപ്പെട്ടതായിരുന്നു. അതും ലൂക്കാ തന്നെയാണ് അവതരിപ്പിച്ചിരിക്കുന്നത്: *"ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?"* (ലൂക്കാ 2, 49). ആരംഭം മുതൽ അവസാനം വരെ യേശുവിനെ നയിച്ചിരുന്നത് പിതാവിനെക്കുറിച്ചുള്ള ചിന്തയായിരുന്നു. പിതാവിനോടുള്ള സംഭാഷണമായിരുന്നു അവന്റെ ജീവശ്വാസം. മറ്റു സുവിശേഷങ്ങളെക്കാൾ വളരെ കൂടുതലായി ലൂക്കാ യേശുവിന്റെ പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതിനാൽ അവസാനശ്വാസവും ഒരു പ്രാർത്ഥനയായിരുന്നു എന്നത് തികച്ചും സ്വാഭാവികമത്രേ.

*"ആത്മാവിനെ സമർപ്പിക്കുന്നു"* എന്നത് മരണത്തിന്റെ ഒരു വ്യാഖ്യാനമാകാം. എന്നാൽ അതിലുപരി പരിശുദ്ധാത്മാവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ഒരു സൂചനയും ഈ ഗുരുമൊഴിയിൽ കാണാനാവും. കന്യകാമറിയത്തിന്റെമേൽ പരിശുദ്ധാത്മാവ് ആവസിച്ചതോടെയാണ് യേശുവിന്റെ ജീവിതം ആരംഭിക്കുന്നത് (ലൂക്കാ 1, 35). പരസ്യജീവിതം തുടങ്ങുന്നതിന് ഒരുക്കമായി പരിശുദ്ധാത്മാവ് യേശുവിന്റെമേൽ വന്ന് അഭിഷേകം ചെയ്തു (ലൂക്കാ 3, 22; അപ്പ 10, 38). ആത്മാവിന്റെ ശക്തിയിലാണ് യേശു പ്രലോഭനങ്ങളിൽ വിജയം വരിച്ചതും സുവിശേഷം പ്രഘോഷിച്ചതും (ലൂക്കാ 4, 1-14; 10, 21) തന്റെ ദൗത്യം പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏല്പിക്കുന്നു. ഇനി

അങ്ങോട്ട് രക്ഷാചരിത്രത്തിൽ പരിശുദ്ധാത്മാവിന്റെ യുഗം ആരംഭിക്കുകയാണെന്നു പറയാം. അതിനാലാവണം പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ ശിഷ്യന്മാർ ജറുസലേമിൽത്തന്നെ വസിക്കണമെന്നും ആത്മാവിന്റെ ആഗമനത്തോടെ ശക്തിയാർജ്ജിച്ചു കഴിയുമ്പോൾ ലോകമെങ്ങും തനിക്കു സാക്ഷ്യം വഹിക്കണമെന്നും ഉത്ഥിതനായ നാഥൻ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നത് (ലൂക്കാ 24, 49; അപ്പ 1, 8).

യേശുവിനെ കർത്താവും രക്ഷകനുമായി അവതരിപ്പിക്കുന്നതോടൊപ്പം ശിഷ്യർക്ക് അനുകരിക്കാനുള്ള മാതൃകയായും ചിത്രീകരിക്കാൻ ലൂക്കാ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അതിന്റെ ഏറ്റം ഉത്തമമായ ഉദാഹരണം മരണത്തിന്റെ ഈ വിവരണത്തിൽ കാണാം. അമ്മയുടെ മടിയിൽ ഉറങ്ങുന്ന ശിശുവിനെപ്പോലെ ശാന്തമായി, പിതാവിന്റെ കരങ്ങളിലേക്ക് ഓടിയടുക്കുന്ന കുഞ്ഞിനെപ്പോലെ സന്തോഷപൂർവ്വം, പുതുജീവിതത്തിലേക്കു പ്രവേശിക്കലാണ് മരണം. യേശുവിന്റെ മരണം മരണത്തോടുള്ള ഭയം ഇല്ലാതാക്കുന്നു; മരണത്തെ പുതിയൊരു വെളിച്ചത്തിൽ കാണാൻ സഹായിക്കുന്നു. ജീവന്റെ ഉറവിടവും ക്ഷമിക്കുന്ന സ്നേഹസാഗരവുമായ പിതാവിന്റെ കരങ്ങളിലേക്കാണ് നാം മരിക്കുന്നത് എന്ന് യേശുവിന്റെ മരണമൊഴി നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ നമുക്കും പറയാൻ കഴിയണം *"പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു."*

# ഉപസംഹാരം

യേശുക്രിസ്തുവിന്റെ മരണത്തിന് പലകാരണങ്ങളും കണ്ടെത്താൻ കഴിയും; പല വ്യാഖ്യാനങ്ങളും നല്കാനും സാധിക്കും. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ അതിന്റെ യഥാർത്ഥമായ കാരണങ്ങളും അർത്ഥവും ഗ്രഹിക്കാൻ കഴിയൂ. ഒരു ഭാഗത്തുനിന്നു നോക്കുമ്പോൾ മനുഷ്യൻ ചെയ്ത ഏറ്റം വലിയ പാപമാണ് യേശുവിന്റെ കുരിശുമരണം. വിലക്കപ്പെട്ട കനി ഭുജിച്ച് ദൈവകല്പന ലംഘിക്കുകയും ദൈവത്തിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച് അകന്നു പോകുകയും ചെയ്ത മനുഷ്യൻ സഹോദരനെ വധിച്ചുകൊണ്ട് പാപത്തിൽ ആഴ്ന്നിറങ്ങി. മനുഷ്യനായി അവതരിച്ച ദൈവപുത്രനെ വധിച്ചുകൊണ്ട് പാപത്തിന്റെ ചരിത്രം ഉച്ചകോടിയിലെത്തി: "*ജീവന്റെ നാഥനെ നിങ്ങൾ വധിച്ചു*" (അപ്പ 2, 15). പാപത്തിന്റെയും മരണത്തിന്റെയും മൂലകാരണമായ തിന്മയുടെ ശക്തി, അഥവാ സാത്താൻ, ഗാഗുൽത്തായിൽ വിജയക്കൊടി പാറിച്ചു എന്നു തോന്നാം.

എന്നാൽ മറുഭാഗത്തു നിന്നു നോക്കുമ്പോൾ തികച്ചും വ്യത്യസ്തമായ ഒരു ചിത്രം തെളിയുന്നു. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിന്റെ പരമമായ പ്രകടനമാണ് യേശുവിന്റെ കുരിശുമരണം. പിതാവിന്റെ ഹിതത്തിനു പൂർണ്ണമായി സ്വയം സമർപ്പിച്ച ദൈവപുത്രൻ അർപ്പിച്ച ആത്മബലിയാണത്. ആദ്യമനുഷ്യന്റെ മാത്രമല്ല, സകല മനുഷ്യരുടെയും, പാപഭാരം സ്വന്തം ചുമലിൽ വഹിച്ച്, കുരിശിൽ മരിച്ചുകൊണ്ട് മനുഷ്യവർഗ്ഗത്തെ മുഴുവൻ പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നു മോചിപ്പിച്ച സംഭവമാണത്. "*നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേല്പിക്കപ്പെട്ടു.... അവന്റെ ക്ഷതങ്ങളാൽ നാം സുഖം പ്രാപിച്ചു*" (ഏശ 53, 5). പാപ

മില്ലാത്തവൻ പാപികൾക്കുവേണ്ടി അർപ്പിച്ച ആത്മബലി യിലൂടെ പാപത്തിന്റെയും മരണത്തിന്റെയും സാത്താ ന്റെയും മേൽ മനുഷ്യവർഗ്ഗത്തിനു വിജയം ലഭിച്ചു.

പ്രത്യക്ഷത്തിൽ പരാജയമെന്നു തോന്നിയത് യഥാർത്ഥത്തിൽ വിജയമായിരുന്നു. "*ഇപ്പോഴാണ് ലോക ത്തിന്റെ ന്യായവിധി. ഇപ്പോൾ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും*"(യോഹ 12, 31) എന്ന യേശുവചനം ഈ സത്യം ഉറപ്പിച്ചു പറയുന്നു. യേശുവിന്റെ മരണത്തിൽ വിജ യിച്ചു എന്നു കരുതിയ തിന്മയുടെ ശക്തി യഥാർത്ഥത്തിൽ പരാജയപ്പെടുകയായിരുന്നു. മരണത്തിന്മേൽ അധികാര മുള്ള പിശാചിനെ യേശു തന്റെ മരണത്താൽ നശിപ്പിച്ചു (ഹെബ്രാ 2, 15). ആയുധം ധരിച്ചു ഭവനത്തിനു കാവൽ നില്ക്കുകയും ഭവനത്തിലുള്ള സകലരെയും അടിമക ളാക്കി വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ശക്തനായ സാത്താനെ അവനേക്കാൾ ശക്തനായ ദൈവപുത്രൻ പരാ ജയപ്പെടുത്തിയ (ലൂക്കാ 11, 21-22) സംഭവമായിരുന്നു യേശുവിന്റെ മരണവും ഉത്ഥാനവും. അതുവഴി പാപ ത്തിന്റെ തടവറയിലും മരണത്തിന്റെ ഭീതിയിലും കഴിയു ന്നവർക്കു മോചനത്തിന്റെ പാത തുറന്നു.

സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നതിനു വേണ്ടി ഗോതമ്പുമണി നിലത്തു വീണഴിയുന്നതുപോലെയാണ് (യോഹ 12, 24) യേശു നമുക്കുവേണ്ടി മരിച്ചത്. ആടു കൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയന്റെ ആത്മദാ നമാണത് (യോഹ 10, 11), സ്നേഹിതർക്കു വേണ്ടി ജീവൻ ബലിയർപ്പിക്കുന്ന സ്നേഹത്തിന്റെ പരമമായ പ്രകടനം (യോഹ 15, 13). അതിനാൽ ഓരോ മനുഷ്യനും പറയാൻ സാധിക്കും: "*അവൻ എന്നെ സ്നേഹിക്കുകയും എനി ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്തു*" (ഗലാ 2, 20).

മനുഷ്യനെ അടിമയാക്കുന്ന സകലശക്തിക

ളെയും സംവിധാനങ്ങളെയും ദൈവം നിഷേധിക്കുന്നതിന്റെ ഏറ്റം വ്യക്തമായ അടയാളമാണ് യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും. തിന്മയെ നന്മകൊണ്ടും, വിദ്വേഷത്തെ സ്നേഹംകൊണ്ടും, സ്വാർത്ഥതയെ ആത്മത്യാഗം കൊണ്ടും, അഹങ്കാരത്തെ അനുസരണംകൊണ്ടും നേരിട്ടു കീഴടക്കിയ മഹത്തായ വിജയമാണത്. യേശുവിന്റെ മരണംവഴി അസത്യത്തിന്മേൽ സത്യവും അന്ധകാരത്തിന്മേൽ പ്രകാശവും മരണത്തിന്മേൽ ജീവനും വിജയം വരിച്ചു.

ആകാശത്തിനും ഭൂമിക്കും മധ്യേ ഉയർത്തിയ കുരിശിൽ വിരിച്ച കൈകളുമായി മരിച്ചവൻ ആകാശത്തെയും ഭൂമിയെയും തമ്മിൽ ബന്ധിച്ചു; മനുഷ്യനെയും ദൈവത്തെയും തമ്മിൽ രമ്യതപ്പെടുത്തി. സകല ജനതകളെയും തന്നിലേക്കാകർഷിച്ച് ദൈവമക്കളുടെ ഒറ്റ കുടുംബമാക്കി മാറ്റി. ഇനിമേൽ ആരും പരസ്പരം അന്യരല്ല. ശത്രുക്കളുമല്ല. സഹോദരങ്ങളാണ് - ഒരേ കുടുംബത്തിലെ അംഗങ്ങൾ, ഒരേ മരത്തിലെ ശാഖകൾ, ഒരേ ശരീരത്തിലെ അവയവങ്ങൾ. അവരെ ഒന്നിപ്പിക്കുന്നതും ദൈവത്തിന്റെ പൂർണ്ണതയിലേക്കു വളർത്തുന്നതും യേശുവിന്റെ ആത്മാവാണ് - ദൈവത്തെ അബ്ബാ, പിതാവേ, എന്നു വിളിക്കാൻ പ്രാപ്തരാക്കുന്ന പുത്രസ്വീകാര്യത്തിന്റെ ആത്മാവ്.

മനുഷ്യന്റെ മുമ്പിൽ അനന്തവിശാലമായ സാധ്യതയുടെ ചക്രവാളങ്ങൾ വിരിയിക്കുന്നതോടൊപ്പം വ്യക്തമായ വെല്ലുവിളികളും ക്രൂശിതനായ ക്രിസ്തു ഉയർത്തുന്നുണ്ട്. സത്യത്തിനും നീതിക്കും സാഹോദര്യത്തിനും വേണ്ടി സ്വയം ത്യജിക്കാൻ, സ്നേഹിതർക്കുവേണ്ടി ജീവൻപോലും നഷ്ടപ്പെടുത്താൻ, ക്രൂശിതൻ ആഹ്വാനം ചെയ്യുന്നു. നമുക്കായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം നമ്മെ അത്രമാത്രം സ്നേഹിച്ചെങ്കിൽ,

നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു (1 യോഹ 4, 10-11).

നമ്മെ ദ്രോഹിക്കുന്നവരോടു നിരുപാധികം ക്ഷമിക്കുമ്പോൾ, ആവശ്യം അനുഭവിക്കുന്നവരെ നഷ്ടം സഹിച്ചും സഹായിക്കാൻ സന്നദ്ധരാകുമ്പോൾ, ശത്രുക്കളെപ്പോലും സ്നേഹിക്കാൻ തയ്യാറാകുമ്പോൾ നാം ദൈവത്തിന്റെ മക്കളും ക്രൂശിതന്റെ സഹോദരങ്ങളും ആയി മാറുകയാണ്. നമ്മുടെ ദുഃഖങ്ങൾ ഏറ്റെടുക്കുകയും നമ്മുടെ വേദനകൾ വഹിക്കുകയും ചെയ്തവൻ നമ്മോടുകൂടെയുണ്ട്. അവൻ നമ്മുടെ മുമ്പേ പോകുന്നു, നമ്മുടെ ഉള്ളിൽ വസിക്കുന്നു- ശക്തിയായി, സ്വാന്തനമായി, പ്രകാശവും പ്രചോദനവുമായി. "*ഇതാ യുഗാന്തം വരെ, എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.*" (മത്താ 28, 20).

## Back Cover

എന്നും തർക്കത്തിന്റെ അടയാളമാണ് കുരിശ്, ഇടർച്ചയ്ക്കു കാരണവും. ഏതു വിധേനയും ഒഴിവാക്കേണ്ട ശിക്ഷയും ശാപവുമായി കുരിശ് പരിഗണിക്കപ്പെടുമ്പോൾ ക്രൂശിതനും ജീവിതത്തിൽ സ്ഥാനമില്ലാതാകുന്നു. സമൃദ്ധിയുടെ സുവിശേഷമാണ് എല്ലാവർക്കും ആവശ്യം. കുരിശില്ലാതെ കിരീടം നേടാൻ പ്രലോഭനം ശക്തിപ്പെടുമ്പോൾ നഷ്ടപ്പെടുന്നത് ക്രിസ്തീയരുടെ കാതലാണ്. കുരിശും ക്രൂശിതനും നല്കുന്ന രക്ഷാകര സന്ദേശത്തെക്കുറിച്ച്, ദൈവവചനത്തിന്റെ വെളിച്ചത്തിൽ നടത്തുന്ന ഈ അന്വേഷണങ്ങളും പരിചിന്തനങ്ങളും സുവിശേഷത്തിന്റെ അവഗണിക്കപ്പെടുന്ന കേന്ദ്രത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.